School went by in a blur. All everyone talked about was the concert by Sienna Sparks. She was the best young singer in the country and pretty much the only modern singer I liked. Upon reaching home, I was whisked away to get ready for dinner. I sat in an awfully tight dress, waiting patiently for the guests. “Via, meet Sienna Sparks.” Then I saw her, she flashed her perfect smile and began talking to me like I was her best friend. By the end of the dinner, we were practically besties. She spent the night at my house, where I shared my life’s struggles. “Via, I am here after all the similar struggles you faced. All I have to say is control your life.” She advised me. I spent all night thinking about Sienna’s advice and the next morning I ditched my cheerleading uniform.

As soon as the cheer squad saw me, their smiles turned into scoffs. I walked briskly past them, not even looking at them. I went straight to Bella and apologized to her. We reconciled with each other after many sobs. After school there was Sienna’s concert. Just before performing, Sienna pulled me over and I told her about the change in my lifestyle. She smiled and jumped onto the stage. During the performance, Jennie and Georgia showed off when Sienna gave them a high five. Just then everyone fell silent as Sienna stopped singing. “Could Olivia Martinez come up please?” She shouted. Bella squealed as I went up to the stage. The jealous faces of Layla, Jennie, and Georgia made me even happier.

A few weeks later... Olivia Martinez is a 16-year-old girl who is living her life the way she wants to. She is the trainee lawyer and manager of Sienna Sparks and is travelling the world with her. Her best friend Bella is also with them. Olivia’s life is amazing now. I closed my diary and plugged in my headphones, whilst looking out the plane window on my way to Los Angeles.

*Jovana is a year 8 student at the Sancta Maria College. She is a singer, dancer and writer. She enjoys reading fictions as well as biographies. She is aspiring to be a Scientist.*

# Ernakulam Kings Clinch Kerala Premier League Title in Spectacular Showdown at Eden Park

Cricket, Community, and Culture Shine in Auckland's Grand Finale





Cricket fans were treated to an electrifying contest as the Kerala Premier League (KPL) marked its fifth anniversary with a dazzling final at Auckland's famed Outer Oval, Eden Park. The prestigious tournament, a jewel in the crown of New Zealand's Malayalee community, saw the Ernakulam Kings storm to victory over arch-rivals Thiruvananthapuram Little Masters, capping off a season filled with passion and pride.

KPL, launched to deliver top-tier cricketing action to the Malayalee diaspora, has grown in stature through strong partnerships with the Auckland Cricket Association, Eden Roskill Cricket Club, Ellerslie Cricket




Club, and cricket giants Kookaburra and Omtex as key sports and apparel partners. This year's edition was a testament to that vision, featuring eight franchise teams representing Kerala's iconic districts, all assembled via a thrilling player auction.

The journey to the final was no cakewalk, with intense group-stage clashes at Keith Hay Park in Mt Roskill drawing enthusiastic crowds. The top four teams earned their playoff berths, battling it out at Ellerslie Cricket Club on March 16th to set up the grand finale.

In front of a buzzing crowd at Eden Park Outer Oval, the Ernakulam Kings set the stage ablaze with a formidable total of 186 for 3 in their 20 overs. Batters Santosh Iyer and Jithin Ramachandran dazzled the spectators, each hammering stylish half-centuries to put their team firmly in the driver's seat. Chasing 187, Thiruvananthapuram Little Masters started with intent but were left reeling by a fiery spell from Ernakulam's Nidhin Raj. The spinner ripped through the opposition, returning match-winning figures of 4 for 15 and halting the chase at 140 all out.

The atmosphere was electric as dignitaries Ian Francis, CEO of Auckland Cricket Association, and Carlos Cheung, Member of Parliament for Mt Roskill, honoured the event as chief guests, underscoring its importance to both the Kerala community and Auckland's wider sporting scene.

Kripa Financial Solutions, the tournament's title sponsor, was represented by director Mrs. Simi Sethu, who presented the championship trophy and prize money to the jubilant Ernakulam Kings. Elizabeth M from Ray White had the honour of awarding the runners-up trophy to the spirited Thiruvananthapuram Little Masters.

The KPL's significance extends beyond the boundary ropes, uniting Auckland's Kerala community in a celebration of sporting excellence, culture, and camaraderie. As the 2025 edition concluded, players and fans alike reflected on a season brimming with unforgettable moments and collective pride.

With the cheers still echoing across Eden Park, the Kerala Premier League has once again proved itself as a beacon of unity and sporting spirit, promising even greater excitement for years to come.

# kids art









**Aiden Jimmy**

*Aiden Jimmy is a year 2 student at Holy Coss Catholic School*



**Daniel**
Abraham Sijo

*Daniel Abraham Sijo is a 10-year-old student at Mt. Albert Primary School, Auckland. First prize winner in the painting competition at the AMS Kalolsavam.*







**Manisha**

*Manisha is a Year 6 student at Three Kings School who loves painting and exploring creative arts. She enjoys music and playing with her bunnies.*



**Ameya Nair**

*Ameya Nair: A student of year 9 who has a passion for painting and drawing*














**Daveed Ipe**

*Daveed Ipe is a student in Henderson north school. His hobbies are drawing, reading books and playing with building blocks*



**Ima Treesa Ebby**

*Ima is a year 4 student at Holy trinity catholic school; interested in painting, pencil drawings and crafts.*







**Johana Diljith**

*Johana Diljith is a creative and joyful 9-year-old student at Good Shepherd School who enjoys drawing, singing, and reading.*



**Kyra Krish Lijo**

*Kyra Krish Lijo is a year 2 student in Oratia district school.*








**Niharika**

*Niharika is a year 10 student in Mt. Roskil Grammar School.*

# kids art

# kids art



**Jan Liz Lal**

*Jan is a year 1 student at St Anne's Catholic School, Manurewa who loves colouring, dancing, mimicking & playing badminton.*





**Izza Mary Paul**

*Izza Mary Paul is a year 1 student at Kaurilands Primary School ,Glen Eden*











**Manav Sams**

*Manav Sams is a year 4 student in Blockhouse Bay Primary School. His hobbies are swimming, football, painting and Pokemon TCG*






Saan is year 1 student at St. Ann's Catholic School, Manurewa

**Saan Alexin Sabi**



**Eva Mariam Dipu**

*Eva is year 6 student at Colwill School, Massey*









**Akkira P Sreekanth**

*Akkira P. Sreekanth is a year 3 student in Glen Eden Primary School*



**Jovanna Suzane Joby**



**Esha Ann Paul**

*Esha Ann Paul is a year 6 student at Kaurilands School, Glen Eden*













**Ilene Ann Ebby**

*Ilene is a year 9 student in Mt Albert Grammar School; interested in painting, pencil drawings and dance.*

കഥ



സാബു
ഹരിഹരൻ

# അവറാച്ചന് പറയാനുള്ളത്

'അന്നാമ്മോ...'
'എന്തോ...'
അന്നാമ്മ പതിവു പോലെ നീട്ടി വിളി കേൾക്കുന്നത് അവറാച്ചൻ കേട്ടു.
'അന്നക്കുട്ടിയേ...'
ആ വിളി കേട്ട് അന്നാമ്മ അത്ഭുതത്തോടെ നോക്കുന്നത് അവറാച്ചൻ കണ്ടു.
'നീ വിചാരിക്കണൊണ്ടാവും എന്നാത്തിനാ ഞാൻ അന്നക്കുട്ടീന്ന് വിളിക്കണേന്ന്...
എനിക്കിപ്പോ നിന്നെ അന്നക്കുട്ടീന്നെ വിളിക്കാൻ തോന്നണുള്ളൂ...പണ്ട് ഞാനങ്ങനെ അല്ലാരുന്നോ വിളിച്ചിരുന്നെ?...പിന്നെ അന്നാമ്മേന്നായി...വേണ്ട... അന്നക്കുട്ടിയാ നല്ലത്...ഞാനിനി അങ്ങനേ വിളിക്കൂ...'
'എടിയേ...ഇന്നെനിക്ക് നിന്നോട് ഒത്തിരി പറയാനുണ്ട്'
അന്നാമ്മ പതിവു പോലെ ശബ്ദമുണ്ടാക്കാതെ ചിരിക്കുന്നത് കണ്ടു.
'ഒത്തിരി...എന്നു വെച്ചാ ഒത്തിരിയൊത്തിരി... നമ്മടെ കെട്ട് കഴിഞ്ഞു വന്ന രാത്രി നമ്മള് വെളുക്കെ വെളുക്കെ സംസാരിച്ചോണ്ടിരുന്നി ല്ലെ?...അതു പോലെ...'
അവറാച്ചൻ തയ്യാറെടുത്തു. ശ്വാസമെടുത്തു. ഉമിനീരിറക്കി.
'നീ വിചാരിക്കും ഇപ്പോ ഇതിയാന് വട്ടായോന്ന്! ഇല്ല അന്നക്കുട്ടി...എനിക്ക് ഇപ്പോഴും നല്ല ബോധോണ്ട്... നിനക്കറിയാലോ...കശുമാങ്ങയിട്ട് വാറ്റിയത് കുടിച്ചാലും ഈ അവറാച്ചൻ ഇങ്ങനെ പോസ്റ്റും തൂണ് പോലെ നിവർന്നു തന്നെ നില്ക്കും!'
'നീ എന്നാത്തിനാ ചിരിക്കുന്നെ'?...ഇന്ന് ഞാൻ കുടിച്ചിട്ടൊന്നുമില്ല...അല്ല...ഇപ്പോ പഴേ പോലെ... കുടിക്കാനൊന്നും വയ്യെടി...അല്ലേലും നീ വാറ്റിയതി ന്റെ സ്വാദൊന്നും നമ്മടെ ജോയിയോ ജോണിയോ കൊണ്ടു വരുന്ന വരത്തൻ സാധനത്തിനില്ല!'

അവറാച്ചൻ കണ്ണിറുക്കി.

അവറാച്ചൻ അന്നാമ്മയുടെ മുന്നിൽ മുട്ടുകുത്തി നിന്നു.
'നീ ഇങ്ങനെ നോക്കണ്ട, ഞാൻ മുട്ടുകുത്തി തന്നാ നിക്കുന്നെ...കുമ്പസാരിക്കാനൊന്നുമല്ല കേട്ടോ... പള്ളീലച്ചന്റെ മുന്നി പോലും ഞാൻ മുട്ടുകുത്തി നിന്നിട്ടില്ല. കുമ്പസാരിക്കാനൊട്ട് തോന്നീട്ടുമില്ല... അതിന് ഈ അവറാച്ചനെ കിട്ടൂല്ല! ഹല്ല പിന്നെ...!'
'പക്ഷെ എനിക്ക് നിന്നോട് ഒത്തിരി പറയാനുണ്ട്... ഒത്തിരീന്നു വെച്ചാ പണ്ടു ചന്തേല് നമ്മടെ ജീപ്പിൽ കൊണ്ടോയി കപ്പ വിറ്റേച്ച് വന്ന് നിന്നെ ഞാൻ കാട്ടി തരാറില്ലെ, പെട്ടി നിറയെ കാശ്! ഏതാണ്ട് അത്രേം പറയാനുണ്ട്!'
'നീ ഇപ്പൊ വിചാരിക്കും പെട്ടെന്ന് എന്നതാ ഇച്ചായനു ഇങ്ങനൊക്കെ പറയാൻ തോന്നണേന്ന്... അല്ലെ?...ഞാൻ കണ്ടെടീ നമ്മടെ പഴേ ഏലിയേ... നിനക്ക് ഓർമ്മയില്ലെ മെലിഞ്ഞ ഏലിയാമ്മ... എലീടെ വാല് പോലെ മുടിയൊള്ള...എന്ന് നീ സ്വകാര്യമായി പറയാറില്ലെ?...അവളെ...പെരുന്നാളി ന് പോയപ്പൊ കണ്ടതാ...അവള് പിന്നേം ക്ഷീണിച്ചു.



മുടിയൊക്കെ നരച്ചു...തൊലിയൊക്കെ ചുളിഞ്ഞു... ഇപ്പൊ കണ്ടാ ആരും അറിയുകേല...അമ്മാതിരി ആയി പോയി...പക്ഷെ എനിക്ക് കണ്ടയൊടൻ മന സ്സിലായി...അതങ്ങനാ...ഈ അവറാച്ചൻ ഒറ്റ തവണ കണ്ടാ...പിന്നെ മറക്കത്തില്ല...നിനക്കറിയാല്ലോ അത്?... അവളിപ്പോ വല്ല്യ പത്രാസ്സൊക്കെ ആയി പോയി. അവടെ കെട്ടിയോൻ ഒന്നു രണ്ടു വർഷം മുന്നെ പോയെന്ന്...അറ്റാക്കാരുന്നെന്ന്...പോട്ടെ... അവൾടെ ഇളയമോനിപ്പോ അമേരിക്കാലോ യൂ റോപ്പിലോ എങ്ങാണ്ടാ...ആ...പേരും മറന്നു പോയി ...ആ ചെക്കൻ ഇപ്പോ അവളെ അങ്ങോട്ടു കൊണ്ടു പോവാൻ എപ്പോഴും വിളിക്കുവാന്ന്...നിന്നെ കുറിച്ച് ചോദിച്ചു...ഞാനൊക്കെ പറഞ്ഞും കൊടുത്തു... അവളൊന്നും പറഞ്ഞില്ല...ഇനി ഞാൻ ഒരു കാര്യം അങ്ങോട്ട് പറയട്ടാ?...നീ ഒന്നും വിചാരിക്കുകേലാന്ന് വിചാരിക്കുവാ... പണ്ട് നീ ജോയിക്കുട്ടിയെ വയറ്റി ലിട്ടോണ്ട് നടന്നില്ലെ?...അന്നേരമാണല്ലോ അവള് വീട്ടില് കൈസഹായത്തിന് വന്നത്...എനിക്ക്... അന്ന്...അവളുമായി ചില എടപാടുകള് ഒണ്ടാരുന്ന്... നീ ഇങ്ങനെ എന്നെ സൂക്ഷിച്ചു നോക്കുവൊന്നും വേണ്ട...ഞാൻ നൊണ അല്ല പറയണത്...'
അതും പറഞ്ഞേച്ച് അവറാച്ചൻ മുഖം കുനിച്ചു.

'നീ കേക്കണൊണ്ടാ ഞാൻ പറയണത്?'
അന്നാമ്മ മൂളുന്നത് കേട്ട് അവറാച്ചൻ പിന്നേയും പറഞ്ഞു തുടങ്ങി.
'നീ വീട്ടിലേക്ക് പോണതിന് തലേന്ന് ഞാൻ കിണറ്റുംകരേല് കാല് വഴുക്കി വീണില്ലെ?...അതിനു നീ കൊറെ കോഴിനെയ്യ് പൊരട്ടി തന്നില്ലെ?... നേര് പറഞ്ഞാ...ഞാൻ വീണതൊന്നുമല്ലാരുന്നു... ചുമ്മാതാ...എന്നിട്ട് എന്റെ കാറല് കണ്ട് പാവം നീ ഒറക്കമെളച്ച്...വയ്യാത്ത വയറും വെച്ച് കാല് തിരുമ്മി തന്നു...ഒക്കെ ചുമ്മാതായിരുന്നു... എനിക്കന്ന് പാവം തോന്നീന്നത് സത്യം...പക്ഷെ ഏലിയെ ഓർത്തപ്പോ...'
'പാവം...നീ കണ്ണും നെറച്ച് എന്നെ വിട്ടേച്ച് വീട്ടിലേക്ക് പോയില്ലെ?...ഏലിയെ എന്നെ നോക്കാൻ വിട്ട്... നീ പോവുമ്പം ഞാനന്ന് കെടക്കേന്ന് എണ്ണീറ്റില്ല... കാല് വയ്യാന്നും പറഞ്ഞ് കെടന്ന്...ഇച്ചായൻ കെടന്നോ...എണ്ണീക്കണ്ടാന്നും പറഞ്ഞ് നീ അങ്ങ് പോയി...'
'ഇന്നെനിക്ക് കരച്ചില് വരണെടീ...പാവം നീയ്... എനിക്ക് കരഞ്ഞിട്ട് കണ്ണ് നീറുന്നെടീ..ഇങ്ങനെ നോക്കി നിക്കാണ്ട് ഒന്നു തൊടച്ചെങ്കിലും താടീ...'

അവറാച്ചൻ മുഖം കുനിച്ചിരുന്നു.

'നീ അറിയാത്ത ഒന്നൂടി ഒണ്ട്...നീ വരും മുൻപേ ഏലിയേ പറഞ്ഞു വിട്ടില്ലെ?...നിന്റെ ആ പഴേ കല്ലു വെച്ച മോതിരമില്ലെ?...അത് ഞാൻ തന്നെ അവക്ക് കൊടുത്തതാ...അവൾടെ വയറ്റില് കൊച്ചൊണ്ടെന്ന് പറഞ്ഞപ്പോ ഞാൻ തന്നെ എടുത്തു കൊടുത്ത താ...എന്നിട്ട് നീ വന്നപ്പോ ആ മോതിരം അവള് കട്ടോണ്ട് പോയതാവും എന്നു പറഞ്ഞില്ലെ?... നിനക്ക് ഒത്തിരി ഇഷ്ടായിരുന്നില്ലെ അത്?...അതു പോലൊന്ന് നിനക്ക് വാങ്ങിത്തരാന്ന് വിചാരിച്ചതാ... പിന്നെ വിട്ടു...നീ അതൊട്ട് ചോദിച്ചതുമില്ല..അല്ലെ തന്നെ നിനക്ക് എന്നാത്തിനാ ഈ പൊന്നൊ ക്കെ?...നിനക്ക് അതൊന്നും ഒരുകാലത്തും പിടിക്കത്തില്ലായിരുന്നല്ലോ...'
'ഏലി ആ കൊച്ചിനെ എന്നാ ചെയ്തെന്ന് എനിക്ക റിയാമേല...സത്യായിട്ടും അറിയാമേല..ചെലപ്പോ പെറ്റു കാണും...ചെലപ്പോ കൊന്നു കളഞ്ഞു കാണും...അവളെ കണ്ടപ്പോ ഒന്നും ചോദിക്കാൻ തോന്നീല്ല...അവളൊന്നും പറഞ്ഞുമില്ല...'
'നീ വിചാരിക്കും ഇതിനാണൊ ഈ മുട്ടുകാലേ നിന്ന് ഒക്കെ പറഞ്ഞതെന്ന്...'
'അല്ല അന്നക്കുട്ടി...ഇനീം ഒണ്ട്...'
അവറാച്ചൻ ഒരു ദീർഘശ്വാസമെടുത്തു.
'എനിക്കിനി പറയാനുള്ളത് നിന്റെ കൂടപ്പിറപ്പില്ലെ?... മത്തായി...അവനെ കുറിച്ചാ...അവന്റെ പെമ്പ്രാ ന്നൊര്...മോളിയില്ലെ?...അവളെ കുറിച്ചാ...'
'നീ ഇങ്ങനെ കണ്ണും മിഴിച്ച് നോക്കണ്ട...ഒക്കേം അവന്റെ പിടിപ്പുകേടാ'
'ഞാനും അവനും കൂടാ കുന്നേലുള്ള നൂറ്റമ്പതേക്കറിനു പണം കൂട്ടിയത്. അവനെവി ടുന്നൊക്കെയോ, ആരോടൊക്കെയോ ചോദിച്ച്, എങ്ങാണ്ടുന്നോ പണം കൊണ്ടു വന്നു. മോളിയറി യാതെ അവൾടെ പേരില് വാങ്ങിക്കാനാ...പക്ഷെ അതിനു മുന്നെ അവൻ ചൊരത്തില് ജീപ്പ് മറിഞ്ഞ് മരിച്ചില്ലെ?...നീ വിചാരിക്കണ പോലെ അല്ല...കർ ത്താവാണെ എനിക്കതേല് ഒരു പങ്കുമില്ല...പക്ഷെ മോളിയോട് പറയാതെ ഞാനാ തോട്ടമങ്ങ് വാങ്ങി... ഇപ്പൊ നമ്മടെ ജോയിക്കുട്ടി നോക്കണ തോട്ടം... കടക്കാര് വന്ന് മോളിയെ ചീത്ത പറഞ്ഞപ്പോഴും നീ കൈയ്യയച്ച് സഹായിക്കാൻ പറഞ്ഞപ്പോളും ഞാൻ ചെവി കൊടുത്തില്ല...നീ അന്നു മുഴുക്കേം കരച്ചിലും പിഴിച്ചിലും ആരുന്നല്ലോ...എന്നിട്ടും ഞാൻ കൊടുത്തില്ല...ഒരു നയാ പൈസ പോലും...'
'കൊടുക്കാരുന്നു...ഒക്കെ കൊടുക്കാരുന്നു... ഞാനത്ര ദുഷ്ടനാരുന്നൂന്ന് എനിക്കറിയാൻ മേലായിരുന്നു അന്നക്കുട്ടി...നീ അന്നു തലേ കൈയ്യും വെച്ചു കരഞ്ഞു വിളിച്ചതാ...ഞാൻ കേട്ടില്ല...കേക്കാരുന്നു...പാവം മോളി...അവള് പിന്നെ കെട്ടുതാലീം വിറ്റ്, വീടും വിറ്റ് പിള്ളേരെം കൊണ്ട് പോയി...പാവങ്ങള്...വേണ്ടാരുന്നു...'
'ഇക്കണ്ട സ്വത്തും പറമ്പുമൊക്കെ കൂട്ടി വെച്ചിട്ട് എന്നാത്തിനാടി..തമ്പുരാൻ വിളിക്കുമ്പോ കൂടെ കൊണ്ടു പോവാൻ പറ്റുവോ?...നീ എന്നാ ഒന്നും മിണ്ടാത്തെ?...ഇന്നലേം ഞാൻ മത്തായീയെ കണ്ടു... കിനാവില് വന്ന് കൈ കൂപ്പി പിടിച്ച് കരയുവാ... ഞാൻ എന്നാ പറയാനാ?'
അവറാച്ചൻ വീണ്ടും മുഖം കുനിച്ചിരുന്നു.

'ഇനീം ഒണ്ടെടീ പറയാൻ...
നമ്മടെ എളെ മോള്...ഗ്രേസി മോള്...അവൾടെ പൊറകെ ഒരുത്തൻ നടന്നില്ലെ?...അവനെ ഞാനാ നമ്മടെ പിള്ളേരെ വിട്ട് തല്ലിച്ചെ...അവന്റെ വീട് കത്തിക്കും എന്നു പറഞ്ഞ് ഒടുക്കം അവനെ കൊണ്ട് അവളെ തള്ളി പറയിച്ചതും ഞാനാ അന്നക്കുട്ടീ...അന്നാ ചെറുക്കൻ കാലു പിടിച്ച് പറഞ്ഞതാ...പൊന്നു പോലെ നോക്കികൊള്ളാന്ന്... പാവം...നമ്മടെ മോള് വെളുക്കെ വെളുക്കെ ഇരുന്ന് നെഞ്ചത്തടിച്ച് കരഞ്ഞ്...അവൾക്ക് കാര്യമൊന്നും അറിയികേലല്ലോ...അവളെ ദുബായിക്കാരനെ കൊണ്ട് കെട്ടിച്ചതും പറഞ്ഞ് ഞാൻ കൈയ്യും വീശി കവലെ കൂടെ കൊറെ നടന്നതാ...എന്നിട്ടിപ്പോ ദാ.. ബെന്തോം വിടുവിച്ചേച്ച്...രണ്ട് പിള്ളേരേം കൊണ്ട് വീട്ടി വന്നു നില്ക്കണ്...അന്ന് ഞാൻ അവൾടെ ഇഷ്ടത്തിനു വിട്ടിരുന്നേല് ഇപ്പോഴും സന്തോഷാ യിട്ട് നമ്മടെ കൊച്ച് കഴിഞ്ഞേനെ...എന്നാത്തിനാ അന്നക്കുട്ടീ...ഞാനീ പാപോക്കെ ചെയ്തത്?... എന്നാത്തിനാ?...എനിക്കറിയാമേല...എനിക്കൊന്നും അറിയാമേല...നിനക്കറിയോ?...അറിയോ അന്നക്കു ട്ടി?...നീ അന്നും പറഞ്ഞതാ...അവൾടെ ഇഷ്ടത്തിനു കെട്ടു നടത്തി കൊടുക്കാൻ...ഞാൻ കേട്ടില്ല... പാവം നമ്മടെ ഗ്രേസി മോള്...അവളെത്ര തീ തിന്നു കാണും...'
'നീ എന്താ ഒന്നും മിണ്ടാത്തെ?...വല്ലതും പറയെടീ... എന്തേലും ഒന്നു പറ...ഇച്ചായനെ എന്തേലും ഒന്നു പറ...ഒന്ന് വഴക്കു പറയേടീ...'
കുറെ കഴിഞ്ഞ് കണ്ണും മുഖവും, വെളുത്ത ഖദറ് ജുബ്ബയുടെ തുമ്പ് കൊണ്ട് തുടച്ച ശേഷം അവറാ ച്ചൻ പറഞ്ഞു,
'നീ വിചാരിക്കണൊണ്ടാവും എന്നാത്തിനാ ഇച്ചാ യൻ ഒക്കെയും ഇപ്പൊ പറയണതെന്ന്...'
'വയ്യേടീ വയ്യ...ഇന്നലെ ചെറുതായി നെഞ്ചൊന്നു നൊന്തു...ആരോട് പറയാനാ...പറഞ്ഞിട്ട് എന്നാ ത്തിനാ...വെറുതെ കെടന്നപ്പോ...ഒക്കേം വെറുതെ ഓർത്തു...'

'നമ്മടെ ജോയീന്റെ മോള്...അവളിപ്പോ ഡോക്ടറിനു പഠിക്കുവല്ലെ?...അവളിന്നാള് വന്നപ്പോ പറയുവാ...



വല്ല്യപ്പച്ചാ...ഇപ്പൊ മനുഷ്യരുടെ ശരീരം കീറി പഠിക്കുവാന്ന്...പഠിക്കാനും പഠിപ്പിക്കാനും പിന്നെ കൊഴല് വെച്ച് നോക്കാനും ഒക്കെ ശരീരം വേണോന്ന്...അപ്പോ തോന്നിയതാ...ഞാൻ ചത്തു കഴിഞ്ഞേച്ച് ഈ തടി അങ്ങ് കൊടുത്തേക്കാന്ന്... ഇത്രേം കാലം ജീവിച്ചേച്ച് ഗുണോന്നും ഒണ്ടായില്ല... ചത്തു കഴിഞ്ഞാലേലും ആർക്കേലും എന്തേലും... എന്നാ ആയാലും ഒടുക്കം ഈ തടി മണ്ണി പോവാനൊള്ളതല്ലേ...'

'ഒരു കടലാസേല് അതെഴുതി അപ്പൊ തന്നെ എന്റെ കുപ്പായത്തിന്റെ കീശേലിട്ടു'

അവറാച്ചൻ ബദ്ധപ്പെട്ട് പോക്കറ്റിൽ നിന്നും നാലായി മടക്കിയ കടലാസ്സെടുത്ത് നിവർത്തി കാണിച്ചു.

'കണ്ടാ..നീ കണ്ടാ...ഇതേല് എല്ലാം എഴുതീട്ടുണ്ട്... ഇനി അങ്ങ് കണ്ണടച്ചു കിട്ടിയാ മതി...'

'അന്നക്കുട്ടീ...ഇതേലും ചെയ്തില്ലെ പിന്നെ ഈ കണ്ട നാളൊക്കെ ജീവിച്ചേച്ച്...വെറുതെ അങ്ങ് പോണ പോലെ ആയി പോവും...അല്ലിയോ?'

'നീ എന്താ ഒന്നും പറയാത്തെ?...ഒന്നും പറയാനില്ലെ?'

അന്നാമ്മ പതിയെ ചിരിക്കുന്നത് അവറാച്ചൻ കണ്ടു.

മിന്നുകെട്ടി കൊണ്ടു വന്നപ്പോൾ കണ്ട പോലെ, കവിളിൽ നുണക്കുഴി തെളിയും വിധം ചിരിക്കുന്നത് അവറാച്ചൻ കണ്ടു.

അന്നേരമത്രയും ജീപ്പിലിരുന്ന ജോയി, അക്ഷമനായി വാച്ചിൽ നോക്കി കൊണ്ട് പറഞ്ഞു,

'എടാ, റോണി... നീ പോയൊന്നു അപ്പച്ചനെ വിളിച്ചോണ്ട് വന്നേടാ...കൊറെ നേരമായില്ലെ?...ഈ വയസ്സ് കാലത്ത് ഇതിനും മാത്രം എന്നാ പറയാനാ?'

'വേണോ ഡാഡി...വല്ല്യപ്പൂപ്പ ഡിസ്റ്റർബ് ചെയ്യരുതെന്നല്ലെ പറഞ്ഞത്?'

'എന്നും പറഞ്ഞ്...ഇത്ര നേരോ...എനിക്ക് ചെന്നേച്ച് മാനേജറിനെ കാണാനുള്ളതാ...പിന്നെ നമ്മടെ സണ്ണിക്കുട്ടി യു എസ്സേന്ന് വരുന്നതാ...അവനെ ഒന്ന് ചെന്ന് കാണണ്ടായോ?'

വഴക്ക് പേടിച്ച് റോണി ജീപ്പിൽ നിന്നിറങ്ങി നടന്നു. ചെല്ലുമ്പോൾ കണ്ടു, വല്ല്യപ്പൂപ്പ പതിവില്ലാതെ മുട്ടുകുത്തി നില്ക്കുന്നത്. അടുത്ത് ചെന്നപ്പോൾ കണ്ടു, 'അന്നാമ്മ'എന്നെഴുതി വെച്ച കല്ലറയുടെ മുകളിൽ പാകിയ, തണുത്ത മാർബിളിൽ നെറ്റിയമർത്തി ഇരിക്കുന്നത്. വലതു കൈയ്യിൽ നിവർത്തിയ ഒരു കടലാസ്സ്.

റോണി ചെന്നു വിളിച്ചു. വിളി കേൾക്കാത്തത് കൊണ്ട് അവൻ അടുത്തേക്ക് ചെന്ന് ചുമലിൽ കൈ വെച്ച് കുലുക്കി വിളിച്ചു.

സാബു ഹരിഹരൻ: ഐ. ടി. ഫീൽഡിൽ ജോലി. തിരുവനന്തപുരം സ്വദേശി. ഭാര്യ: സിന്ധു; മകൻ: നന്ദൻ. വായന, എഴുത്ത്, യാത്ര, ഭക്ഷണം എന്നിവയിൽ കമ്പം. ദേശാഭിമാനി, കേരള കൗമുദി, മാതൃഭൂമി, ജനയുഗം, കേരളകൗമുദി, ചന്ദ്രിക, കേരളഭൂഷണം തുടങ്ങിയ ആനുകാലികങ്ങളിൽ കഥകൾ പ്രസിദ്ധീകരിച്ചു വന്നിട്ടുണ്ട്. ഇതുവരേയും മൂന്ന് കഥാസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചു.l. 'നിയോഗങ്ങൾ' (പൂർണ്ണ),2. 'ഉടൽദാനം' (സൈകതം)3. 'ഓർവ്വ്" (ധ്വനി ബുക്സ്). നന്മ- സി വി ശ്രീരാമൻ സ്മാരക കഥാമത്സരം 2020 ഒന്നാം സമ്മാനം ലഭിച്ചു.



# അശ്വത്ഥാമാവിന്റെ തത്വവിചാരം

പുരാണം



**കെ. മംഗളകുമാരി**

രുക്ഷേത്ര യുദ്ധഭൂമിയുടെ തെക്കേ അറ്റത്തുള്ള സ്യമന്ത പഞ്ചക തീർത്ഥത്തിന്റെ തീരത്ത്, ഭീമന്റെ അധാർമ്മികമായ ഗദായുദ്ധത്തിൽ ചതഞ്ഞരഞ്ഞ ശരീരവുമായി ദുര്യോധനൻ മൃത്യുവിനെ പ്രതീക്ഷിച്ചുകിടക്കുന്നു എന്ന വാർത്ത കേട്ട് കൗരവ സൈന്യത്തിലെ മൂന്നുപേരായ കൃപരും, കൃതവർമ്മാവും, അശ്വത്ഥാമാവും (ഞാൻ) അവിടേക്കു പാഞ്ഞെത്തി. സമയം സന്ധ്യ കഴിയാറായിരുന്നു. അസ്തമയ സൂര്യന്റെ രശ്മികൾ, ദുര്യോധനനിലെ പിണർത്തുകിടക്കുന്ന രക്തക്കട്ടകളെ കൂടുതൽ ഭീകരമാക്കി. ഹസ്തിനപുരത്തിന്റെ യുവരാജാവ്, ആരുടേയും മുന്നിൽ ശിരസ്സ് കുനിച്ചിട്ടില്ലാത്തവൻ, പ്രൗഢവും പാരുഷ്യവും ധാർഷ്ട്യവും ഗാംഭീര്യവും നിറഞ്ഞ ആ മുഖഭാവം, ഇന്ന് വാടിത്തളർന്ന് ആരിലും ദീനതയുളവാക്കുന്ന രീതിയിൽ വിശ്രമിക്കുന്നു! കാലത്തിന്റെ വികൃതി; മാറ്റങ്ങൾ

കാലത്തിന്റെ സഹജസ്വഭാവമാണല്ലോ.
"യുവരാജാവേ, കൗരവസേനയിലെ ശേഷിച്ച മൂന്നു പേർ അങ്ങയെ പ്രണമിക്കുന്നു". ഞാനാണ് അത് പറഞ്ഞത്. കരിനീല നിറമാർന്ന കൺപോളകൾ പതിയെ തുറന്നുകൊണ്ടു ദീനമായ സ്വരത്തിൽ ദുര്യോധനൻ ചോദിച്ചു, "ഭീഷ്മപിതാമഹനും, ഗുരു ദ്രോണരും, ആത്മമിത്രം കർണ്ണനും എന്റെ വിശ്വാസം തകർത്തു കളഞ്ഞല്ലോ! എന്റെ യശസ്സ് ഉയർന്നുനിൽക്കാൻ അങ്ങേക്കും എന്നെ സഹായിക്കുവാൻ കഴിയില്ലേ?" ആ ചോദ്യം, എന്റെ ഹൃദയത്തിന്റെ അന്തരാളത്തിലാണ് തറച്ചത്. ഹസ്തിനപുരത്തിന്റെ ഉപ്പും ചോറും തിന്നു പുഷ്ടിപ്രാപിച്ച എനിക്ക് മറ്റൊന്നും ചിന്തിക്കുവാനാകുമായിരുന്നില്ല.

ഞാൻ പറഞ്ഞു, " യുവരാജാവേ, നാളെ പുലരും വരെ ജീവൻ പിടിച്ചുനിർത്താൻ അങ്ങേയ്ക്കു ആകുമോ? പുലരും മുൻപ് അങ്ങ് ആഗ്രഹിക്കുന്ന 'പാണ്ഡവനാശം' എന്ന ശുഭ വാർത്തയുമായി ഞാൻ വരുന്നതാണ്. പാണ്ഡവകുലം മുച്ചൂടും മുടിച്ചു ഞാൻ തിരികെ വരാം, അങ്ങയുടെ യശസ്സിനായി". അത് കേട്ടപ്പോൾ, യുവരാജാവിന്റെ കരിനീലിച്ച ആ കൺപോളകളിൽ ഒരു തിളക്കം ഞാൻ കണ്ടു.

തെല്ലൊരു ദുഃഖത്തോടെയും, അതിലേറെ രോഷത്തോടെയും ഞാൻ മറുപടി നൽകി. "ജീവിതം മുഴുവൻ പാണ്ഡവരെ ഭയന്ന് ജീവിച്ച എന്റെ മിത്രം ദുര്യോധനൻ, 'പാണ്ഡവനാശം' എന്ന അദ്ദേഹത്തിന്റെ ഒരേയൊരാഗ്രഹം ബാക്കിവെച്ചു മരിക്കുന്നതായാൽ, മരണശേഷവും അദ്ദേഹ ത്തിന് സ്വസ്ഥത ലഭിക്കുന്നതല്ല. 'പാണ്ഡവനാശം' എന്ന ആഗ്രഹപൂർത്തീകരണത്തിലൂടെ എന്റെ ആത്മമിത്രത്തിനു വീരസ്വർഗം പ്രാപിക്കാൻ കഴിയട്ടെ... അതിനു വേണ്ടി ഞാൻ എന്തും ചെയ്യും. നിഷ്ഠയുള്ള സേവകൻ അവന്റെ യജമാനൻറെ മംഗളം മാത്രം കാംക്ഷിക്കുന്നു. ന്യായാന്യായങ്ങൾ അവന്റെ മാർഗത്തിനു തടസ്സമാകില്ല". പാണ്ഡ വരുടെ മുൻപിൽ അകപ്പെട്ടാൽ, ദുര്യോധനന് നൽകിയ വാക്കു പാലിക്കാൻ കഴിയാതെ, ജീവൻ ത്യജിക്കേണ്ടി വരും. ഞാൻ ആലോചിച്ചു.

യാതൊന്നും സംസാരിക്കാതെ ഞങ്ങൾ മൂവരും ഏറെ ദൂരം സഞ്ചരിച്ചു. നടന്നു ക്ഷീണിച്ചപ്പോൾ ഒരു വടവൃക്ഷത്തിന്റെ ചുവട്ടിൽ ഇരുന്നു. അൽപ്പം മയങ്ങിപ്പോയി. എന്റെ ചിന്തകളിലേക്ക് പഴയ ഓർമ്മകൾ നുരഞ്ഞിറങ്ങി.

മഹാഗുരു പരശുരാമനിൽ നിന്നും ദിവ്യാസ്ത്രവിദ്യ കളെല്ലാം കരസ്ഥമാക്കി എന്റെ അച്ഛൻ ദ്രോണർ തിരികെ വന്നപ്പോൾ, അതുവരെ മാതുലൻ കൃപരുടെ സംരക്ഷണയിൽ ആയിരുന്ന ഞാൻ അച്ഛന്റെ സംരക്ഷണത്തിലേക്കു മാറ്റപ്പെട്ടു. വിശപ്പിന്റെ വില കൃത്യമായി അറിഞ്ഞിരുന്ന കാലം... സഹായ അഭ്യർത്ഥനയുമായി അച്ഛന്റെ സുഹൃത്ത് ദ്രുപദന്റെ കൊട്ടാരത്തിൽ എത്തിയ ഞങ്ങളെ അവഹേളിക്കുകയും ആട്ടിപായിക്കു കയും ചെയ്തു. അച്ഛന്റെ കയ്യിൽ പിടിച്ചിരുന്ന എനിക്ക്, അച്ഛന്റെ ദുഃഖം എല്ലാം എന്നിലേക്ക് ഒലി ച്ചിറങ്ങുന്നതായി അനുഭവപ്പെട്ടു. ബാല്യത്തിലെ ജീവിതത്തിന്റെ പ്രതിഫലനമായിരിക്കും ഒരുവന്റെ തുടർന്നുള്ള ജീവിതം രൂപപ്പെടുത്തിയെടുക്കുന്ന ത്. അവനിലെ ശരി-തെറ്റുകൾ, ധർമ്മാധർമ്മങ്ങൾ നിശ്ചയിക്കപ്പെടുന്നതും ഈ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ആണ്.

ഹസ്തിനപുര രാജകുമാരന്മാരുടെ കളിപ്പന്തു കിണറ്റിൽ പോയപ്പോൾ, അസ്ത്രവൈഭവത്തിലൂടെ അച്ഛൻ എടുത്തു നൽകുക വഴി രാജഗുരുവായി അച്ഛൻ അവരോധിക്കപ്പെട്ടു. അന്നുമുതൽ ഞാൻ വിശ പ്പ് എന്തെന്ന് അറിഞ്ഞിട്ടില്ല.

രാജകുമാരന്മാരുടെ ഒപ്പം ബ്രാഹ്മണനായ ഞാനും, തേരാളി അതിരഥന്റെ പുത്രൻ കർണ്ണനും വിദ്യ അഭ്യസിച്ചിരുന്നു. പാണ്ഡവ കുമാരന്മാർ അഞ്ചുപേ രും, കൗരവ കുമാരന്മാർ നൂറുപേരും ഒന്നിച്ചപ്പോൾ, ഞാനും കർണ്ണനും ഉറ്റസുഹൃത്തുക്കളായി. അസ്ത്രവിദ്യയിൽ അർജുനനെക്കാൾ സമർത്ഥൻ ആയിരുന്നിട്ടും കർണ്ണനെ ഇകഴ്ത്തുന്നത് അവർ തമ്മിൽ വൈര്യത്തിനു കാരണമായി.

ചെറുപ്പത്തിൽ ഉറയ്ക്കുന്ന ധാരണകൾ കെടുര ക്തം പോലെ മരണം വരെ വളർന്നുകൊണ്ടേയി രിക്കും. വൈകുന്നേരങ്ങളിൽ കർണ്ണൻ എന്നോട് അയാളുടെ സങ്കടം പറയുമായിരുന്നു.

"ആൽമരം പാറക്കിടയിൽ വളരുന്നതുപോലെ, പ്ര



തികൂലത്തെ പഴിക്കാതെ ശക്തിയാർജ്ജിക്കണം. ശക്തനെ ലോകം മാനിക്കും. ഒരു വീരൻറെയും നടിയുടെയും ഉത്ഭവം ആരും അന്വേഷിക്കാറില്ല!" ഇതെല്ലം പറഞ്ഞു ഞാൻ കർണ്ണനിലെ വീര്യത്തെ വളർത്തികൊണ്ടേ യിരുന്നു.

ഗദായുദ്ധത്തിൽ സമർത്ഥനായ ഭീമനെ ഭയപ്പെട്ടിരുന്ന ദുര്യോധനൻ, അയാളെ അപകടപ്പെടുത്തുവാൻ എൻറെയും കർണ്ണൻറെയും സഹായം തേടിയിരുന്നു. ആയോധനകലയുടെ പ്രദർശനവേളയിൽ 'സൂതപുത്രൻ' എന്ന് വിളിച്ചു അധിക്ഷേപിച്ചു കർണ്ണനു മത്സരം നിഷേധിച്ചപ്പോൾ, കർണ്ണനെ അംഗരാജ്യത്തെ രാജാവായി അഭിഷേകം ചെയ്ത ദുര്യോധനനും കർണ്ണനും ആത്മമിത്രങ്ങൾ ആയി. അതുവഴി ഞാനും.

അങ്ങനെ ദുര്യോധനന്റെ അധർമ്മപ്രവർത്തികൾ എല്ലാം ഞങ്ങൾക്ക് ധർമ്മമായി. ആത്മമിത്രത്തിന്റെ അധർമ്മത്തെ സംരക്ഷിക്കുക എന്നതായിരുന്നു കർണ്ണന്റെയും അതുവഴി എന്റെയും ധർമ്മം. വടവൃക്ഷത്തിന്റെ ചില്ലയിൽ ഇരുന്ന കാക്കക്കൂട്ടത്തിൻറെ കരച്ചിൽ കേട്ടാണ് ഞാൻ ഉണർന്നത്. കാക്കക്കൂട്ടത്തെ ആക്രമിക്കുന്ന മൂങ്ങയെ കണ്ടതും ഞാൻ ചാടി എഴുന്നേറ്റു പാണ്ഡവപ്പടയുടെ ശിബിരം ലക്ഷ്യമാക്കി കുതിച്ചു പാഞ്ഞു. മനുഷ്യൻ പ്രധാന പാഠങ്ങളെല്ലാം പ്രകൃതിയിൽ നിന്നുമാണ് പഠിക്കുന്നത്. പാണ്ഡവശിബിരം ലക്ഷ്യമാക്കി ഞാൻ പായുമ്പോൾ, വഴിയിൽ കണ്ട തീപ്പന്തങ്ങൾ എല്ലാം കൈക്കലാക്കി.

"അശ്വത്ഥാമാവേ താൻ ഒരു ബ്രാഹ്മണനല്ലേ, എന്തധർമ്മമാണീ കാണിക്കുന്നത്"? പിന്നിൽ നിന്നും കൃപർ അലറി വിളിച്ചു ചോദിച്ചു.

"എന്റെ അധർമ്മപ്രവർത്തികൊണ്ടു അടുത്ത ജന്മത്തിൽ ഞാൻ ഒരു പുഴുവായി ജനിക്കുമെങ്കിൽ പോലും, എന്റെ ആത്മമിത്രത്തോടുള്ള കടപ്പാട് തീർക്കുക തന്നെ ചെയ്യും" ഞാൻ മനസ്സിൽ ദൃഢപ്രതിജ്ഞ എടുത്തു ശിബിരം ലക്ഷ്യമാക്കി കുതിച്ചു കൊണ്ടേയിരുന്നു. ഒടുവിൽ ആ പാണ്ഡവ ശിബിരം അഗ്നിക്കൂമ്പാരം ആയി മാറിയപ്പോൾ, ഞാൻ എന്റെ കടമ നിറവേറ്റിയതിന്റെ ആത്മ നിർവൃതിയിൽ ആനന്ദ നൃത്തം വെച്ചു.

കത്തി അമരുന്ന ശിബിരത്തിൽ നിന്നും ഉയർന്നു വന്ന ആർത്തവിലാപം, ഞാൻ എന്റെ ആത്മമിത്രം ദുര്യോധനനായി സമർപ്പിച്ചു.

കത്തി നശിച്ച ശിബിരത്തിനുള്ളിൽക്കണ്ട ശവശരീരങ്ങളുടെ എണ്ണം തിട്ടപ്പെടുത്തി, പാണ്ഡവരിൽ ആരും തന്നെ ബാക്കി ഇല്ല എന്നുറപ്പു വരുത്തിയ ശേഷം, നേരം വെളുക്കാറായപ്പോൾ ഞങ്ങൾ ദുര്യോധനന്റെ അടുക്കലേക്കു പോയി.

അവിടെ ചെന്നപ്പോൾ കണ്ട കാഴ്ച ഹൃദയഭേദകം ആയിരുന്നു. യുവരാജാവിന്റെ, എന്റെ ആത്മമിത്രത്തിന്റെ, ശരീരം കഴുകന്മാർ കൊത്തിവലിക്കുന്ന ആ കാഴ്ച.... ഹോ! നിലത്തു നിശ്ചലമായി കിടന്ന അദ്ദേഹത്തിന്റെ കൈകൾ എടുത്തു തടവിക്കൊണ്ട് ഞാൻ പറഞ്ഞു, " യുവരാജാവേ, ആത്മമിത്രമേ, അൽപ്പമെങ്കിലും ജീവൻ നിങ്ങളിൽ ബാക്കി അവശേഷിക്കുന്നുണ്ടെങ്കിൽ നിങ്ങൾ കേട്ടുകൊൾക. നിങ്ങൾ ആഗ്രഹിച്ച 'പാണ്ഡവനാശം' എന്ന ശുഭവാർത്തയുമായാണ് ഞാൻ വന്നിട്ടുള്ളത്. ശത്രുനാശം വരുത്തി വീരസ്വർഗ്ഗം പ്രാപിച്ച യശസ്വിയായ വീരയോദ്ധാവാണ് അങ്ങ്. വടവൃക്ഷങ്ങളിൽ പ്രതീക്ഷ അർപ്പിച്ചു കാത്തിരിക്കുമ്പോഴും ചെറു തൃണത്തിൽ നിന്നുമാകാം ചിലപ്പോൾ കാര്യസാദ്ധ്യം സാധിക്കുക."

ഒരു നെടുവീർപ്പിട്ട ശേഷം ഞാൻ തുടർന്നു... "ശത്രുവിന്റെ ഒരു വേരെങ്കിലും അവശേഷിച്ചാൽ അത് പൊട്ടിമുളച്ചു വടവൃക്ഷമാകും!"

അവസാനം കയ്യിലുണ്ടായിരുന്ന എന്റെ ബ്രഹ്മാസ്ത്രം, വിലക്കപ്പെട്ട ആ ദിവ്യാസ്ത്രം, ഉത്തരയുടെ ഗർഭപാത്രത്തിലെ പുതുനാമ്പിനെ ഹനിക്കുവാനായി, അതുവഴി പാണ്ഡവരുടെ സർവ്വനാശം ലക്ഷ്യം വെച്ച് അയച്ചശേഷം ഞാൻ കാട് കയറി... ഒടുവിൽ കൃഷ്ണ ശാപമേറി, പുഴുത്തരിക്കുന്ന വൃണവുമായി യുഗയുഗാന്തരങ്ങളിൽ ഞാൻ അലഞ്ഞു നടക്കുമ്പോഴും, എന്റെ മനസ്സിൽ ഒരു ചിന്തമാത്രമേ ഉണ്ടായിരുന്നുള്ളു...അങ്ങ് മേലെ വീരസ്വർഗ്ഗത്തിൽ ശിരസ്സുയർത്തി പിടിച്ചിരിക്കുന്ന എന്റെ ആത്മമിത്രങ്ങൾ... 'സുയോധനനും കർണ്ണനും!'

മംഗളകുമാരി: കോട്ടയം കുമാരനല്ലൂർ സ്വദേശിനി. ബാങ്ക് ജോലിയിൽ നിന്നും വിരമിച്ചശേഷം മക്കളോടൊത്തു ഓക്‌ലൻഡിൽ താമസം. വായനയിലും, എഴുത്തിലും, സംഗീതത്തിലും താൽപര്യം. 2015ലെ "ദർപ്പണ"ത്തിന്റെ ചീഫ് എഡിറ്റർ ആയിരുന്നു.


VJ
VJ ASSOCIATES LIMITED
FINANCIAL & CONSULTANCY SERVICE
It's about protecting your family, your assets, and ensuring peace of mind.
YOUR TRUSTED INSURANCE PARTNER SINCE 2014
027 839 1923
julie@vjassociates.info
LIFE | TRAUMA | TPD | INCOME PROTECTION
MORTGAGE COVER | HEALTH INSURANCE


Happy onam
UNICORN ACCOUNTING LIMITED
Expert tax and financial planning services you can trust.
Our Services
Income tax
Accounting and Software Support
Payroll
Rental Property
Company Formation
ACCA Think Ahead
myob
022-546-0143
021-0821-9080
E-MAIL - info@uca.co.nz
27D Waipareira Avenue, Henderson
Auckland - 0610


മലയാളിക്കട
എന്നും മലയാളികൾക്കൊപ്പം
malayalikada.co.nz
570A SWANSON ROAD, RANUI
HENDERSON, AUCKLAND.
MONDAY - SATURDAY
11AM TO 7:30PM
SUNDAY
2PM TO 7:30PM
INDIAN NATIONAL AWARD WINNER
FOR BEST ENTREPRENEUR OF THE YEAR.
STAR EXPORT HOUSE
RECOGNISED BY GOVT OF INDIA
Viswas
VISWAS FOODS
QUALITY EARNED FROM TRADITION
Imported and distributed by Auklet Traders Limited, Since 2016.


TASHI
EVENTS
"For other companies, it may be just another event — but for us, it's an emotion.
WHAT WE DO:
Event Concept & Theme Design | Venue Selection & Setup | Catering & Menu Coordination
Floral & Decor Styling | Entertainment & AV Setup | Photography & Videography
Budget & Vendor Management | On-site Event Coordination | Rentals & Equipment
Guest Transport & Accommodation | Custom Favors & Gifting Solutions
www.tashievents.co.nz
letscelebrate@tashievents.com

കഥ



ഓയ്മാ



# ആകാലിക

സമയം രാത്രി പതിനൊന്ന്. പുറത്ത് നല്ല കാറ്റുണ്ട്, തണുപ്പും. അവൾ ജനാലയിലൂടെ പുറത്തേക്ക് കണ്ണോടിച്ചു. കാറ്റിന് ശക്തി കൂടുന്നുണ്ട്. ഒരു മഴക്കുള്ള കോളുണ്ട്. അവൾ കട്ടിലിൽ നിന്നും എഴുന്നേറ്റ് ജനാലകൾ ഒന്നൊന്നായി അടക്കാൻ തുടങ്ങി. പെട്ടെന്നാണ്! ഹോ! അതിശക്തമായൊരു ഇടിമിന്നൽ. അവൾ വിറച്ചുപോയി. മിന്നൽ പണ്ടേ അവൾക്ക് ഭയമാണ്. വാതിലിൽ ആരോ മുട്ടുന്ന ശബ്ദം കേട്ട്, അവൾ ഞെട്ടലിൽ നിന്നും ഉണർന്നു. ഭയം ഉള്ളിൽ ഒതുക്കികൊണ്ട് അവൾ മുന്നോട്ട് നീങ്ങി, വാതിൽ പതിയെ തുറന്നു. നിലാവിന്റെ നേർത്ത വെളിച്ചത്തിൽ അവൾ അയാളെ അവ്യക്തമായി കണ്ടു. ഒരു കാക്ഷായവസ്ത്രക്കാരൻ, വൃദ്ധനാണ്, നീണ്ട വെളുത്ത താടിയും, മീശയും, തോളിൽ ഒരു സഞ്ചി.

“ആരാ?” അനുവാദത്തിന് കാത്ത് നിൽക്കാതെ അയാൾ അകത്തേക്ക് കയറി സോഫയിൽ ഇരുന്നു. അമ്പരപ്പോടെ അവൾ വീണ്ടും ചോദിച്ചു

“ആരാ മനസിലായില്ലല്ലോ?”
അവളുടെ മുഖത്തേക്ക് ഒന്ന് നോക്കിയതല്ലാതെ അയാൾ മറുപടിയൊന്നും പറഞ്ഞില്ല. അയാൾ തോൾ സഞ്ചിയിൽ നിന്നും ഒരു വലിയ പുസ്തകം പുറത്തെടുത്ത്, താളുകൾ മറിക്കാൻ തുടങ്ങി.

ശേഷം ഒരു താളിൽ വിരലുകൾ ഓടിച്ചുകൊണ്ട് എന്തോ സൂഷ്മമായി വായിക്കുന്ന അയാളെ അവൾ ശ്രദ്ധിച്ചു. അവൾ ഭയന്ന് വിയർക്കുന്നുണ്ടായിരുന്നു. അയാൾ മുഖമുയർത്തി അവളെ നോക്കികൊണ്ട്

“എങ്കിൽ പുറപ്പെടാം”
“ഏട്ടൻ വന്നിട്ട്, ഉണ്ണിക്കുട്ടനെ..”
അവൾക്ക് പറഞ്ഞ് മുഴുമിക്കാനായില്ല. അയാളുടെ നോട്ടത്തിന്റെ തീവ്രത കനത്തു. പുസ്തകം മടക്കി സഞ്ചിയിൽ വെച്ചശേഷം അയാൾ സോഫയിൽ നിന്നും എഴുന്നേറ്റ് പുറത്തേക്ക് ഇറങ്ങി. തൊട്ടിലിൽ കുഞ്ഞ് കരയുന്നത് കേട്ട് അവൾ നിസ്സഹായതയോടെ ഒന്ന് തിരിഞ്ഞ് നോക്കി. അപ്പോൾ അയാൾ പിൻതിരിഞ്ഞ് അവളെ നോക്കി കർക്കശത്തോടെ

“ഉം” അവൾ ദയനീയമായി അയാളുടെ മുഖത്തേക്ക് കെഞ്ചി നോക്കി. പക്ഷേ ഒട്ടും അലിവില്ലാതെ അയാൾ അവളുടെ കണ്ണുകളിലേക്ക് നോക്കികൊണ്ട്പറഞ്ഞു.

“ഇനി വൈകാൻ പറ്റില്ല! പുറപ്പെടാം”
അവൾ പുറകിലേക്ക് ഒന്ന് കൂടി നോക്കിയ ശേഷം കവിഞ്ഞൊഴുകുന്ന കണ്ണുകളുമായി അയാളെ പിന്തുടർന്നു. അവർ ഇരുവരും ഇരുളിൽ മറഞ്ഞു.

---

ബിജോയ് മാത്യു കല്ലൂർ. തൂലികാനാമം -ഓയ്മാ- . സ്വദേശം ആലുവ. കുടുംബവുമൊത്ത് ഗ്ലെൻഫീൽഡിൽ താമസം. ഭാര്യ ജിഷ ജോർജ്ജ്. മകൾ ആൻ റോസ്. സിനിമ, യാത്ര , എഴുത്ത് എന്നിവയിൽ കമ്പം. നാല് ഹ്രസ്വചിത്രങ്ങൾ കഥയെഴുതി സംവിധാനം ചെയ്തിട്ടുണ്ട്. സ്വപ്നസാക്ഷാൽക്കാരത്തിനായുള്ള കഠിനദ്ധ്യാനങ്ങൾ എന്നും ആവേശം.

ഓർമ



ഡാലി
സുഭാഷ്

# ഇലക്കീറിൽ ഒരു രുചിയോർമ്മ

പത്തു വർഷങ്ങൾക്ക് മുൻപ് തിരുവനന്തപുരത്തു നിന്ന് ഓക്‌ലൻഡിലേക്ക് കുടിയേറിയതിനു ശേഷം കേരളത്തിന്റെ പല ഭാഗങ്ങളിൽനിന്നുള്ള ആളുകളെയും

സംസ്കാരങ്ങളെയും പരിചയപ്പെട്ടതിനൊപ്പംതന്നെ കപ്പ ബിരിയാണി, നസ്രാണി സദ്യ, അങ്കമാലി മാങ്ങാ കറി, പിടിയും കോഴിക്കറി യും തുടങ്ങി പല പുതിയ രുചികളെയും പരിചയപ്പെടുകയും ഇഷ്ടപ്പെടുകയും ചെയ്തു. അങ്ങനെ ഇരിക്കുമ്പോഴാണ് 2015ൽ ഓക്‌ലാൻഡ് മലയാളി സമാജത്തിന്റെ ഓണാഘോഷ പരിപാടിയിൽ പങ്കെടുക്കാനും ആദ്യമായി ന്യൂസിലാൻഡിൽ ഒരു സദ്യ ഉണ്ണാനും ഉള്ള അവസരം ലഭിക്കുന്നത്.

സന്തോഷത്തോടും കൗതുകത്തോടും കലാപരിപാടികൾ ഒക്കെ കണ്ട് മാവേലിയോടോപ്പം ഫോട്ടോയും എടുത്തുകഴിഞ്ഞു സദ്യ നടക്കുന്ന ഹാളിലേക്ക് ഓണസദ്യ കഴിക്കാനായി പോയി. അന്നത്തെ ആ സദ്യ ഒരു തിരുവനന്തപുരത്തുകാരിയായ എന്നെ ഒട്ടൊന്നുമല്ല അത്ഭുതപ്പെടുത്തിയത്. എന്തെന്നാൽ നാളിതുവരെ ശീലിച്ചുവന്നിരുന്ന സദ്യ വട്ടങ്ങളിൽ നിന്നും ചിട്ടകളിൽ നിന്നും ഏറെ വ്യത്യസ്തമായിരുന്നു മഹാത്മാഗാന്ധി സെന്ററിൽ ഞാൻ കണ്ട (ഉണ്ട) ഓണസദ്യ! ന്യൂസിലാൻഡിൽ പുതിയത് ആയതുകൊണ്ടും കൂട്ടത്തിൽ എല്ലാവരും സന്തോഷത്തോടെയും ഉത്സാഹത്തോടെയും കഴിക്കുന്നത് കണ്ടത് കൊണ്ടും ആരോടും ഒരു അഭിപ്രായവും പറയാതെ ഞാനും സദ്യ ഉണ്ട് കൈ കഴുകി പോന്നു. അന്ന് മുതൽ ഇന്നുവരെ ഒരു ദശാബ്ദകാലമായി മുടങ്ങാതെ ഓക്‌ലാൻഡ് മലയാളി സമാജത്തിന്റെ ഓണസദ്യ കഴിക്കാറുണ്ട്, എങ്കിലും ഓരോ സദ്യയും എന്നെ എൻറെ ഏറ്റവും പ്രിയപ്പെട്ട തിരുവനന്തപുരം സദ്യയുടെ ഓർമ്മപ്പെടുത്തലുകൾ നൽകാറുണ്ട്.

വർഷങ്ങളായി ഓണം നാട്ടിൽ നിന്നും മാറി "home away from home" ആയ ഓക്‌ലൻഡിൽ ആയതു കൊണ്ടുതന്നെ കൂട്ടായ്മയുടെയും സാഹോദര്യത്തിന്റെയും ആഘോഷമായ ഓണത്തിന് നിറം അൽപ്പം കൂടുതൽ ഇവിടെത്തന്നെയെന്ന് തോന്നിയിട്ടുണ്ട്. എന്നിരുന്നാലും കുട്ടിക്കാലം മുതൽ നമ്മൾ അറിയാതെ നമ്മളിലേക്ക് അലിഞ്ഞുചേർന്ന വീടിന്റേയും നാടിന്റെയും ഭക്ഷണങ്ങളുടെയും, ഭക്ഷണ സംസ്കാരങ്ങളുടേയും ഒരംശം തനിമ ഒട്ടും ചോരാതെ നമ്മുടെ എല്ലാം ഉള്ളിൻറെ ഉള്ളിൽ ഉണ്ടാകും. നമ്മുടെ വേരുകളിലേക്ക് നമ്മെ ചേർത്ത് നിർത്തുന്നതും അതിൽ ചിലതൊക്കെ ആകും. അതുകൊണ്ടാണല്ലോ ഉയർന്ന ടിക്കറ്റ് നിരക്കും മണിക്കൂറുകളോ ദിവസത്തോളമോ നീളുന്ന യാത്രയും താണ്ടി നാട്ടിലെത്താൻ നമ്മൾ വെമ്പൽ കൊള്ളുന്നത്. അങ്ങനെ എപ്പോഴൊക്കെയോ എന്റെ ഉള്ളിൽ ആണ്ടു പോയ ഒരു സദ്യ ഓർമ്മ ഞാൻ നിങ്ങളൊടൊപ്പം പങ്കുവയ്ക്കട്ടെ!

ചെറുപ്പത്തിൽ സദ്യ ഉണ്ടു തുടങ്ങിയ നാൾ മുതൽ ഒരു ചൊല്ലുപോലെ കേൾക്കുന്നത്, ഇരിക്കുന്നതിന്റെ ഇടത്തുവശത്തായി ഇലത്തുമ്പു



വരുന്ന വിധം ഇല ഇടണം എന്നാണ് (ഈ നിയമം തെറ്റിച്ചതിനു കാരണവന്മാരുടെ ശകാരവും കേട്ടിട്ടുണ്ട്). ഇടത്തോട്ടിട്ട ഇലയിൽ മുകൾ ഭാഗത്തായി ആദ്യമേ കൊറിച്ചിരിക്കാനുള്ള ശർക്കര വരട്ടിയും ഉപ്പേരിയും; കൂടെ ഉപ്പും, രസകദളി പഴവും (അത് പിന്നെത്തേക്കുള്ളതാണ്)... അത് കഴിഞ്ഞാൽ പിന്നെ അച്ചാറുകൾ 1,2,3 എന്നിങ്ങനെ (ഇഞ്ചി, നാരങ്ങ, കടുമാങ്ങ)...തുടർന്ന് തൈരു ചേർന്ന കറികൾ...പച്ചടി, കിച്ചടി, പൈനാപ്പിൾ പച്ചടി എന്നിങ്ങനെ...ശേഷം തോരൻ, അവിയൽ, മധുരക്കറി, കൂട്ടുകറി!

ഇലയുടെ മുകൾഭാഗം നിറഞ്ഞു കഴിഞ്ഞാൽ മധ്യഭാഗത്തേക്കായിരിക്കും രണ്ടാം നിര കറികൾ വിളമ്പുക. കറികൾ നിരന്നു കഴിയുമ്പോഴേക്കും നല്ല ചൂടു കുത്തരിച്ചോറ് വിളമ്പുകയായി! അതിനൊപ്പം ആദ്യമെത്തുന്നത് പരിപ്പ് കറിയും നെയ്യും! ഉപ്പേരിയിലും ശർക്കര വരട്ടിയിലും കൊറിച്ചു തുടങ്ങിയ സദ്യ അതോടെ ചോറിനുമുകളിൽ ഒഴിച്ച പരിപ്പിൽ നെയ്യും പകുതി പപ്പടവും പൊടിച്ചു ചേർത്ത് കഴിച്ചു തുടങ്ങുകയായി...ആദ്യ ഉരുള, അതിന്റെ സ്വാദ്- അത് പറഞ്ഞറിയിക്കാൻ കഴിയില്ലതന്നെ! അതിനോടൊപ്പം തോരനും അവിയലും, തൊടു കറികളും കൂട്ടി കഴിച്ചു കഴിയുമ്പോഴേക്കും ദാ വരുന്നു, രണ്ടാം ഘട്ടം ചോറ്! എല്ലാമൊന്ന് ഒതുക്കി വൃത്തിയാക്കി രണ്ടാമത്തെ ചോറ് വിളമ്പി കഴിയുമ്പോൾ ദാ എത്തിപ്പോയി, നമ്മുടെ സാമ്പാർ! സാമ്പാറിനൊപ്പം പച്ചടി, കിച്ചടി കൂട്ടി കുഴച്ചു കഴിയുമ്പോഴേക്കും പായസം എത്തിയിരിക്കും... അടപ്രഥമന് പഴവും, കടലയ്ക്ക് പപ്പടവും (ആദ്യം പരിപ്പിനൊപ്പം കഴിച്ചതിന്റെ ബാക്കി പകുതി) ബോളിക്ക് പാൽപായസവും എന്നാണ് ഒരു കോമ്പിനേഷൻ! ഇതെല്ലം ചേർത്ത് ഒന്ന് പിടിച്ച് കഴിയുമ്പോഴേക്കും മോരിനും രസത്തിനും ഉള്ള ചോറ് എത്തിയിരിക്കും. പുളിശ്ശേരി ചോറിലേക്ക് ഒഴിച്ച്, രസവും, പച്ച മോരും പ്രസാദം പോലെ കൈക്കുമ്പിളിൽ വാങ്ങി കുടിച്ചു ബാക്കി ചോറിലേക്ക് ഒഴിക്കണം. ബാക്കി ഉള്ള കറികളും കൂട്ടി കഴിച്ചു അവസാനമായി ഇഞ്ചിക്കറി തൊട്ടു നാവിലേക്കു വച്ച് എല്ലാ മടക്കി എഴുന്നേൽക്കണം...

സദ്യയിൽ അവിയലും മധുരകറിയും തൊടുകറികളും കൂട്ടുകറിയും ഏറെ പ്രിയങ്കരം; എങ്കിലും പേഴ്സണൽ “ഫേവറിറ്റ്” എപ്പോഴും സദ്യയുടെ അവസാന ഭാഗം...സാമ്പാറിന് ശേഷം വരുന്ന പായസത്തിന്റെ മധുരത്തോടൊപ്പം പുളിശ്ശേരിയുടെ പുളിയും ആസ്വദിച്ചു രസവും പച്ചമോരും കൂടി കഴിഞ്ഞു പായസത്തിന്റെ മത്തു പിടിക്കാതിരിക്കാനായി ഇലയിൽ ഇടത്തെ അറ്റത്തു ബാക്കി വച്ച ഇഞ്ചിക്കറിയുടെ നൂറ്റൊന്നു രുചിയും തൊട്ടു കൂട്ടി ഇല മറുവശത്തേക്കു മടക്കി എഴുന്നേൽക്കുമ്പോൾ ആഹാ, അന്തസ്സ്!

*Daly Valsan Subhash: With roots in Thiruvananthapuram, now based in Auckland. A former Early Childhood Educator and currently one of the Directors at EduSphere NZ.*



കുടുംബം എന്നത് ഒരു വ്യക്തിയുടെ ആദ്യത്തെ സാമൂഹികവും സ്നേഹപരവുമായ അധ്യയനശാലയാണ്. സ്നേഹവും കരുതലും പങ്കുവെക്കലുമാണ് കുടുംബബന്ധങ്ങളുടെ ആധാരങ്ങൾ...
രണ്ടു കുരുന്നു മനസ്സുകൾ തങ്ങളുടെ കുടുംബങ്ങളെപ്പറ്റി മനസ്സ് തുറക്കുന്നു- Editor

# എന്റെ കുടുംബം

കുടുംബം



**തെരേസ ജ്യോതിസ്**

കുടുംബം അല്ലെങ്കിൽ വീട് എന്ന് പറയുമ്പോൾ മനസ്സിലേക്ക് ആദ്യം ഓടിയെത്തുന്നത് എന്താണെന്ന് അറിയാമോ? ഏറ്റവും സുരക്ഷിതമായ സ്ഥലം... അതെ, ഈ ലോകത്തിൽ വച്ച് നമുക്ക് ഏറ്റവും സുരക്ഷിതമായ സ്ഥലം- അത് നമ്മുടെ വീട് തന്നെ!

സുരക്ഷിതം മാത്രമല്ല, അത് സ്നേഹം കൊണ്ട് നിർമ്മിച്ച ഒരു വലിയ ലോകം ആണ്. നമ്മുടെ പ്രിയപ്പെട്ടവർ ഉള്ള നമ്മുടെ ലോകം.

എനിക്കും ഉണ്ട് അങ്ങനൊരു ലോകം!

ലോകം എന്ന് പറഞ്ഞാൽ പോരാ, എൻറെ കൊച്ചു സ്വർഗം. ആ കൊച്ചു സ്വർഗത്തിൽ എന്നെ സ്നേഹിക്കാൻ ഒരുപാട് പേരുണ്ട്. എൻറെ കുടുംബത്തിൽ ഞാനും, എൻറെ അപ്പയും അമ്മയും, ചേട്ടായിയും ആണ് ഉള്ളത്. അവർക്ക് ഒക്കെ എന്നെ ഒരു പാട് ഇഷ്ടമാണ്. എനിക്കും അവരെ ജീവൻ ആണ്.

ഇത് മാത്രമോ? എൻറെ ആദ്യത്തെ വിദ്യാലയം എൻറെ കുടുംബം ആണ്. അക്ഷരങ്ങളുടെ ലോകത്തേക്ക് ഞാൻ പിച്ചവച്ച് തുടങ്ങിയത് എൻറെ കുടുംബത്തിൽ നിന്നാണ്. സ്നേഹം, അനുസരണ, ബഹുമാനം ഒക്കെ ഞാൻ പഠിച്ചത് എൻറെ കുടുംബത്തിൽ നിന്നാണ്.

വളരെ സ്നേഹവും സന്തോഷവും നിറഞ്ഞതാണ് എന്റെ കുടുംബം. എൻറെ അപ്പയും അമ്മയും എനിക്ക് വേണ്ടി, എൻറെ വളർച്ചക്ക് വേണ്ടി അധ്വാനിക്കുന്നു; എൻറെ വാശികൾ സ്നേഹത്തോടെ സമ്മതിച്ചു തരുന്നു. എൻറെ ചേട്ടായി എന്നെ കൂടെ നടത്തുന്നു. എത്ര മനോഹരം അല്ലെ? എൻറെ കൊച്ചു കൊച്ചു കുസൃതികളും പിടിവാശികളും ഇഷ്ടങ്ങളും തമാശകളും ഒക്കെ ആസ്വദിക്കുന്ന ഇടമാണ് എൻറെ കുടുംബം.

അതേ കൂട്ടുകാരെ, നമ്മുടെ പ്രിയപ്പെട്ടവർ എവിടെ ആണ് ഉള്ളത്, അതാണ് നമ്മുടെ കുടുംബം!

ബൈബിളിൽ ഒരു കൊച്ചു കഥയുണ്ട്. ഒരു അപ്പന് രണ്ടു മക്കൾ ഉണ്ടാ യിരുന്നു. അതിൽ രണ്ടാമത്തെ മകൻ അപ്പനോട് പറഞ്ഞു “അപ്പാ, എനിക്ക് തരാനുള്ള പണം ഒക്കെ തന്നേക്ക്; ഞാൻ വലുതായി, ഇനി ഞാൻ ഒറ്റയ്ക്ക് ജീവിച്ചുകൊള്ളാം”... പാവം അപ്പൻ! സങ്കടത്തോടെ കൊടു

ക്കാനുള്ളതെല്ലാം ആ മകന് കൊടുത്തു. അവൻ കുടുംബത്തിൽ നിന്ന് വിട്ട് ദൂരെ പോയി; എന്നിട്ടു കൈയിലുള്ള പണം ഒക്കെ ചിലവാക്കി ജീവിച്ചു. അവസാനം കൈയിൽ പണം ഒന്നും ഇല്ലാതായി. ഭക്ഷണം കിട്ടാതെ വിശന്നപ്പോൾ പന്നികൾക്കു കൊടുക്കുന്ന ഭക്ഷണം കഴിക്കാൻ തുടങ്ങി... അപ്പോൾ ആ മകൻ ഓർത്തു- "എൻറെ കുടുംബം എത്ര നല്ലത് ആയിരുന്നു, എത്ര സുഖമായിരുന്നു എനിക്ക് അവിടെ"! അവൻ തിരിച്ചു കുടുംബത്തിൽ പോകാൻ കൊതിച്ചു. കുറെ നാൾ കഴിഞ്ഞു ആ മകൻ തിരിച്ചു സ്വന്തം കുടുംബത്തിൽ ചെന്നു. ആ നല്ല അപ്പൻ അവനെ സന്തോഷത്തോടെ സ്വീകരിച്ചു. സ്നേഹത്തോടെ ചേർത്ത് നിർത്തി. പിന്നീടുള്ള കാലം അവൻ സ്വന്തം കുടുംബത്തോടൊപ്പം സന്തോഷത്തോടും സ്നേഹത്തോടും കഴിഞ്ഞു. ഈ കഥ നമ്മെ പഠിപ്പിക്കുന്നത് എന്താണ്? ഈ ലോകത്തിൽ നമ്മൾ എവിടെ പോയാലും അവസാനം വരാൻ കൊതിക്കുന്നത് നമ്മുടെ കുടുംബത്തിൽത്തന്നെ ആയിരിക്കുമെന്നല്ലേ?

എൻറെ കുടുംബത്തിൽ ജനിക്കാനും വളരാനും സാധിച്ചതിൽ ഞാൻ ദൈവത്തോട് നന്ദി പറയുന്നു!

*Theresa Jyothis: Year 4 student at St. Mark's School, Pakuranga who enjoys drawing, painting and reading.*

# കുടുംബം

കുടുംബം-അത് സ്നേഹം കൊണ്ട് നിർമ്മിച്ച ഒരു കുഞ്ഞുലോകമാണ്. ആ ലോകം സുന്ദരമാകാൻ നമ്മെ സഹായിക്കുന്നത് പ്രിയപ്പെട്ടവരുടെ സന്തോഷമാണ്. സ്നേഹത്തിലും സന്തോഷത്തിലും കഴിയുന്ന എൻറെ കുടുംബത്തെയാണ് ഞാൻ നിങ്ങളെ പരിചയപ്പെടുത്തുവാൻ പോകുന്നത്. പല ഇഷ്ടങ്ങളും പല സ്വഭാവങ്ങളും നിറഞ്ഞതാണ് എൻറെ കുടുംബം. കാട്ടിലെ സിംഹത്തെ പോലെ ഞങ്ങളുടെ കുടുംബത്തിൻറെ നാഥനാണ് എൻറെ അപ്പ. അപ്പയുടെ ശക്തിയും ധൈര്യവും ഞങ്ങളുടെ കുടുംബത്തെ നിലനിർത്തുമ്പോൾ
തേനീച്ച റാണിയെ പോലെ ഞങ്ങളുടെ കുടുംബത്തെ നയിക്കുന്ന ആളാണ് ഞങ്ങളുടെ അമ്മ. അപ്പയുടെയും അമ്മയുടെയും കാര്യം പറയുമ്പോൾ എന്റെ രണ്ട് കൂടെപ്പിറപ്പുകളെ മറക്കുവാൻ കഴിയില്ലല്ലോ...
കാളയെ പോലെ ഞങ്ങളുടെ വീട് ഉഴുതുമറിക്കാൻ ഒരു കുഞ്ഞ് ആങ്ങളയും തത്തമ്മയെ പോലെ എല്ലാം കണ്ടും കേട്ടും പഠിക്കുന്ന ഒരു കുഞ്ഞ് അനുജത്തിയും ഉണ്ട് എനിക്ക്. ഞങ്ങളുടെ കുടുംബം പൂർണ്ണമാകുന്നത് എൻറെ അപ്പയുടെയും അമ്മയുടെയും കൂടപ്പിറപ്പുകളും അവരുടെ കുടുംബവും എൻറെ രണ്ട് അപ്പച്ചന്മാരും അമ്മച്ചിമാരും കൂടുമ്പോഴാണ്. പല ഇഷ്ടങ്ങൾ ഉള്ളവരാണെങ്കിലും സ്നേഹിക്കുവാനും സന്തോഷിക്കുവാനും സങ്കടപ്പെടാനും ദേഷ്യപ്പെടാനും ക്ഷമിക്കുവാനും കഴിയുന്ന ഒരു കുഞ്ഞ് സ്വർഗ്ഗമാണ് എൻറെ കുടുംബം.
കുടുംബം ഒരു കടൽ പോലെയാണ്. കുടുംബബന്ധങ്ങൾ പുഴകളും. പുഴകൾ എല്ലാം ചേർന്ന് കടലിൽ വന്ന് ചേരും. അതുപോലെ എന്തുവന്നാലും ഒടുവിൽ നമ്മൾ നമ്മളുടെ കുടുംബത്തിൽ വന്നു ചേരുന്നു. ഒത്തുചേരലുകൾ ആഴം കൂട്ടും; അതുപോലെയാണ് ബന്ധങ്ങളുടെ ദൃഢതയും. കാരണം, കൂടുമ്പോൾ ഇമ്പമുള്ളതാണ് കുടുംബം! എന്നെ ചേർത്തുപിടിക്കുന്ന എൻറെ സ്വർഗ്ഗരാജ്യം!!

കുടുംബം



**അൻസാ മരിയ സാബി**

*Ansa Mariya Sabi: Year 4 student at St Anne's Catholic School. Active participant in AMS Kalolsavam and other co-curricular activities*

# art







**Anju Mobin**

*An active member of Waitakere Arts Community who loves to be identified as an amateur artist, actively helping parents host art parties for kid's birthdays, weekend get together and adult sip & paint parties to leverage her skills and interest in developing artistic skills in both kids and adults through her own art brand - nz_ArtZone. Looks forward to helping children rediscover their artistic talent and imagination while using art as a therapy for the rest of their life.*

# art













**Bincy John**

*Bincy John - a staff nurse at Middlemore Hospital in Auckland who enjoys acrylic painting, cooking and tailoring.*

കഥ



ഡോ: നിസാ
മോഹൻ



# പൂച്ച

കിച്ചു എന്നാ അവന്റെ പേര്. വീട്ടിലെ എലികളെ പിടിക്കാൻ വേണ്ടി വല്യമ്മയുടെ വീട്ടിൽ നിന്നു കൊണ്ടുവന്ന വെളുത്ത പൂച്ചയാണ്.
അവൻ എലിയെ മാത്രമല്ലാ, തരം കിട്ടിയാൽ കിളികളെ വരെ പിടിച്ചോണ്ടു വരും. എന്നിട്ടു കിളികളുടെ പപ്പും പൂടേം എല്ലാം തിന്നിട്ടു വാളും വെക്കും... മണ്ടൻ!
വീട്ടിൽ എല്ലാവർക്കും വലിയ ഇഷ്ടമാണ് അവനെ. ഈയിടെയായി അവനു "ആറ്റിട്യൂഡ്" കുറച്ചു കൂടീട്ടുണ്ടോ?
"കാണും" ഈ വീട്ടിൽ എല്ലാർക്കും ഇപ്പോ എന്നേക്കാൾ ഇഷ്ടം അവനെ ആണല്ലോ...അതോർത്തിട്ടു ചാരുവിനു ദേഷ്യം വരുന്നുണ്ടാർന്നു!
ഒരു ആറാം ക്ലാസ്സുകാരിയുടെ മനസ്സിൽ ഇങ്ങനെയൊക്കെ തോന്നാം, സ്വാഭാവികം!... അതിൽ തെറ്റില്ലാ അല്ലേ? ആ... ആ...
മഴ പെയ്തു പാടത്തു വെള്ളം കയറിയാൽ അച്ഛൻ മീൻ പിടിക്കാൻ പോകും. പണ്ടൊക്കെ അച്ഛൻ തനിക്ക് വേണ്ടി ആയിരുന്നു മീൻ പിടിക്കാൻ പോയിരുന്നത് എന്നു ചാരു ഓർത്തു. ഇപ്പോ അച്ഛൻ പൂച്ചയേയും കൂട്ടി ആണ് പോകുന്നെ. ചെറിയ മീനുകൾ എല്ലാം അവിടെ വെച്ച് തന്നെ പൂച്ചയ്ക്ക് കൊടുക്കും.

ജീവനുള്ള പിടക്കണ മീൻ ....
അത് മുഴുവൻ തിന്ന്, വയറും വീർത്ത്, ഉരുണ്ടുരുണ്ട് അച്ഛന്റെ കൂടെ അവൻ തിരികെ നടന്നു വരണത് കാണാം.
ഈയിടെ ആയി അവനു അച്ഛനോട് ആണ് സ്നേഹം. തന്നെ വലിയ മൈൻഡ് ഇല്ലാ.
പണ്ടൊക്കെ താൻ സ്കൂൾ കഴിഞ്ഞു വരണതും നോക്കി അവൻ വാതില്കൽ നിൽക്കാറുണ്ടാർന്നതു ചാരുവിനു ഓർമ്മവന്നു. ഇപ്പോൾ സ്കൂൾ കഴിഞ്ഞു താൻ എത്തുമ്പോൾ അവനെ അവിടെ എങ്ങും കാണാറേ ഇല്ല. എന്നാലോ, അച്ഛന്റെ ശബ്ദം കേൾക്കുമ്പോഴേ എവിടുന്നേലും പറന്നു വരും.

ജാഡ! പട്ടി! ... അല്ലാ പൂച്ച!!...

മീൻ പിടിക്കാൻ പോകുമ്പോൾ തന്നേം കൊണ്ടു പോകാൻ എത്ര പറഞ്ഞാലും അച്ഛൻ കേൾക്കില്ല. അക്കാര്യത്തിൽ ചാരുവിന് വലിയ അസൂയയാണ് പൂച്ചയോട്.

വൈകുന്നേരം അച്ഛൻ എവിടേലും ഒന്ന് ഇരിക്കാൻ തുടങ്ങുമ്പോഴേ പൂച്ച അച്ഛന്റെ അടുത്തു ചെല്ലും. പിന്നെ അച്ഛന്റെ കാലിൽ തൊട്ടുരുമ്മി ഒച്ചവെച്ചു ചുറ്റിപ്പറ്റി നില്ക്കും. മീൻ പിടിക്കാൻ കൊണ്ടുപോകുന്നതു വരെ അവൻ അച്ഛനെ “സോപ്പി”ട്ടുകൊണ്ടേയിരിക്കും.

"ഹഹോ ... ഇന്ന് പോവണ്ടാന്ന് കരുതിയതാ, ഇവനേക്കൊണ്ട് തോറ്റല്ലോ..." എന്നും പറഞ്ഞു അവനു വേണ്ടി മാത്രം മീൻ പിടിക്കാൻ പോയിട്ടുണ്ട് അച്ഛൻ.

അന്നേരം അവന്റെ വെപ്രാളോം ആക്രാന്തോം ഒക്കെ ഒന്ന് കാണണം.

“തീറ്റപ്രാന്തൻ”

അച്ഛന്റെ കാലിൽ തൊട്ടുരുമ്മി ഒച്ചവെച്ചു അവൻ പോണത് അസൂയയോടെ നോക്കി നിന്നട്ടുണ്ട് ചാരു... ‘പോകുന്ന വഴിക്കു അവൻ എന്നെ ഒന്ന് തിരിഞ്ഞു നോക്കിയോ ഓ ഓ ഓന്നൊരു സംശയം!!! ....

അവന്റെ ആ നോട്ടത്തിൽ ഒരു അഹങ്കാരം ദില്ലാ ദില്ലാ ...

ആ...ആ ...തോന്നിയതാകും ... ആ... ആ ... പോട്ട്... പുല്ല്!

"ഇങ്ങനെ നിറയെ മീൻ പിടിച്ചു കൊടുത്താൽ അവൻ ഈ വീട്ടിലെ എലികളെ ഒന്നും പിടിക്കില്ല കേട്ടോ"... പറഞ്ഞില്ല, അറിഞ്ഞില്ല എന്ന് വേണ്ടാ... അച്ഛനോട് ഇടക്കിടക്ക് അത് പറയുമ്പോൾ ചാരുവിന്റെ ശബ്ദത്തിൽ നല്ലപോലെ കുശുമ്പില്ലേ?... ഉണ്ടായിരുന്നു, കുറച്ചധികം ഉണ്ടാർന്നു...

അച്ഛൻ അത് ചിരിച്ചു തള്ളും... എന്നിട്ടു പറയും, "അവൻ പുലി അല്ലേ"

“ആം... കഴുതപ്പുലി, ... ഹ്ഹും”.

“നല്ലപോലെ കുശുമ്പുണ്ട്ട്ടാ ചാരുവിന്, കുറച്ചൊന്നുമല്ലാ”...

അങ്ങനെ ഇരിക്കെ അടുത്ത വീട്ടിലെ ചേട്ടന്റെ കല്യാണം ആയി. വൈകുന്നേരത്തെ പാർട്ടിക്കു ആണ് ചാരുവിന്റെ വീട്ടിൽ ക്ഷണിച്ചിരിക്കുന്നത്. അച്ഛന് അന്ന് ഒരു കൂട്ടുകാരന്റെ വീട്ടിൽ കല്യാണ തലേദിവസ പരിപാടി ഉണ്ടായിരുന്നത് കൊണ്ട് അമ്മയും ചാരുവും മാത്രമാണ് അടുത്ത വീട്ടിലെ കല്യാണത്തിന് പോയത്.

ടാർ ഇടാത്ത, ചെമ്മണ്ണു വിരിച്ച വഴിയാണ് ചാരുവിൻറെ വീട്ടിൽ നിന്ന് അടുത്ത വീട്ടിലേക്കു പോവാൻ ഉള്ളത്. മഴ പെയ്തു വെള്ളം നിറഞ്ഞതു കൊണ്ട് അവിടെ എല്ലാം നിറയെ ചെളി ആണ്. പിന്നെ റോഡ് നിറയെ കുഴികളും. ആ വഴിയിലൂടെ നടന്നു പോകാൻ പറ്റില്ല.

പിന്നെ ഉള്ളത് റോഡിനു സൈഡിലുള്ള പറമ്പിലൂടെ നടന്നു അടുത്ത വീട്ടിൽ എത്തുക എന്നുള്ളതാണ്. ആ പറമ്പിലൂടെ നടന്നാൽ അടുത്ത വീടിനു മുന്നിലുള്ള മെയിൻ റോഡിൽ എത്താം. അങ്ങനെ പോകാമെന്നു ചാരുവും അമ്മയും തീരുമാനിച്ചു.

ഭക്ഷണം കഴിച്ചു പെട്ടെന്ന് തിരിച്ചു പോരാമെന്നു കരുതിയതു കൊണ്ട് ടോർച്ച് എടുക്കാതെ ആണ് പോയത്. അല്ലേലും കല്യാണ വീട്ടിൽ എങ്ങനാ ടോർച്ചും പിടിച്ചു കൊണ്ട് നടക്കുന്നത്...

മൊബൈലും, മൊബൈലിന്റെ ടോർച്ചും ഒന്നും ഇല്ലാതിരുന്ന ഒരു കുട്ടിക്കാലം...

കല്യാണവീട്ടിൽ വലിയ തിരക്കായിരുന്നതുകൊണ്ടു ഭക്ഷണം കഴിക്കാൻ വൈകി. അവിടെ നിന്ന് ഇറങ്ങിയപ്പോഴേക്കും ഇരുട്ടിയിരുന്നു. അപ്പോഴാണ് തിരിച്ചു എങ്ങനെ പോകും എന്ന ടെൻഷൻ തുടങ്ങിയത്. വന്ന പറമ്പിലൂടെ തന്നെ തിരിച്ചു പോകാം എന്ന് വെച്ചാൽ ആ പറമ്പുനിറയെ വിഷമുള്ള പാമ്പുകൾ ആണ്. രാത്രി വെളിച്ചം ഇല്ലാതെ അതിലൂടെ പോകുന്നത് “റിസ്കാ”. റോഡിലൂടെ പോകാമെന്നു വെച്ചാൽ, എപ്പോ ചെളിയിൽ വീണു എന്ന് ചോദിച്ചാൽ മതി.
ചാരുവും അമ്മയും പതുക്കെ നടന്ന് ആ പറമ്പിന്റെ അടുത്തെത്തി. അച്ഛനെ വിളിക്കാൻ ഒരു വഴീം ഇല്ല. മെയിൻ റോഡിൽ അധിക നേരം നിൽക്കാനും പറ്റില്ല, ആളൊഴിഞ്ഞ റോഡ് ആണ്. അവിടെ വീടുകൾ ഒന്നും ഇല്ല. ആരെയെങ്കിലും സഹായത്തിനു വിളിക്കാന്നു വെച്ചാലും അവിടെ

എങ്ങും ആരും ഇല്ല.

ഇനി എന്ത് ചെയ്യും? എങ്ങനെ പോകും? പെട്ടു മോളേ!
പറമ്പിൽ തവളകളുടെ ശബ്ദം കേൾക്കാം... ചെറിയ ചാറ്റൽ മഴയും ഉണ്ട്...
പറമ്പിൽ ആണേൽ കാൽവണ്ണയുടെ പൊക്കത്തിൽ ആണ് പുല്ലു വളർന്നു നിൽക്കുന്നത്...
അതിനിടയിൽ പാമ്പു കിടപ്പുണ്ടേൽ കാണുകപോലും ഇല്ലാ.
ചാരുവും അമ്മയും എന്ത് ചെയ്യണമെന്നറിയാതെ പറമ്പിലെ കൂറ്റാക്കൂരിരുട്ടിലേക്കു നോക്കി നിന്നു.
അപ്പോൾ ദാണ്ടേ ... എവിടെ നിന്നോ ഒരു പൂച്ചയുടെ ശബ്ദം!

നോക്കുമ്പോഴുണ്ട് ഒരു വെളുത്ത പൂച്ച ... ആ ഇരുട്ടിലൂടെ ഓടിയും ചാടിയും വരണുണ്ട്. അകലെ നിന്നു തന്നെ തിരിച്ചറിയാം, അത് ചാരുവിന്റെ പൂച്ച തന്നെയെന്ന്.

"ശ്ശേടാ ... അവൻ നമ്മളേം കാത്ത് ഇത്രോം നേരം ഇവിടെ തന്നെ  ഇരിക്കുവാർന്നോ??? ...പാവം!"

ചാരുവും അമ്മയും കല്യാണ വീട്ടിലേക്കു പോകാനിറങ്ങിയപ്പോൾ അവരുടെ  പുറകെ ഇറങ്ങിയതാണ് കക്ഷി. പറമ്പ് കഴിഞ്ഞു മെയിൻ റോഡ് എത്തണ വരെ അവൻ പുറകെ തന്നെ ഇണ്ടാർന്നു.  പിന്നെ കണ്ടില്ലാ. അവൻ ഇത്രോം നേരം ഇവിടെ എന്ത് ചെയ്യുവാർന്നു?

അവനെ കണ്ടപ്പോൾ, അമ്മയുടെയും ചാരുവിന്റെയും മനസ്സിൽ വലിയ ഒരു ആശ്വാസം തോന്നി. വീട്ടിലേക്കു കൂട്ടി കൊണ്ട് പോകാൻ ഉത്തരവാദിത്തപ്പെട്ട ആരോ വന്നതുപോലെ ഒരു തോന്നൽ.

'ഇനി എന്തിനാ പേടിക്കണേ, പാമ്പ് വന്നാൽ ഇവൻ കടിച്ചു ഓടിക്കില്ലേ?'...

അവരുടെ അടുത്തു എത്തിയതേ, പൂച്ചയുടെ ഭാഷയിൽ എന്തൊക്കെയോ കുറേ പറഞ്ഞു അവൻ. എന്നിട്ടു ചാരുവിന്റേം അമ്മയുടേം മുഖത്തേക്ക് ഗൗരവത്തോടെ ഒന്ന് നോക്കിയിട്ടു തിരിഞ്ഞു നടക്കാൻ തുടങ്ങി.

വഴക്കു പറഞ്ഞതാണോ??
"എവിടെപ്പോയി കിടക്കുവാർന്നു ഇത്രോം നേരം? ഫുഡ് അടിക്കാൻ വേണ്ടി വയറും വാടകക്ക് എടുത്തു പോയിരിക്കുന്നു രണ്ടുംകൂടി... നേരത്തും കാലത്തും വീട്ടിൽ തിരിച്ചെത്തിക്കൂടേ"?

ഇനിപ്പോ എന്നെ ഫോളോ ചെയ്തോ, വീട്ടിൽ പോകാൻ വേറെ വഴി ഇല്ലാ ... "ഫോളോ മീ"'എന്നാണോ അവൻ പറഞ്ഞേ!?

 അഹങ്കാരീ! ...
'ഇനിപ്പോ അങ്ങനെ ആണേൽ തന്നെ സാരമില്ല... ഒന്നും പറയാനില്ല... വാ പോകാം, വാ'...

ചാരുവിനെയും അമ്മയേയും നോക്കാനുള്ള ഉത്തരവാദിത്തം ഉള്ള പോലെ അവൻ മുന്നിൽ നടന്നു.
അവൻ ചുറ്റും നോക്കുന്നുണ്ടാർന്നു. വഴിയിൽ ഒന്നും ഇല്ലന്ന് ഉറപ്പു വരുത്തിയ ശേഷം അവൻ തിരിഞ്ഞു നിന്ന് ചാരുവിനെയും അമ്മയെയും വിളിക്കും. അപ്പൊ അവർ നടക്കും. ചാരുവും അമ്മയും നടന്നു അവന്റെ അടുത്തു എത്തണ വരെ അവൻ അവരെ നോക്കി നില്കും. അവർ അവന്റെ അടുത്ത്  എത്തിക്കഴിയുമ്പോൾ പൂച്ച പിന്നേം മുന്നിലേക്ക് കുറച്ചു ദൂരം കൂടി നടക്കും. പിന്നേം തിരിഞ്ഞു നിന്ന് അവരെ വിളിക്കും...

വെളുത്ത പൂച്ച ആയതു കൊണ്ട് ഇരുട്ടിൽ അവനെ കാണാനോ അവൻ പോയ വഴി നോക്കി വെച്ച് അതിലൂടെ നടക്കാനോ ബുദ്ധിമുട്ട് ഉണ്ടായിരുന്നില്ല. അങ്ങനെ അവൻ കാണിച്ച വഴിയിലൂടെ പതുക്കെ നടന്നു ചാരുവും അമ്മയും വീട്ടിൽ എത്തി.

അന്ന് രാത്രി പൂച്ച അവരെ സുരക്ഷിതരായി വീട്ടിൽ എത്തിച്ചു എന്ന് പറയുന്നതാകും അതിന്റെ ഒരു ശെരി...

വീട്ടിൽ എത്തിയതേ, വീട്ടിൽ ഉണ്ടായിരുന്ന മീൻ വറുത്തത് എല്ലാം ചൂടാക്കി,  ചോറിൽ നല്ലപോലെ വെളിച്ചെണ്ണ തിരുമ്മി അമ്മ അന്നവനു വയറു നിറയെ ചോറ് കൊടുത്തു. മൃഷ്ടാന്നഭോജനം കഴിഞ്ഞു വയറും വീർത്തു ചവിട്ടിയിൽ കിടന്ന അവനെ ചാരു പൊക്കി എടുത്ത് മടിയിൽ കിടത്തി കുറെ നേരം തലോടി കൊടുത്തു... അവൻ അങ്ങനേ കിടന്നുറങ്ങിപ്പോയി.

അന്ന് മാത്രം അല്ല, അന്ന് മുതൽ പിന്നെ അങ്ങോട്ട് എന്നും അവനു കുശാലാർന്നു.
അച്ഛൻ വരാൻ ഏറെ താമസിച്ചു എങ്കിലും, അച്ഛൻ



വരണവരെ ചാരുവും അമ്മയും ഉറങ്ങാതെ ഇരുന്നു.  അച്ഛൻ വന്നപ്പോൾ ഈ കഥയെല്ലാം ഒറ്റ ശ്വാസത്തിൽ പറഞ്ഞു കേൾപ്പിച്ചിട്ടേ അവർ ഉറങ്ങിയുള്ളൂ.

"നിന്റെ കുശുമ്പ് ഇപ്പോ മാറി അല്ലേ ചാരു"?
കുശുമ്പ് മാറി എന്ന് മാത്രമല്ല, പിറ്റേ ദിവസം അവനെ മീൻ പിടിക്കാൻ കൊണ്ടുപോകണം എന്നും, അവനു വയറു നിറയെ മീൻ പിടിച്ചു കൊടുക്കണമെന്ന് അച്ഛനെ നിർബന്ധിച്ചതും ചാരു ആണ്.
എന്നത്തേയും പോലെ അച്ഛന്റെ കാലിൽ തൊട്ടുരുമ്മി ആക്രാന്തം കാണിച്ചു ഒച്ചവെച്ചു വായും പൊളിച്ചു അവൻ പോണതു സ്നേഹത്തോടെ നോക്കി നിന്നു, ചാരു!
പണ്ടത്തെപ്പോലെ അസൂയയോടെ അല്ലാ കേട്ടോ... സ്നേഹത്തോടെ!
"ഹഹോ, അങ്ങട് മാറി നടക്ക് പൂച്ചേ, ചവിട്ടികൂട്ടുമല്ലോ നിന്നേ"... അച്ഛന്റെ  കാലുകൾക്കു ഇടയിലൂടെ നടക്കുന്ന അവനെ അച്ഛൻ തട്ടി മാറ്റുന്നത് കാണാം.

കണ്ണിൽ നിന്ന് മറയണവരെ അവർ പോകുന്നതും നോക്കി ചാരു നിന്നു. കണ്ണിൽ നിന്ന് മറഞ്ഞാലും അവന്റെ ശബ്ദം ദൂരെ നിന്നും കേൾക്കാം.
"അന്ന് രാത്രി അത്രോം നേരം ഞങ്ങൾ തിരിച്ചു വരണവരെ അവൻ ആ പറമ്പിൽ വെയിറ്റ് ചെയ്തത് എന്തിനായിരിക്കും"?
"ശെരിക്കും ഞങ്ങളുടെ അവസ്ഥ മനസിലാക്കി, വഴിയിൽ അപകടം ഒന്നും ഇല്ലാന്ന് ഉറപ്പു വരുത്തി അവൻ ഞങ്ങളെ വീട്ടിൽ എത്തിച്ചതാണോ"?

"അത്രയൊക്കെ ഉത്തരവാദിത്തം ഏറ്റെടുക്കാനുള്ള ശേഷി ആ കുഞ്ഞു മനസ്സിനുണ്ടോ"?

ഇതിപ്പോ, ആരോടാ ഒന്ന് ചോദിച്ചു മനസ്സിലാക്കാ? ഇതെല്ലാം അവനോടു ചോദിക്കാന്ന് വെച്ചാലും അവൻ പറയണതൊന്നും എനിക്ക് മനസിലാവില്ലല്ലോ ഈശ്വരാ' ....

ഒരു നൂറായിരം ചോദ്യങ്ങൾ മനസിൽ ഇട്ട് അവർ തിരികെ വരുന്നതും കാതോർത്തു ചാരു ഉറങ്ങാൻ കിടന്നു...

Dr. Nisa Mohan: Completed Ph.D. from the University of Auckland and did Post Doctoral research at the Victoria University of Wellington. Working in the Waitakere District Health Board.

പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെപ്പറ്റി ഏറെ ചർച്ചകൾ നടക്കുന്ന കാലഘട്ടമാണിത്. മനുഷ്യന്റെ അനിയന്ത്രിതമായ വികസനവും ഇടപെടലുകളും പ്രകൃതിയെ ദുരിതത്തിലാക്കിക്കൊണ്ടിരിക്കുകയാണ്. വനങ്ങൾ നശിക്കുകയും ജലസ്രോതസ്സുകൾ മലിനമാകുകയും ജീവജാലങ്ങൾക്ക് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. നമ്മുടെ ഇളം തലമുറയും ഇക്കാര്യത്തിൽ ആശങ്കാകുലരാണ്. പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്താൻ അത്യാവശ്യമായത് പ്രകൃതിയുടെ സംരക്ഷണമാണ്. ഈ വിഷയത്തെപ്പറ്റി ഓക്‌ലൻഡ് മലയാളി സമൂഹത്തിലെ മൂന്നു കുട്ടികളുടെ അഭിപ്രായങ്ങൾ ശ്രദ്ധിക്കാം- Editor

ലേഖനം 1



Michaela Elsa Varkey

# പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം

ദൈവത്തിൻറെ സ്വന്തം നാടെന്നു ലോകമെമ്പാടുമുള്ള മലയാളികൾ ആത്മാഭിമാനത്തോടെ പ്രകീർത്തിക്കുന്ന നാടല്ലേ നമ്മുടെ കേരളം ? ആ കേരള നാട്ടിൽ നിന്നും പ്രവാസികളായി നമ്മളെത്തിയിരിക്കുന്ന ഈ ന്യൂസിലാൻഡ് ഉൾപ്പടെയുള്ള മനോഹര ലോകത്തിൻറെ അസ്തിത്വം – ആകാശം, മണ്ണ് , വായു, ജലം, അഗ്നി എന്നീ പഞ്ച ഭൂതങ്ങളിലധിഷ്ഠിത മാണെന്ന് ഭാരതീയ വേദങ്ങൾ സിദ്ധാന്തിക്കുന്നു. ആധുനിക ശാസ്ത്രം അത് അടിവരയിട്ടുറപ്പിച്ച് അംഗീകരിക്കുന്നു.

പ്രകൃതി എന്ന ഒറ്റവാക്ക് ഈ പഞ്ചഭൂതങ്ങളെ സൂചിപ്പിക്കുന്നു. പ്രകൃതി എന്ന് കേൾക്കുമ്പോൾ ഒരു പക്ഷെ നമ്മുടെ മനസ്സിൽ വരുന്നത് മനോഹരമായ ഗ്രാമങ്ങളും, തെളിമ ഉള്ള പുഴകളും, കളകളം ചിലച്ചു പറക്കുന്ന പക്ഷികളും ആകാം. എന്നാൽ നമ്മുടെ കൺമുമ്പിൽ തെളിയുന്ന ആ ചിത്രത്തിനപ്പുറം പ്രകൃതിക്ക് സ്ഥായിയായ ഒരു ഭാവമുണ്ട്- വിശുദ്ധി. ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ പ്രകൃതിയെന്നു നാം വിവക്ഷിക്കുന്ന പഞ്ചഭൂതങ്ങൾ - അതായത് ആകാശം, മണ്ണ് , വായു, ജലം, അഗ്നി, ഇവ എക്കാലത്തും മാലിന്യമുക്തമായി നിലനിൽക്കണം. എന്നാൽ മനുഷ്യവർഗത്തിൻറെ തീവ്രമായ ധനസമ്പാദനമോഹവും, അതിനു വേണ്ടിയുള്ള പ്രവർത്തനങ്ങളും പ്രകൃതിയെ മലീമസം ആക്കിക്കൊണ്ടിരിക്കുന്നു.

ഇവിടെ അഗ്നി എന്ന് കൊണ്ട് സൂചിപ്പിക്കുന്നത് സൂര്യന്റെ ചൂട് കിരണങ്ങളെയാണ്. ഓസോൺ പാളിയിൽ ഉണ്ടായിരിക്കുന്ന വിള്ളൽ മൂലം സൂര്യനിൽ നിന്ന് വരുന്ന ആഴത്തിലുള്ള അൾട്രാവയലറ്റ് കിരണങ്ങൾ നേരിട്ട് ഭൂമിയിൽ എത്തുന്നു. ഇത് മനുഷ്യരിൽ സൂര്യാഘാതം പോലുള്ള പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. വ്യവസായങ്ങളും വാഹനങ്ങളും പുറംതള്ളുന്ന കാർബൺ ഡയോക്സൈഡ് ഉൾപ്പെടെയുള്ള ഗ്രീൻ ഹൗസ് വാതകങ്ങൾ നമ്മൾ ശ്വസിക്കുന്ന വായുവിനെ മലിനം ആക്കുന്നതിനോടൊപ്പം, ഭൂമിയിലെ ചൂട് വർദ്ധിപ്പിക്കുവാനും ഇടയാക്കുന്നു. ഇത് ഓസോൺ പാളി നശിക്കുന്നതിന് വഴിയൊരുക്കി, ഹാനികരമായ അൾട്രാവയലറ്റ് കിരണങ്ങൾ നേരിട്ട് ഭൂമിയിൽ എത്തുവാൻ ഇടയാക്കുന്നു. ലോകം ഇപ്പോൾ ഈ വാതകത്തിന്റെ ഉല്പാദനം കുറയ്ക്കാൻ ഉള്ള ശ്രമത്തിലാണ്.

വൈദ്യുത വാഹനങ്ങളും സോളാർ പാനലുകളും ഒരു പരിധിവരെ ഗ്രീൻഹൗസ് വാതകങ്ങൾ കുറവ് വരുത്താൻ സഹായിക്കുന്നു. എന്നാൽ കാർബൺ ഡയോക്സൈഡിനെ ആഹരിച്ച് ജീവന്റെ പ്രാണവായുവായി മാറ്റുന്ന മാനവമിത്രങ്ങൾ നമുക്കിടയിൽ തന്നെ ഉണ്ട്. പച്ചിലച്ചാർത്തിൻറെ പുഷ്ഠിയുള്ള വൃക്ഷങ്ങൾ ഹാനികരമായ കാർബൺ ഡയോക്സൈഡിനെ ആഗിരണം ചെയ്തും ഓക്സിജനെ വികിരണം ചെയ്തും പ്രകൃതിയെ ശുദ്ധീകരിക്കുന്ന സേവനത്തിൻറെ വില അതുല്യമാണ്.

അടുത്തതായി നമ്മൾ ചിന്തിക്കേണ്ടത്



മണ്ണിൻറെ ശുചിത്വത്തെ കുറിച്ചാണ്. വ്യവസായശാലകളിൽ നിന്ന് പുറത്ത് വിടുന്ന രാസമാലിന്യങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങളിലെ മാലിന്യങ്ങൾ, കൂടാതെ മിഠായി ചോക്ലേറ്റ് മുതലായവയുടെ പ്ലാസ്റ്റിക് റാപ്പറുകൾ പോലുള്ള ചെറുതും വലുതും ആയ ഘടകങ്ങൾ നമ്മുടെ മണ്ണിനെ മലിനമാക്കുകയാണ്. ഇതിന് പുറമെ കഴിഞ്ഞ നൂറ്റാണ്ട് മുതൽ വ്യാപകമായി ഉപയോഗിക്കപ്പെടുന്ന സാനിറ്ററി പാഡുകളും ഡയപ്പറുകളും വലിയ രീതിയിൽ മണ്ണിനെ മലിനമാക്കുന്നു. ഇവയിലെ ജെൽ പദാർത്ഥങ്ങൾ തീയിലിട്ട് കത്തിച്ചാലും നശിക്കുന്നില്ല. അവ വർഷങ്ങളോളം മണ്ണിൽ തന്നെ നിലനിൽക്കും. മണ്ണിൽ താഴുന്ന ഈ മാലിന്യങ്ങൾ കാലാന്തരത്തിൽ  നമ്മുടെ കുടിവെള്ളത്തെയും മലിനമാക്കുന്നു. പ്രകൃതി പരിപാലനത്തിനുള്ള നമുടെ പ്രതിബദ്ധത വാക്കുകളിൽ ശക്തമാണെങ്കിലും, ജൈവേതര മാലിന്യങ്ങളെ ശരിയായി വേർതിരിച്ച് പുനരുപയോഗിക്കാനുള്ള പരിഹാരങ്ങൾ കണ്ടെത്താൻ വേണ്ട ഗവേഷണ-വികസനത്തിനു അർഹിക്കുന്ന മുൻഗണന കിട്ടുന്നില്ല.

സ്കൂളുകളിൽ പ്രകൃതി സംരക്ഷണ പാഠങ്ങൾ വിപുലമായി പഠിപ്പിക്കാനുള്ള സംവിധാനം തീവ്രമായി നടപ്പാക്കണം. മരം നടുവിൻ എന്നു പറഞ്ഞതു കൊണ്ടോ മരം നട്ടതു കൊണ്ടോ ആയില്ല; അതിനെ പരിപാലിക്കേണ്ടതിൻറെ ആവശ്യകത നമ്മുടെ ഇളം തലമുറയ്ക്ക് മനസിലാക്കാൻ ഉള്ള സംവിധാനം കൂടി ഉണ്ടാകണം.

മാലിന്യം പ്രകൃതിക്കു ദോഷം ഉണ്ടാകാത്ത വിധം സംസ്കരിക്കുന്നത്, റോഡുകളും പാലങ്ങളും പണിയുന്നത് പോലെ തന്നെ ഭരണ സംവിധാനത്തിന്റെ ഉത്തരവാദിത്തം ആകണം. അതിനു അവരെ സഹായിക്കുന്നതിന് ഉതകുന്ന വിധം സമൂഹ മനസിനെ പരുവപ്പെടുത്തി എടുക്കുകയും വേണം!

*Michaela is a year 6 student from Glenfield, who enjoys reading, singing, and artwork. She has a deep love for Malayalam language. Her time in Kerala gave her a closer connection to nature. Observing and learning about nature is something which she truly cares for and enjoy.*

ലേഖനം 2



ജെയ്ക്
ജിനോമോൻ
തോമസ്

# പ്രകൃതി എന്ന അമ്മ

"ഇനിയും മരിക്കാത്ത ഭൂമി നിൻ
ആസന്ന മൃതിയിൽ നിനക്കാത്മശാന്തി"

എന്ന ഒ.എൻ.വി. കുറുപ്പിന്റെ ഈ കവിത ഏറ്റവും പ്രസക്തമാകുന്ന ഒരു കാലഘട്ടത്തിലാണ് ഇന്ന് നാം ജീവിക്കുന്നത്. ചരിത്രത്താളുകൾ മറിയുമ്പോൾ നമ്മളുടെ ജീവിതത്തിൽ നമ്മൾ കണ്ടും കേട്ടും മറന്നു കൊണ്ടിരിക്കുന്ന ചില വാർത്തകൾ നമുക്ക് ഒന്ന് ഓർത്തെടുക്കാം.
"വെള്ളപ്പൊക്കം- കേരളം 2018",
"വയനാട്ടിൽ മണ്ണിടിച്ചിൽ-ഗ്രാമം അപ്രത്യക്ഷമായി",
"ഓസ്ട്രേലിയയിലും അമേരിക്കയിലും കാട്ടുതീ",
"കാശ്മീരിൽ പ്രളയം- രക്ഷാ ദൗത്യം പാളി"...
വാർത്തകൾ അവസാനിക്കുന്നില്ല... കസ്തൂരിരംഗനും ഗാഡ്ഗിലുമൊക്കെ പ്രതിഷേധത്തിന്റെ അലയടികൾ ഉയർത്തി മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്നു.
ജൂൺ 5- ലോക പരിസ്ഥിതി ദിനം. എന്തെല്ലാം പ്രഹസനങ്ങൾ ആണ് അന്ന് നാം കാട്ടിക്കൂട്ടുന്നത്... ബാക്കി 364 ദിവസത്തെയും മറന്ന് ഒരൊറ്റ ദിവസത്തെ പ്രകൃതിസ്നേഹം! മാധ്യമ ചർച്ചകളും വൃക്ഷത്തൈ നട്ടുള്ള വെല്ലുവിളികളും- ഇതൊക്കെ ആത്മാർത്ഥതയിൽ നിന്ന് ഉടലെടുക്കുന്നതാണോ, അതോ വെറും പ്രശസ്തിക്കു വേണ്ടിയാണോ? ഈ ഒരു സാഹചര്യത്തിലാണ് നാം നമ്മോട് തന്നെ ചോദിക്കേണ്ടത്...

എന്താണ് പ്രകൃതി?
പ്രകൃതി മനുഷ്യന് അമ്മയെ പോലെയാണ്. അവന് വേണ്ടതെല്ലാം കരുതലോടെ ഒരുക്കിവെക്കുന്ന സ്നേഹമുള്ള ഒരമ്മ. എന്നാൽ പ്രകൃതിയുടെ ഒരംശം മാത്രമായ മനുഷ്യന്, പ്രകൃതിയില്ലാതെ നിലനിൽക്കാൻ ആവില്ല എന്ന തിരിച്ചറിവാണ് യഥാർത്ഥ പരിസ്ഥിതി സംരക്ഷണത്തിന്റെ ആധാരം. പ്രാചീന മനുഷ്യൻ തന്നെ പ്രകൃതിയുടെ അടിമയായാണ് സ്വയം കണ്ടിരുന്നത്. അവനെ ഒറ്റയ്ക്കും കൂട്ടമായും നശിപ്പിക്കാൻ കഴിവുള്ള ശക്തികൾ ആയിട്ടാണ് വെള്ളം, കാറ്റ്, തീ തുടങ്ങിയ പ്രതിഭാസങ്ങളെ അവൻ കണ്ടിരുന്നത്. അതുകൊണ്ടുതന്നെ പ്രാചീന മനുഷ്യൻ പ്രകൃതിയെ സംരക്ഷിച്ചിരുന്നു, സ്നേഹിച്ചിരുന്നു. എന്നാൽ ഇന്നുകളിലേക്ക് തിരിയുമ്പോഴോ?

ഇടിച്ചുനിരത്തപ്പെട്ട മലകളും, നികത്തപ്പെട്ട വയലുകളും, വെട്ടി നിരത്തിയ കാടുകളും, തടഞ്ഞു നിർത്തപ്പെട്ട നീർച്ചാലുകളും, പണിതുയർത്തപ്പെട്ട കൂറ്റൻ കോൺക്രീറ്റ് കെട്ടിടങ്ങളും, കത്തിയെരിഞ്ഞ ആമസോൺ മഴക്കാടുകളും എല്ലാം ആധുനിക മനുഷ്യൻ നടത്തുന്ന പ്രകൃതി ചൂഷണത്തിന്റെ വളരെ ചെറിയ ഉദാഹരണങ്ങൾ മാത്രമല്ലേ? സർവ്വംസഹയായ, ഭൂതദാത്രിയായ, സമഭാവന ഉൾക്കൊള്ളുന്ന ഭൂമി മാതാവിനോളം വലുതാകുവാൻ നമ്മൾക്ക് ശ്രമിക്കാം.
ഭൂമി മാതാവിനോളം വലുതാകുവാനുള്ള ശ്രീ ഒ.എൻ.വി കുറുപ്പിന്റെ ആഹ്വാനം നമുക്ക് നെഞ്ചേറ്റാം. കേവലം ഒരു ദിവസത്തെ പ്രകൃതി സ്നേഹത്തിനുമപ്പുറം നമുക്ക് ഈ ഭൂമിയെ ആത്മാർത്ഥമായി സ്നേഹിക്കാം. വരാനിരിക്കുന്ന തലമുറകളെ ഓർത്തുകൊണ്ട് ഞാൻ പറയുന്നു-ഈ ഭൂമിക്ക് വേണ്ടി ഞാൻ നിലകൊള്ളും. നാവേറ്റും കണ്ണേറും ഏൽക്കാതെ ഈ അമ്മയെ സംരക്ഷിക്കാൻ നമുക്ക് ഒന്നാവാം.

ഓർക്കുക-
അവസാനത്തെ മരവും വീണ് കഴിയുമ്പോൾ,
അവസാനത്തെ പുഴയും വറ്റിക്കഴിയുമ്പോൾ,
അവസാനത്തെ മീനും ചത്ത് പൊങ്ങുമ്പോൾ
പണം ഭക്ഷിച്ചും പശിയടക്കാനാവുമോ?
ഒരൊറ്റ ചോദ്യം മാത്രം ഞാൻ നിങ്ങളുടെ മുമ്പിൽ അവശേഷിപ്പിക്കുന്നു.
ഇനി വരുന്നൊരു തലമുറയ്ക്ക്,
ഇവിടെ വാസം സാധ്യമോ?

*Jake is an year 5 student at Our Lady Star of The Sea School at Howick. Books are his best friends. Loves Malayalam movies old and new and playing Ice Hockey*



ലേഖനം 3

# പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകത

Asher Emma Neil

പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെ പറ്റി അല്പം ചിന്തിക്കാം. നിങ്ങൾക്കറിയുമല്ലോ, നമ്മുടെ ഈ ഭൂമി, നമുക്കുള്ള ഒരേയൊരു വാസസ്ഥാനം, ഒരു തകർച്ചയുടെ വക്കിലാണെന്ന്? മൂന്നിൽ രണ്ട് ജലഭാഗവും മുക്കാലോളം കരഭാഗവും മനുഷ്യരാൽ നശിപ്പിക്കപ്പെട്ട് കഴിഞ്ഞിരിക്കുന്നു! ഒരു ദശലക്ഷത്തോളം ജീവജാലങ്ങൾ 2050 ആകുമ്പോഴേക്കും അന്യം വന്നിരിക്കുമെന്നാണ് നിരീക്ഷണം. ഇത്തരമൊരു സന്ദർഭത്തിൽ പരിസ്ഥിതിയുടെ സന്തുലിതാവസ്ഥക്കും  ജീവൻറെ നിലനിൽപ്പിനും പ്രകൃതിയെ സംരക്ഷിച്ചേ തീരു!

മനുഷ്യൻറെ നിലനിൽപ്പിനു വേണ്ട പ്രാഥമിക ആവശ്യങ്ങളായ വായു, ഭക്ഷണം, ജലം എന്നിവയെല്ലാം തരുന്നത് പ്രകൃതി അല്ലാതെ മറ്റാരാണ്? അതായത് പ്രകൃതിയില്ലെങ്കിൽ ജീവനില്ല.

സാമ്പത്തിക വളർച്ചക്കും പ്രകൃതിക്കു പങ്കുണ്ട്. പ്രകൃതി വിഭവങ്ങൾ വരുമാനസ്രോതസായും ഉപയോഗിക്കാം. മത്സ്യബന്ധനം വിനോദസഞ്ചാരം ജലപാതകൾ എന്നിവയൊക്കെ അവയിൽ ചിലതാണ്.

സുരക്ഷയുടെ ഭിത്തിയാണ് പ്രകൃതി.  പ്രകൃതി സംരക്ഷണത്തിലൂടെ പ്രകൃതിദുരന്തങ്ങളായ വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, എന്നിവയെല്ലാം നിയന്ത്രിക്കാൻ പറ്റും.

മനുഷ്യൻറെ ആരോഗ്യം പ്രകൃതിയുമായി ചേർന്നു നിൽക്കുന്നു. പ്രകൃതിമലിനീകരണം മൂലം ശ്വാസകോശ രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, ക്യാൻസർ പോലെയുള്ള മാരകരോഗങ്ങൾ മാത്രമല്ല പല സാംക്രമികരോഗങ്ങളും ഉണ്ടാകുന്നു. പ്രകൃതിമലിനീകരണം ഒരു മനുഷ്യനെ ഒറ്റയ്ക്കോ, സമൂഹത്തെ ഒന്നാകെയോ ഇല്ലാതെയാക്കാൻ ശേഷിയുള്ള മാരകാവസ്ഥയാണ്.

ഒരുകാലത്ത് ഭൂമി അടക്കിവാണ ദിനോസറുകൾ ഇന്ന് വെറും ഓർമ്മയായത് പോലെ മനുഷ്യർക്കും സംഭവിക്കാതിരിക്കുവാൻ, ഇനി വരുന്ന തലമുറയ്ക്കും സന്തോഷത്തോടെ വസിക്കാൻ, ആരോഗ്യമുള്ള പ്രകൃതി നിലനിന്നേ പറ്റൂ.

പ്രകൃതിയെ സംരക്ഷിക്കണമെങ്കിൽ സർക്കാരും ഭരണാധികാരികളും മാത്രമല്ല നിങ്ങളും ഞാനുമെല്ലാം കൈകോർക്കണം. ഈ കഴിഞ്ഞ ജൂൺ അഞ്ചിന് ലോക പരിസ്ഥിതി ദിനം ആചരിച്ചതേയുള്ളൂ. ഈ വർഷത്തെ അജണ്ട എന്താണെന്ന് അറിയാമോ? "പ്ലാസ്റ്റിക് മലി-  നീകരണം തകർക്കുക" അത് ഒരുമിച്ചുള്ള ഒരു ചുവടുവെപ്പാണ്. ശ്രീ ഒ. എൻ. വി. കുറുപ്പിന്റെ ഭൂമിക്കൊരു ചരമഗീതം എന്ന കവിതയിലെ പ്രശസ്തമായ വരികൾ ശ്രദ്ധിക്കുക.

"ഇനിയും മരിക്കാത്ത ഭൂമി
നിന്നാസന്ന മൃതിയിൽ നിനക്കാത്മശാന്തി
ഇത് നിന്റെ, എന്റെയും, ചരമശുശ്രൂഷയ്ക്ക്
ഹൃദയത്തിലിന്നേ കുറിച്ച ഗീതം"

ഈ ഭൂമിയുടെ, അതിലെ പ്രകൃതിയുടെ, അസ്ഥിത്വം ഇല്ലാതാകുമ്പോൾ ഇല്ലാതെയാകുന്നത് നമ്മൾ തന്നെയാണെന്ന് ഒരിക്കൽ കൂടി ഓർമിപ്പിക്കട്ടെ!

*Asher Emma Neil is a year 6 student at Sancta Maria Catholic Primary school. Her hobbies are dancing, reading and story writing*

ലേഖനം 4



എമിലിയ
എൽസ ടോം

# പ്രകൃതി സംരക്ഷണത്തിനായി ഒത്തുചേരാം

ആസന്നമരണത്തിലേക്ക് അടുത്തുകൊണ്ടിരിക്കുന്ന ഭൂമിയെ സംരക്ഷിക്കാൻ നമുക്ക് ഓരോരുത്തർക്കും കടമയുണ്ട്. അതുകൊണ്ടാണ് നാം ഭൗമ ദിനവും പരിസ്ഥിതി ദിനവും മറ്റും ആചരിക്കുകയും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നത്.

പ്രകൃതിയെ ആശ്രയിച്ച് ജീവിതം തുടങ്ങിയ മനുഷ്യൻ അവൻറെ ഇച്ഛാശക്തിയും മേധാശക്തിയും കൊണ്ട് പ്രകൃതിയെ കീഴ്പ്പെടുത്തിയപ്പോഴാണ് പ്രകൃതി മനുഷ്യരാശിക്ക് മുമ്പിൽ ഭീഷണി ഉയർത്തിയത്! മനുഷ്യൻ അവൻറെ നാശത്തിലേക്കുള്ള വഴിയാണ് പ്രകൃതി നശീകരണത്തിലൂടെ നടപ്പാക്കുന്നത്. പ്രകൃതിയുണ്ടെങ്കിലേ മനുഷ്യനുള്ളൂ...

ഉപയോഗിക്കുക, വലിച്ചെറിയുക എന്നത് നമ്മുടെ ശീലമായി മാറിയിരിക്കുന്നു. നമ്മുടെ വീടുകൾ വ്യാപാരസ്ഥാപനങ്ങൾ ആശുപത്രികൾ തുടങ്ങിയവയിൽ നിന്നും പുറന്തള്ളുന്ന മാലിന്യങ്ങൾ, കപ്പലുകൾ പുറന്തള്ളുന്ന രാസവസ്തുക്കൾ, കീടനാശിനികൾ, വാഹനങ്ങൾ പുറന്തള്ളുന്ന കാർബൺ മോണോക്സൈഡ്,

ചില ഇലക്ട്രിക് ഉപകരണങ്ങൾ പുറംതള്ളുന്ന അപകടകരമായ വാതകങ്ങൾ എന്നിവ മൂലം മണ്ണും, ജലവും, വായുവും നിത്യേന മലിനമായി കൊണ്ടിരിക്കുന്നു.

സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ പുരോഗതിക്ക് വികസനം അനിവാര്യമാണ്. പക്ഷേ പ്രകൃതിയെ നശിപ്പിക്കാത്ത വികസനമാണ് ഉണ്ടാകേണ്ടത്. പ്രകൃതി നമ്മുടെ അമ്മയാണ്! ഈ പ്രകൃതിയിലുള്ള ചെറുതും വലുതുമായ എല്ലാ ജീവജാലങ്ങളും, പച്ചപ്പട്ടുവിരിച്ച മലനിരകളും, തടാകങ്ങളും, നദികളും, കുന്നുകളും, പുൽമേടുകളും അതിൻറെ തനിമയിൽ സംരക്ഷിച്ച് വരും തലമുറയ്ക്ക് കൈമാറാൻ നമുക്ക് ഓരോരുത്തർക്കും ബാദ്ധ്യതയുണ്ട്. പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്; ഒരു മരം വെച്ചുപിടിപ്പിക്കുന്നത് പോലും പ്രകൃതി സംരക്ഷണമാണ്!

ഇന്ന് നാം പ്രകൃതി സംരക്ഷണത്തെയും അനിയന്ത്രിതമായ പ്രകൃതിയുടെ മേലുള്ള കടന്നുകയറ്റത്തിനെതിരെയും ചർച്ച ചെയ്യുന്നു; പ്രകൃതി സംരക്ഷണ മാർഗങ്ങൾ കണ്ടെത്തുന്നു. പരിസ്ഥിതി സൗഹൃദ വാഹനങ്ങളും ഉൽപ്പന്നങ്ങളും ഇന്ന് കൂടുതലായി ഉത്പാദിപ്പിക്കുന്നു. പ്ലാസ്റ്റിക് കത്തിക്കുന്നത് മൂലമുള്ള ദോഷങ്ങൾ തിരിച്ചറിഞ്ഞ് പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം നിയന്ത്രിക്കുന്നു. ഇവയെല്ലാം ശുഭസൂചനകൾ തന്നെ!

നമുക്ക് ഒന്നു ചേർന്ന് നിന്ന് നമ്മുടെ പ്രകൃതിയെ, പരിസ്ഥിതിയെ സംരക്ഷിക്കാം! അരുത് എന്ന് പറയുവാൻ നമുക്ക് കഴിയണം... നമ്മുടെ പുഴകളെ നശിപ്പിക്കരുത്, വയലുകൾ നികത്തരുത്, കുന്നുകൾ ഇടിച്ച് നിരപ്പാക്കരുത്, അങ്ങനെ പരിസ്ഥിതിയെ നശിപ്പിക്കുന്ന എല്ലാത്തിനോടും അരുത്, ചെയ്യരുത്, എന്ന് ശബ്ദമുയർത്താൻ നമുക്കാവണം. നമുക്ക് ശുദ്ധജലവും വായുവും പച്ചപ്പും വേണം; പൂമ്പാറ്റയും തുമ്പിയെയും കാണണം, കിളികളുടെ ശബ്ദം കേൾക്കണം! ഈ ഭൂമിയിലുള്ള എല്ലാം എല്ലാവർക്കും അവകാശപ്പെട്ടതാണ്; അതുകൊണ്ട് പ്രകൃതി സംരക്ഷണത്തിനായി നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം!

*Emilia Elsa Tom is a year 9 student at Carmel College, Milford. Her parents are from Eadathua, Alleppey. She is fond of Music and Dance.*

# Congratulations!




















എമിലിയ
എൽസ ടോം

# മഴയുടെ മധുരം

ആകാശം കരയുന്നു,
ചെടികൾ നൃത്തം ചെയ്യുന്നു,
കിളികൾ പാർപ്പിടം തേടുന്നു,
എന്റെ മനസ്സിന് സന്തോഷമേകുന്ന കാഴ്ചകൾ!

ഗഗന വിസ്താരമുള്ള എൻ മനസ്സിൽ,
ദുഃഖങ്ങൾ  അലിഞ്ഞു ചേരുന്നു!
മഴത്തുള്ളികൾ വാനത്തുനിന്നും
ഭൂമിയെ തൊടുമ്പോൾ
എന്റെ ഉള്ളം മധുരിക്കുന്നു!

എൻറെ ദേഹത്തിനു കുളിർമയേകുന്നു!
എന്റെ പൂങ്കാവനത്തിലെ പൂക്കളെല്ലാം
എന്നെ നോക്കി പുഞ്ചിരി തൂകുന്നു!

മഴത്തുള്ളിയിൽ നിന്നും ദാഹം
മാറ്റിയൊരു കുട്ടിക്കാലം,
മഴത്തുള്ളികളാൽ കുളിച്ചൊരു കുട്ടിക്കാലം,
മഴയുടെ മധുരമറിഞ്ഞൊരു കുട്ടിക്കാലം,
എന്റെ കുട്ടിക്കാലം ഞാൻ ഓർത്തിടുന്നു!

*Emilia Elsa Tom: A year 9 student of Carmel College, Milford. Her parents are from Eadathua, Alleppey. She is fond of Music and Dance.*

# സാഹിത്യ നഗരിക്ക് സ്തോത്രം



കുര്യൻ ജോൺ

സാഹിത്യ  നഗരിതൻ കീർത്തി മുദ്ര -ഖ്യാതി
നേടിയോരെൻ നഗരമേ
നിനക്ക് സ്തോത്രം -സ്തുതി- നീ വാഴ്ക!
ഈ സാഗര നഗര ഭൂമികയിൽ വന്നു വസിക്കാനായ
തെൻ   ഭാഗ്യം, സുകൃതം!

"സാംസ്കാരിക തലസ്ഥാന" തലപ്പാവുമില്ല,
അക്ഷര നഗര ഖ്യാതിയുമില്ല,
മധുരം വിളമ്പുന്ന തെരുവിന്റെ ഖ്യാതിക്ക്
പേരും പെരുമയും തന്ന നഗരമേ,

നിനക്ക് സ്തോത്രം - സ്തുതി - നീ വാഴ്ക!
"കാലം" "മതിലുകൾ" ക്കപ്പുറമെത്തിച്ച
"ദേശ" "പെരുമ"യുടെ തീര നഗരമേ
നിനക്ക് സ്തോത്രം - സ്തുതി - നീ വാഴ്ക!

"സുൽത്താ"നിരിക്കാനൊരു ചാരുകസേരയും
സൽക്കാര സ്വാദിന്റെ പേരും പെരുമയും
സൗഹൃദ കൂട്ടായ്മയൊരുക്കിയെൻ നഗരമേ
നിനക്ക് സ്തോത്രം -സ്തുതി- നീ വാഴ്ക!

'മിസ്ക്കാലും' 'മസ്ജിത്തും' 'ബാസലിവാഞ്ചലും'
രാവേറെ നിന്നൊരാ ത്യാഗരാജോൽത്സവവും
എനിക്ക് നൽകിയോരെൻ നഗരമേ,
നിനക്ക് സ്തോത്രം -സ്തുതി- നീ വാഴ്ക!

(This poem is a tribute to Kozhikode, which has been named India's first "UNESCO city of Literature" in recognition of its rich literary heritage and vibrant cultural scene).

തദ്ദേശ രാഷ്ട്രീയ, സാംസ്കാരിക രംഗങ്ങളിൽ സജീവ സാന്നിദ്ധ്യമായ കര്യൻ ജോൺ കേരളാ ഗവൺമെൻറ് സർവീസിൽ മുനിസിപ്പൽ സെക്രട്ടറിയായും കുടുംബശ്രീ പ്രോജെക്ട് ഓഫീസറായും ഏറെക്കാലം പ്രവർത്തിച്ചിരുന്നു.



നിധീഷ്. ജി



# സ്വപ്നവഞ്ചി

കടൽ കടന്ന്
തീരം തേടി
തുഴയുന്നുണ്ടൊരു വഞ്ചി...

ഉള്ളം നിറയെ
ആശകളേറി
തീരത്തരികെ വഞ്ചി...

സ്വപ്നം വിരിയും
തീരക്കാഴ്ചയിൽ
മാനസമാകെ കുളിര്...

നയന മനോഹര
പല ദൃശ്യങ്ങൾ
സ്വാധീനിക്കും ചിന്ത...

വൈവിധ്യത്തിൻ
പൂക്കൾ വിരിയും
ചിന്തകളെത്ര തീവ്രം...

ജീവനുണർവ്വായ്
പ്രതീക്ഷയാകും
ഉറ്റവരുടെ സ്നേഹം...

സുഖ ദു:ഖങ്ങൾ
തുടരെ മാറി
അസ്ഥിരമാകും യാത്ര...

നിധീഷ്: കോഴിക്കോട് സ്വദേശി. 2015 മുതൽ കുടുംബസമേതം ഓക്‌ലൻഡിൽ താമസിക്കുന്നു. ടോസ്റ്റ് മാസ്റ്റർ ക്ലബ്ബിൽ അംഗമാണ്.



കഥ



മേരിക്കുട്ടി
സെബാസ്റ്റ്യൻ



# സൂസന്നയും അത്തിപ്പഴവും

ഒൻപതാം മാസത്തിന്റെ ആലസ്യങ്ങൾക്കിടെയിലെപ്പോഴോ ആണ് സൂസന്നയ്ക്ക് അത്തിപ്പഴം കഴിക്കണം എന്ന മോഹമുദിച്ചത്. അത്, അപ്പോൾ തന്നെ കെട്ട്യോൻ ജോണിക്കുട്ടിയോടു പറയുകയും ചെയ്തു.

അയാൾക്ക് സന്തോഷവും അതിലേറെ അഭിമാനവും തോന്നി, അല്ലെങ്കിലും എന്റെ സൂസിക്കൊച്ചു എല്ലാവരെയും പോലെയല്ല, ഗർഭിണി ആയിട്ടു ആദ്യമായിട്ടാണ് അവൾക്കു എന്തെങ്കിലും സ്പെഷ്യൽ ആയി കഴിക്കണം എന്ന് തോന്നിയത്... അതും സാധാരണ പുളിമാങ്ങയോ മസാലദോശയോ ഒന്നുമല്ല... അത്തിപ്പഴം ആണ് ചോദിച്ചത്.

കൂട്ടുകാർ പറയുമായിരുന്നു "ജോണിക്കുട്ടി, നീ ഭാഗ്യവാനാടാ, ഞങ്ങളുടെ ഭാര്യമാർ ഓരോന്നിനും വേണ്ടി ഞങ്ങളെ എവിടെയെല്ലാം ഓടിച്ചിരിക്കുന്നു!" ജോണിക്കുട്ടി പക്ഷെ അങ്ങനെയൊരു നിമിഷത്തിനു വേണ്ടി കൊതിച്ചിരുന്നു എന്നതാണ് സത്യം!

രണ്ടു പേരും ഒന്നാം ക്ലാസ്സിൽ ചേർന്നത് ഒരേ വർഷമാണ്. ആദ്യത്തെ ദിവസം തന്നെ രണ്ടുപേരും കൂട്ടായി, കാരണം രണ്ടു പേരും അടുത്തടുത്തിരുന്നു മത്സരിച്ചു കരച്ചിലായിരുന്നു. പിന്നെ വളരുന്നതിനനുസരിച്ചു അവരുടെ ഇഷ്ടത്തിന് വേറെ തലങ്ങളും അർത്ഥങ്ങളും ഉണ്ടായി.

സൂസന്ന പഠിക്കാൻ മിടുക്കിയായിരുന്നു. അവൾ പത്താം ക്ളാസ് പാസ്സായപ്പോൾ ജോണിക്കുട്ടി എട്ടാം ക്ലാസ്സിലേക്ക് കയറിയതേയുള്ളു. അതൊന്നും അവരുടെ ഇഷ്ടത്തിന് മാറ്റ് കുറച്ചില്ല. "പഠിച്ചു വേഗം ജോലി നേടൂ എന്നാലല്ലേ എന്റെ അപ്പന്റെ അടുത്ത് വന്നു പെണ്ണ് ചോദിയ്ക്കാൻ പറ്റൂ" എന്ന് അവളൊരിക്കലും പറഞ്ഞില്ല; പകരം മധുരമായിട്ട് ചിരിച്ചു, ഓരോ പ്രാവശ്യം തോറ്റപ്പോഴും.

അത് കാണാൻ വേണ്ടിയാണോ താൻ വീണ്ടും വീണ്ടും തോറ്റതെന്നു കൂടി ജോണിക്കുട്ടി ഓർത്തിട്ടുണ്ട്.

ഏതായാലും ജോണിക്കുട്ടി പത്താം ക്ളാസ് പാസ്സായപ്പോഴേക്കും സൂസന്ന, ടീച്ചർ ആയി ജോലിയിൽ പ്രവേശിച്ചിരുന്നു. തത്ക്കാലം പഠനത്തിന് അവധി കൊടുത്തു അയാൾ ജൈവകൃഷിയിലേക്ക് തിരിഞ്ഞു.
സൂസന്നയ്ക്ക് കല്യാണാലോചനകൾ ധാരാളം വന്നു തുടങ്ങി. താൻ ജോണിക്കുട്ടിയെ മാത്രമേ വിവാഹം കഴിക്കൂ എന്നവൾ വാശി പിടിച്ചപ്പോൾ അവളുടെ അപ്പൻ അതങ്ങു സമ്മതിച്ചു കൊടുത്തു, കാരണം അങ്ങേർക്ക് മകളെ അത്രയ്ക്ക് ഇഷ്ടമായിരുന്നു.

ദുരഭിമാനത്തിന്റെ പേരിൽ പലതും നടക്കുന്ന ഈ കാലത്തു അയാളും സ്വല്പം വ്യത്യസ്തമായി ചിന്തിച്ചു. ഒന്നുമില്ലേലും കൊച്ചു ചെന്ന് കേറുന്ന വീട്ടിൽ സ്റ്ററൗ പൊട്ടിത്തെറിക്കില്ലല്ലോ...

ആയിടക്കാണ് വീടിനടുത്തു വിമാനത്താവളം വന്നത്. അടുത്ത് താമസിക്കുന്നവർ എന്ന പരിഗണയിൽ ജോണിക്കുട്ടിക്കും തരക്കേടില്ലാത്ത ഒരു ജോലി കിട്ടി.

ഏഴാം മാസത്തിൽ വീട്ടുകാർ കൊണ്ടുപോകാൻ വന്നെങ്കിലും സൂസന്ന പോയില്ല. "ജോണിക്കുട്ടി തനിച്ചല്ലേ ഉള്ളു അപ്പച്ചാ, ഞാൻ പ്രസവം കഴിഞ്ഞു വരാം" എന്ന് അവൾ പറഞ്ഞപ്പോൾ അവർ അതും സമ്മതിച്ചു. ജോണിക്കുട്ടിയുടെ അമ്മക്ക് സുഖമില്ലാത്തതിനാൽ ചേട്ടന്റെ കൂടെയാണ് താമസം. ഏതായാലും സൂസന്നയോടു ചോദിക്കാതെ തന്നെ അപ്പൻ അവളുടെ അമ്മയെ വീട്ടിൽ കൊണ്ടുവന്നാക്കി- "ജോണിമോൻ ഇല്ലാത്തപ്പോൾ നിനക്കൊരു കൂട്ട് വേണ്ടേ?"

ഇനി അത്തിപ്പഴം എവിടെ നിന്ന് കിട്ടും? ലോക്കൽ കടകളിൽ കാണില്ല എന്നുറപ്പുള്ളതു കൊണ്ട് ടൗണിലും വലിയ കടകളിലും ഒക്കെ തിരക്കി നോക്കി. ഉണക്ക അത്തിപ്പഴം എത്തിക്കാം എന്ന് പലരും പറഞ്ഞു, പക്ഷെ അത് പോരല്ലോ. അത്തിപ്പഴം കിട്ടാനുണ്ടോ എന്ന മെസ്സേജ് വാട്സാപ്പിൽ കൂടി കേറി ഇറങ്ങിക്കൊണ്ടിരുന്നു. ഓരോ ദിവസവും വീട്ടിലെത്തുമ്പോൾ സൂസന്നയുടെ കണ്ണുകളിൽ ചോദ്യഭാവമുയരും, "കിട്ടിയില്ല അല്ലെ, സാരമില്ല"എന്നുള്ള ഭാവം അവനെ സങ്കടപ്പെടുത്തി. ഇതിനകം അത്തിപ്പഴക്കഥ നാട്ടിൽ പാട്ടായിരുന്നു. ഒരു നാട് മുഴുവൻ അത്തിപ്പഴം എവിടെ കിട്ടും എന്ന് അന്വേഷിച്ചു തുടങ്ങി.

വാർത്ത വിദേശത്തും എത്തി. ജോണിക്കുട്ടിയുടെ ഉറ്റ സുഹൃത്ത് റോയിയും കുടുംബവും ദുബായിലാണ് "എടാ ജോണിക്കുട്ടി ഞങ്ങൾ രണ്ടു ദിവസം കഴിഞ്ഞു നാട്ടിലേക്കു വരുന്നുണ്ട്, അത്തിപ്പഴം ഞങ്ങൾ കൊണ്ടുവന്നേക്കാം" എന്ന അവന്റെ വാക്കുകൾ എല്ലാവർക്കും ആശ്വാസമായി.

നാളെ രാവിലെയാണ് റോയ് എത്തുന്നത്, എയർപോർട്ടിൽ ചെന്ന് സാധനം കയ്യോടെ മേടിക്കണം എന്ന് ജോണിക്കുട്ടി മനസ്സിൽ തീരുമാനിച്ചു. അപ്പോഴാണ് അത് സംഭവിക്കുന്നത്-അന്ന് രാത്രി സൂസിക്കൊച്ചിനു പ്രസവവേദന തുടങ്ങി. ജോണിക്കുട്ടി ആദ്യമോർത്തത് അത്തിപ്പഴം എത്തിയില്ലല്ലോ എന്നാണ്. "മോനെ നമുക്ക് വേഗം ആശുപത്രിയിലേക്ക് പോകാം". സൂസന്നയുടെ അമ്മ ധൃതി കൂട്ടി. സൂസന്നയുടെ അപ്പച്ചനെയും ജോണിക്കുട്ടിയുടെ വീട്ടുകാരെയും അടുത്ത കൂട്ടുകാരേയും ഒക്കെ ഇതിനകം വിളിച്ചറിയിച്ചിരുന്നു.

പിന്നെ ലേബർ റൂമിന്റെ വെളിയിലെ കാത്തിരിപ്പ്... കുറച്ചു മണിക്കൂറുകൾക്കപ്പുറം നേഴ്സ് പ്രത്യക്ഷപ്പെട്ടു- "സൂസന്നയുടെ ബന്ധുക്കൾ വന്നോളൂ". നേഴ്സ് കുഞ്ഞിനെ എടുത്തു ജോണിക്കുട്ടിയുടെ കയ്യിൽ കൊടുത്തു... അവന്റെ കണ്ണിൽ സന്തോഷ കണ്ണുനീർ പൊടിയുന്നത് കണ്ട് സൂസന്നയുടെയും രണ്ട് അമ്മമാരുടെയും കണ്ണുകളും നിറഞ്ഞു.

തന്നിലേക്ക് നീളുന്ന അനേകം കണ്ണുകളും കൈകളും കണ്ട് കുഞ്ഞു അലറിക്കരയാൻ തുടങ്ങി, ഇവരിൽ ആരെയൊക്കെ തനിക്കു വിശ്വസിക്കാം, ആരാണ് രക്ഷകൻ, ആരാണ് ശിക്ഷകൻ എന്നോർത്തിട്ടാവുമോ? കാലം അതാണല്ലോ. ജോണിക്കുട്ടി കുഞ്ഞിനെ സൂസന്നയുടെ കയ്യിലേക്ക് തിരികെ കൊടുത്തു, അമ്മയുടെ മാറിൽ ചേർന്നിരുന്നു കുഞ്ഞു ഉറങ്ങിത്തുടങ്ങി...

അപ്പോഴാണ് കയ്യിലൊരു ബാഗുമായി ഒരാൾ വരുന്നത് കണ്ടത്, "ഇത് റോയ് സാർ തന്നു വിട്ടതാണ്, എയർപോർട്ടിൽ കുറച്ചു നേരം കാത്തിരുന്നു; പിന്നെ എന്നോട് ഇത് വീട്ടിൽ എത്തിക്കാൻ പറഞ്ഞു, അയൽക്കാർ വിവരങ്ങൾ ഒക്കെ പറഞ്ഞു, പക്ഷെ സ്വൽപ്പം ലേറ്റ് ആയി അല്ലെ? ഏതായാലും ഹാർട്ടി കൺഗ്രാജുലേഷൻസ്!"

ബാഗ് ജോണിക്കുട്ടിയെ ഏൽപ്പിച്ചു അയാൾ പോയി. നല്ല കനമുള്ള ബാഗ് തുറന്ന് ഒരത്തിപ്പഴം എടുത്ത് സൂസന്നയ്ക്കു കൊടുത്തു. അവൾ അതിന്റെ ഭംഗി കണ്ടാസ്വദിച്ച ശേഷം തിരിച്ചു കൊടുത്തിട്ടു പറഞ്ഞു "എന്ത് രസമാ കാണാൻ അല്ലെ, പക്ഷെ എനിക്ക് കഴിക്കാൻ തോന്നുന്നില്ല, എല്ലാവർക്കും കൊടുത്തോളു".

അന്ന് നാട്ടുകാർ സന്തോഷത്തിലായിരുന്നു, ബൈബിളിൽ വായിച്ചു മാത്രം കേട്ടിട്ടുള്ള അത്തിപ്പഴം കാണാനും അതിന്റെ രുചിയറിയാനും ഭാഗ്യമുണ്ടായി; അതും സൂസിക്കൊച്ചിലൂടെ...അല്ലെങ്കിലും അവൾ എല്ലാവരിൽ നിന്നും വ്യത്യസ്തയാണല്ലോ!

മേരിക്കുട്ടി സെബാസ്റ്റ്യൻ: മിഡിൽമോർ ഹോസ്പിറ്റലിൽ നേഴ്സ് ആയി ജോലി ചെയ്യുന്നു. എഴുത്തും വായനയും ഇഷ്ടം.

ഓർമ്മക്കുറിപ്പുകൾ



ലിനെറ്റ് ജോസ്

# ഒരു യാത്രക്കുറിപ്പ്

എല്ലാവരുടെയും ജീവിതത്തിൽ ഒരു മറക്കാനാവാത്ത അനുഭവമെങ്കിലും ഉണ്ടാകും. ഓർക്കുമ്പോൾ ഒരു നൊമ്പരമോ, കോരിത്തരിപ്പോ, അതുമല്ലെങ്കിൽ ഏതോ ഒരുതരം സുഖം തരുന്ന ഒന്നായിരിക്കാം അത്. അതുപോലുള്ള ഒരു അനുഭവം പങ്കുവയ്ക്കാൻ ആണ് ഞാനിവിടെ ആഗ്രഹിക്കുന്നത്.

എല്ലാവരെയും പോലെ എൻറെയും കുട്ടിക്കാലത്തെ ഒരു ആഗ്രഹവും സ്വപ്നവും ആയിരുന്നു എന്നെങ്കിലും ഒരിക്കൽ വിമാനത്തിൽ കയറണം എന്നുള്ളത്. വിമാനത്തിന്റെ ശബ്ദം കേട്ടാൽ ഉടൻ ഓടിച്ചെന്ന് ആകാശത്തേക്ക് നോക്കും എന്നിട്ട് മേഘപാളികളിൽ കൂടി അകന്നു നീങ്ങുന്നത് വരെ ഇമ വെട്ടാതെ നോക്കി നിൽക്കും. എന്നിട്ട് ഒരു ദീർഘനിശ്വാസവും വിട്ട് ഒരു പോക്കുണ്ട്... അങ്ങനെ വർഷങ്ങൾക്കുശേഷം ആകാശത്തിലൂടെ പറക്കാൻ, ആ സുദിനത്തിനായി, ഒരു വിമാനയാത്രയും ഉറപ്പാക്കി കാത്തിരിപ്പായി. ന്യൂസിലാൻഡിലേക്കാണ് യാത്ര. വിസയും വന്നു; ടിക്കറ്റ് OK ആക്കി എടുത്തു സാധനങ്ങളൊക്കെ വാങ്ങിക്കൂട്ടുവാനുള്ള നെട്ടോട്ടവും ആയി. രണ്ടാഴ്ച കടന്നുപോയി. ഇനി ഒരാഴ്ചയേ ഉള്ളൂ... കാണുന്നവരോട് എല്ലാം അടുത്തയാഴ്ച വിദേശത്തേക്ക് പോവുകയാണെന്ന് പറഞ്ഞു. അങ്ങനെ പള്ളിയിൽ ചെന്ന് വികാരിയച്ചന്റെ അനുഗ്രഹം ഒക്കെ വാങ്ങി ഇറങ്ങുമ്പോൾ അവിടെ ഒരു അമ്മച്ചി:

“എങ്ങോട്ടാ മോളെ പോകുന്നത്”?
ഞാൻ വലിയ കേമത്തിന്, ന്യൂസിലാൻഡിലേക്ക് ആണ് എന്ന് പറഞ്ഞു.
ഉടനെ അമ്മച്ചി എന്നോടായി അടുത്ത ചോദ്യം:

“അതെവിടെയാ, അങ്ങ് അമേരിക്കയിലോ മറ്റോ ആണോ”?

ഞാനാകെ ചമ്മിപ്പോയി. പിന്നെ ഒന്നും കേൾക്കാൻ നിൽക്കാതെ അവിടെ നിന്നും പതുക്കെ മുങ്ങി! ഇനി രണ്ടു ദിവസങ്ങൾ മാത്രം... ആകെ ഒരു അങ്കലാപ്പ്... ഇതുവരെ ഇട്ടു ശീലമില്ലാത്ത ജീൻസും പാൻറ്സും ഷർട്ടുകളും എല്ലാം മുറിയിൽ കൂട്ടിയിട്ടിരിക്കുന്നു. എല്ലാം പെട്ടിയിലാക്കണം... ഇഷ്ടമുള്ള ചുരിദാറിനോട് തൽക്കാലം ബൈ! ഇനി ഒരു ദിവസമേ ബാക്കി ഉള്ളൂ... കണ്ണൂരിൽ നിന്നും കൊച്ചിയിൽ എത്തണം... സാധനങ്ങളെല്ലാം തൂക്കണം... ഒക്കെ ശരിയാക്കി എടുത്തുവച്ചു ബന്ധുക്കളുടെ വരവും പോക്കും ഒക്കെയായി തലേദിവസം തീർന്നു... ഇപ്പോൾ നിങ്ങൾ വിചാരിക്കും ആദ്യ വിമാന യാത്രയെ കുറിച്ചാണ് ഞാൻ എഴുതുന്നതെന്ന്. എന്നാൽ തെറ്റി- എനിക്ക് പറയാനുള്ളത് രണ്ടാമത്തെ യാത്രയെ കുറിച്ചാണ്! ആദ്യത്തെ ഉദ്യമത്തിൽ CAP പഠനം ഒക്കെ കഴിഞ്ഞ് ജോലി കിട്ടാതെ കുറച്ചു മാസങ്ങൾക്ക് മുമ്പ് ഞാൻ റോസ്മി ചേച്ചിയുടെ കൂടെ നാട്ടിൽ തിരിച്ചെത്തിയിരുന്നു!

ജോൺസൺ സാർ വഴി എനിക്ക് വീണ്ടും ന്യൂസിലാൻഡിലേക്ക് വരുവാനുള്ള വിസ ശരിയായി. വളരെ ലാഘവത്തോടെ സമീപിച്ച ഈ യാത്രയെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. യാത്രയുടെ ദിവസം രാവിലെ സാധനങ്ങൾ എല്ലാം കാറിൽ കയറ്റി ബന്ധുക്കൾക്കെല്ലാം ടാറ്റ കൊടുത്തപ്പോൾ ഒരൊറ്റ കരച്ചിലായിരുന്നു! അങ്ങനെ കലങ്ങിയ കണ്ണും മനസ്സുമായി കൊച്ചിയിലേക്ക് വച്ചടിച്ചു. ഹോ, ആകെ ക്ഷീണമായി. എവിടെയെങ്കിലും ഒന്ന് കിടന്നാൽ മതി എന്നായി. ഹോട്ടൽ മുറിയിൽ കയറി കുളിച്ച് നേരെ എയർപോർട്ടിലേക്ക്. സാധനങ്ങളെല്ലാം കാറിൽ നിന്ന് ട്രോളിയിലേക്ക് മാറ്റി വീട്ടുകാരോട് “ബൈ ബൈ”യും പറഞ്ഞു തിരിഞ്ഞു നോക്കാതെ അകത്തോട്ട് നടന്നു നീങ്ങി.

ലഗേജ് ചെക്കിങ് ഒക്കെ കഴിഞ്ഞ് ബോർഡിങ്



പാസും കിട്ടി. കൊച്ചിയിൽ നിന്നും സിംഗപ്പൂരിലേക്കും സിംഗപ്പൂരിൽ നിന്ന് ഓക്ലൻഡിലേക്കുമുള്ള രണ്ട് ബോർഡിങ് പാസുകൾ കയ്യിൽ പിടിച്ച് കട്ട വെയ്റ്റിംഗ്... വീട്ടുകാരൊക്കെ മടക്കയാത്ര ആരംഭിച്ചു. ഞാൻ അകത്ത് ഫ്ലൈറ്റ് അനൗൺസ്മെൻറ് കേട്ടിരിപ്പായി. ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ എനിക്ക് യാത്ര ചെയ്യേണ്ട ഫ്ലൈറ്റിൻറെ അനൗൺസ്മെൻറ് വന്നു. ഹാൻഡ് ക്യാരി ബാഗും ബോർഡിങ് പാസും പാസ്പോർട്ടും ഒക്കെയായി ക്യൂവിൽ സ്ഥാനം പിടിച്ചു. ഓരോ കാറ്റഗറി വിളിച്ചു തുടങ്ങി. “വീൽചെയർ അസിസ്റ്റൻസ്”, “പാരന്റ്സ് വിത്ത് ഇൻഫൻസ്” അങ്ങനെയങ്ങനെ... ഞാൻ പാസ്പോർട്ട് ചെക്കിങ്ങും ബോർഡിങ് പാസ് ചെക്കിങ്ങും കഴിഞ്ഞ് ഫ്ലൈറ്റിലേക്ക് കയറാനായി അകത്തോട്ട് നടന്നു നീങ്ങി... വാതുക്കൽ നിന്ന എയർഹോസ്റ്റസിനെ നോക്കി നല്ല ചിരിയൊക്കെ ചിരിച്ച് അകത്തേക്ക് കയറുമ്പോൾ വെട്ടം സിനിമയിലെ സീനൊക്കെ മിന്നിമറിയുകയാണ്! ഇരിപ്പിടം ഉറപ്പിച്ചു എല്ലാം ക്ലിയർ... ഞാൻ ഇരിക്കുന്നതിന്റെ തൊട്ടടുത്തുള്ള സീറ്റിൽ ഇരിക്കുന്ന ആളെ കണ്ടപ്പോൾ വളരെ ബഹുമാനപൂർവ്വം എങ്ങോട്ടാണെന്ന് ഞാൻ അന്വേഷിച്ചു. ഓക്ലൻഡിലെ കാത്തലിക് കമ്മ്യൂണിറ്റിയിലേക്ക് സേവനം ചെയ്യാൻ നിയോഗിക്കപ്പെട്ട ഫാദർ മനോജ് ആയിരുന്നു അത്. ഒരു കൂട്ടുകിട്ടിയ സന്തോഷം... അച്ഛനുമായി വർത്തമാനം പറഞ്ഞ് സിംഗപ്പൂരിൽ പെട്ടെന്ന് എത്തി. സിംഗപ്പൂരിൽ രണ്ടുമണിക്കൂർ സമയമേ ഉള്ളൂ. അറിയാൻ മേലാത്ത വഴികളിലൂടെ ഓടി അവസാനം ഓക്ലൻഡിലേക്കുള്ള ടെർമിനലിൽ എത്തിപ്പെട്ടു. അപ്പോഴേക്കും ഡിപ്പാർച്ചർ അനൗൺസ്സ്മെൻറ് ഒക്കെ കഴിഞ്ഞ് ആളുകൾ ഫ്ലൈറ്റിലേക്ക് കയറിത്തുടങ്ങിയിരുന്നു...

ഫാദർ മനോജ് കൂടെ ഉണ്ടായിരുന്നതുകൊണ്ട് ഒരാശ്വാസമായിരുന്നു അച്ഛൻറെ “ചെക്ക് ഇൻ” ഒക്കെ കഴിഞ്ഞ് അടുത്തത് എൻറെ ഊഴമാണ്. യാതൊരു പരിഭവവുമില്ലാതെ ഒരു ചെറുപുഞ്ചിരിയോടെ പാസ്പോർട്ടും ബോർഡിങ് പാസും എയർപോർട്ട് ഓഫീസറിനെ കാണിച്ചു. ഉടനെ എന്നോട് റിട്ടേൺ ടിക്കറ്റ് എവിടെ എന്ന് ചോദിച്ചു. ഒരു നിമിഷം പകച്ചുനിന്നിട്ട് റിട്ടേൺ ടിക്കറ്റോ എന്ന് തിരിച്ചു ചോദിച്ചു. ദേ കൈവിട്ടുപോകുന്നു കാര്യ

ങ്ങൾ!... ഒരുതരത്തിൽ എൻറെ കാര്യങ്ങൾ ഞാൻ അവതരിപ്പിച്ചു. അവർ സമ്മതിച്ചില്ല... അപ്പോഴാണ് എനിക്ക് മനസ്സിലായത് എന്റെ വിസയിൽ റിട്ടേൺ ടിക്കറ്റ് നിർബന്ധമായും വേണമെന്ന കണ്ടീഷൻ ഉണ്ടായിരുന്നു എന്ന്. ഫാദർ മനോജും എനിക്കുവേണ്ടി സംസാരിച്ചു നോക്കി... പക്ഷേ അവർ സൂപ്പർ വൈസറിനെ അറിയിച്ചു. ഉടനെ തന്നെ റിട്ടേൺ ടിക്കറ്റ് എടുക്കാമെന്നും 20 മിനിറ്റ് കാലതാമസം തരണമെന്നും സമ്മതിപ്പിച്ചു.  എൻറെ കൈയും കാലും വിറച്ചിട്ട് ഒരു രക്ഷയുമില്ല...ന്യൂസിലാൻഡിൽ ഒരുതവണ വന്നു പോയത് കാരണം ന്യൂസിലാൻഡ് സിം കാർഡ് കയ്യിലുണ്ടായിരുന്നു. കണ്ണിൽ ആകെ ഇരുട്ട്! ചക്ക വെട്ടിയിട്ടതുപോലെ കിടക്കുമോ എന്ന് ഭയന്നു... മൊബൈൽ കുത്തി ആദ്യം വിളിച്ചത് ഹസ്ബൻഡിനെ തന്നെ... പരിഹാരം അദ്ദേഹത്തിൻറെ ഉത്തരവാദിത്തം ആണല്ലോ!

ഫോൺ എടുത്ത ഉടനെ സിംഗപ്പൂരിൽ എത്തിയോ എന്ന് മറുതലക്കൽ... അതിനുള്ള മറുപടി കൊടുക്കാതെ ഞാൻ അവിടെയും ഇവിടെയും ബന്ധമില്ലാതെ എന്തൊക്കെയോ പറഞ്ഞു. അത് കേട്ട് നിന്ന ഫാദർ മനോജ് എൻറെ കയ്യിൽ നിന്നും ഫോൺ വാങ്ങി ഉണ്ടായ കാര്യങ്ങൾ സൗമ്യമായി അവതരിപ്പിച്ചു... അതിനിടയിൽ ഫോണിലെ ക്യാഷ് തീർന്നു, കട്ടായിപ്പോയി!

കുറച്ചു കഴിഞ്ഞപ്പോൾ ഫോണിൽ 50 ഡോളർ ക്രെഡിറ്റഡ് എന്ന് സന്ദേശം വന്നു. ഉടനെ ഹസ്ബന്റിനെ തിരിച്ചുവിളിച്ചു... ജോൺസൺ സാർ മൊബൈലിൽ റീചാർജ് ചെയ്തതാണെന്നും, സാജു ചേട്ടൻ ഉടനെ റിട്ടേൺ ടിക്കറ്റ് ഇമെയിൽ അയച്ചു തരുമെന്നും അറിയിച്ചു. എയർപോർട്ട് “വൈഫൈ” കണക്ട് ചെയ്ത് ജിമെയിൽ ഓപ്പൺ ആക്കി സാജുച്ചേട്ടൻ അയച്ചുതന്ന ടിക്കറ്റ് ഫയൽ തുറക്കാൻ വേണ്ടി പലതവണ ക്ലിക്ക് ചെയ്തിട്ടും ആവുന്നില്ല... രണ്ടാമത് വേറൊരു ടിക്കറ്റ് അയച്ചുതന്നു... അതും ഓപ്പൺ ആയില്ല! സഹതാപം തോന്നിയ എയർപോർട്ട് സ്റ്റാഫ് അവരുടെ “വർക്ക്” കമ്പ്യൂട്ടറിൽ ഇമെയിൽ ചെക്ക് ചെയ്യാൻ അവസരം തന്നു. ഇത്രയും നേരം എന്നെ സപ്പോർട്ട് ചെയ്ത് നിന്ന മനോജ് അച്ചനോട് ഫ്ലൈറ്റ് ഉടനെ പുറപ്പെടുമെന്നും നിങ്ങൾ കയറുന്നുണ്ടെങ്കിൽ കയറാനും ആവശ്യപ്പെട്ടു, അങ്ങനെ അച്ചൻ ഫ്ലൈറ്റിൽ കയറാൻ നടന്നു നീങ്ങി- എൻറെ ടിക്കറ്റ് O.K.  ആകും എന്നുള്ള പ്രതീക്ഷയിൽ!
പക്ഷെ ഭാഗ്യദേവത കനിഞ്ഞില്ല എന്ന് വേണം പറയാൻ... എയർപോർട്ട് കമ്പ്യൂട്ടറും വർക്കായില്ല... അത്രയും നേരം ഒരു കുഴപ്പവുമില്ലാതെ പ്രവർത്തിച്ച കമ്പ്യൂട്ടർ വളരെ “സ്ലോ” ആയി. എല്ലാ പരിശ്രമങ്ങൾക്കും പരിസമാപ്തിയായി... ഫ്ലൈറ്റ് പുറപ്പെടുകയാണെന്ന് അറിയിച്ചു. നിമിഷങ്ങൾക്കകം “കറങ്ങിക്കൊണ്ടിരുന്ന” ജിമെയിൽ അക്കൗണ്ട് ഓപ്പൺ ആവുകയും ടിക്കറ്റ് ഫയൽ ഓപ്പൺ ആവുകയും ചെയ്തു. എന്ത് ചെയ്യാം, എല്ലാം നിർഭാഗ്യം! സങ്കടം സഹിക്കവയ്യാതെ ഞാൻ കരഞ്ഞു പോയി...വളരെ പ്രതീക്ഷയോടെ ഞാൻ ഫ്ലൈറ്റിൽ കയറുവാനുള്ള ഫോൺകോൾ പ്രതീക്ഷിച്ചു നിന്ന ഹസ്ബൻഡിനോട് തിരിച്ച് എനിക്ക് പറ്റിയില്ല എന്ന് പറയേണ്ടി വന്നു.

അതിനുശേഷം ജോൺസൺ സാറും സാജു ചേട്ടനും എന്നെ ആശ്വസിപ്പിച്ച് ഫോണിൽ വിളിച്ചു. കസ്റ്റമർ കെയറിൽ ചെന്ന് സംസാരിക്കാൻ ആവശ്യപ്പെട്ടു. ചോർന്നു പോയ ധൈര്യം വീണ്ടെടുത്ത് മുന്നോട്ട് എന്ത് ചെയ്യണം എന്ന് ചിന്തിച്ചു നിൽക്കുമ്പോൾ എയർപോർട്ട് സ്റ്റാഫ് എല്ലാവരും പിരിയാൻ തുടങ്ങി... കൂട്ടത്തിൽ ഒരു ഇന്ത്യൻ സ്റ്റാഫ് എന്നോടുള്ള സഹതാപത്താൽ കസ്റ്റമർ കെയർ സെൻററിൽ എന്നെ എത്തിച്ചു. പക്ഷേ കൗണ്ടറും, വെയിറ്റിംഗ് ഏരിയയും ശൂന്യമായി കിടക്കുന്നു... ആളുകൾ ആരും തന്നെയില്ല! കടകൾ മാത്രം തുറന്നിട്ടുണ്ട്... ഞാൻ വെയിറ്റിംഗ് ഏരിയയിൽ തന്നെ ഇരുന്നു. കുറച്ചുനേരം കഴിഞ്ഞപ്പോൾ ടിക്കറ്റ് കൗണ്ടറിൽ സ്റ്റാഫ് വന്നു. ഓടിച്ചെന്ന് ഇനി എന്താണ് ചെയ്യേണ്ടത് എന്ന് അന്വേഷിച്ചു അവരോട് സംസാരിക്കുന്നതിനിടയിൽ വാക്കുകൾ ഇടറി, കണ്ണുനീർ ധാരധാരയായി പൊഴിഞ്ഞു കൊണ്ടിരുന്നു. അവർ മാനേജറുമായി സംസാരിക്കട്ടെ എന്നും കുറച്ചുകൂടി വെയിറ്റ് ചെയ്യാനും പറഞ്ഞു.

വിശപ്പിന്റെ വിളി ഒരു വഴിയെ, എന്ത് ചെയ്യണമെന്നുള്ള അങ്കലാപ്പ് വേറെ വഴിയേ! എന്തൊക്കെയായാലും ഏകദേശം ഒരു മണിക്കൂർ നേരത്തെ കാത്തിരിപ്പിനു ശേഷം ഈവനിംഗ് ഫ്ലൈറ്റ് ഫുൾ ആണെന്നും നാളെ അതേ ഫ്ലൈറ്റിന് റീ ഷെഡ്യൂൾ ചെയ്യാമെന്നും സമ്മതിച്ചു.

ഇരുപത്തിനാലു  മണിക്കൂർ വെയ്റ്റിംഗ് ടൈം... എന്തായാലും ടിക്കറ്റ് കിട്ടിയല്ലോ എന്നതാണ് ആകെയുള്ള ആശ്വാസം. കുറച്ച് ന്യൂസിലാൻഡ് ഡോളർ മാത്രമേ കയ്യിൽ ഉണ്ടായിരുന്നുള്ളൂ, അതിനാൽ ഹോട്ടൽ റൂം എടുക്കുന്നതിനെപ്പറ്റി ഞാൻ ചിന്തിച്ചില്ല. ഒരു ദിനരാത്രത്തിന് ഇത്രയും ദൈർഘ്യം ഉണ്ടെന്ന് അന്നാണ് എനിക്ക് മനസ്സിലാ



യത്. എയർപോർട്ട് മുഴുവൻ അങ്ങോട്ടുമിങ്ങോട്ടും പലപ്രാവശ്യം നടന്നു. അതിനിടയിൽ സിംഗപ്പൂർ ടൂറിന് പലതവണ വിളിച്ചു. ടൂർ ആസ്വദിക്കാൻ പറ്റിയ ഒരു മാനസീക അവസ്ഥയിൽ അല്ലാത്തത് കാരണം വേണ്ടെന്നുവച്ചു. അങ്ങനെ കാത്തിരിപ്പിന് ഒടുവിൽ ഓക്‌ലൻഡിലേക്ക് പോകേണ്ട ഫ്ലൈറ്റ് എത്തി. വിഷമവും ആവലാതിയും എല്ലാം ഉള്ളിൽ ഒതുക്കി മറ്റ് പ്രശ്നങ്ങളൊന്നും ഇല്ലാതെ യാത്ര മുഴുമിപ്പിച്ചു ലഗേജ് ഒക്കെ എടുത്ത് പുറത്തിറങ്ങിയതും ഫോൺ അടിച്ചു. ദൈവദൂതനെ പോലെ ജോൺസൺ സാറാണ് സംസാരിച്ചത്. ആ “മോളെ” എന്നുള്ള വിളിയിൽ ഞാൻ അലിഞ്ഞില്ലാതെയായി. ഒന്നും നടന്നിട്ടില്ലാത്ത പോലെ സ്നേഹത്തോടെ എന്നോട് സംസാരിച്ചു വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി. ഭക്ഷണമെല്ലാം കഴിച്ചതിനുശേഷം സാർ എനിക്കായി ഒരുക്കിയ താമസസ്ഥലത്തേക്ക് കൂട്ടിക്കൊണ്ടുപോയി. ബിജു-ലിസി ദമ്പതികളുടെ വീട്ടിലേക്കാണ് ഞാൻ പോയത്. അവിടെ ചെന്നതും ബിജു ചേട്ടൻ നാട്ടിൽ എവിടെയാണെന്ന് സ്നേഹത്തോടെ അന്വേഷിച്ചു. കണ്ണൂർ ആണെന്ന് പറഞ്ഞപ്പോൾ അവിടെ എവിടെ എന്നായി അടുത്ത ചോദ്യം. വായാട്ടുപറമ്പ് എന്ന സ്ഥലത്താണെന്ന് ഞാൻ പറഞ്ഞു. ആണോ, അപ്പോൾ നമ്മൾ ഒരേ നാട്ടുകാർ ആണല്ലോ എന്നായി ബിജു ചേട്ടൻ. എനിക്കറിയാത്ത എൻറെ നാട്ടുകാരനോ? ഞാൻ സൂക്ഷിച്ചു നോക്കി... കുറച്ചു കൂടി സംസാരിച്ചപ്പോൾ എൻറെ മാതാപിതാക്കളെ ബിജു ചേട്ടന് അറിയാം എന്ന് മനസ്സിലായി.

യാദൃശ്ചികമായിട്ടാണ് ആ വീട്ടിൽ എത്തിപ്പെട്ടത് ആണെങ്കിലും വളരെ സ്നേഹത്തോടും കരുതലോടും കൂടെയാണ് ഞാൻ അവിടെ ചിലവഴിച്ചത്. അതിനടുത്തുള്ള ഒരു ദിവസം എന്നെയും കൂട്ടി പള്ളിയിൽ ചെന്നു.

അവിടെ നിൽക്കുന്നു മനോജ് അച്ചൻ! ”കുട്ടി എത്തിയോ”എന്ന് എല്ലാവരുടെയും മുമ്പിൽ ഒരു ചോദ്യം! അതുവരെ ആരോടും പറയാത്ത എൻറെ കഥ അവിടെ ചുരുളഴിഞ്ഞു!

ഒരു മധുരിക്കുന്ന നൊമ്പരമായി ഇന്നും എൻറെ മനസ്സിൽ തങ്ങി നിൽക്കുന്ന ആ യാത്രയിൽ എന്നെ സഹായിച്ച എല്ലാവരോടുമുള്ള നന്ദിയും കടപ്പാടും ഇവിടെ അറിയിക്കുന്നു!

*Linnet Jose, R.N. (M.Sc. N), Completed Master's degree from the University of Auckland. Works as a Clinical Specialist Nurse at Northshore Hospital and as a Clinical Nurse Advisor at Allevia Hospital. Hobbies include baking, stitching and reading.*


CRAFT SHED
Blinds & Shutters
craftshed.nz
We redefine interior spaces
with style and functionality
Indoor Blinds & Window Shutters
022 100 2747


bworth
OUR PRODUCTS
LOUVRES
PERGOLA
AWNING
CANOPY
CARPORT
OUTDOOR BLINDS
SLIDING GLASS DOOR
OUTDOOR SHUTTER
www.bworth.co.nz
09 393 6320


ZEALAND IMMIGRATION
ZEALAND IMMIGRATION
YOUR TRUSTED IMMIGRATION PARTNER
End-to-End Solutions
For Employers & Visa Applicants
Experts in Complex Immigration Matters
Specialized support for challenging cases
Multilingual Support
7 LIA fluent in multiple languages
Includes Malayali advisers
NZAMI
SUSAN ABRAHAM
Senior Advisor
FEMIN TRESSA FRANCIS
Provisional Licensed Immigration Advisor
office@zealandimmigration.co.nz
+64-27222-2600, 03-337-1378
4/243 Cambridge Terrace, Christchurch, NZ
+64-9359-9009
Suite 6 Level 1/129 Great South Road,
Papatoetoe, Auckland, NZ



മിഥുൻ
ജാക്സൺ

AUCKLAND
SUPER LEAGUE




### ഓക്‌ലൻഡിലെ മലയാളി സമൂഹത്തിൽ

# ഫുട്ബോളിന്റെ വളർച്ചയും പ്രോത്സാഹനവും

ന്യൂസിലാൻഡിലെ ഏറ്റവും സജീവമായി വളർന്ന് വരുന്ന മലയാളി കായികരംഗങ്ങളിലൊന്നാണ് ഫുട്ബോൾ. പ്രത്യേകിച്ച് ഓക്‌ലൻഡിലെ മലയാളി സമൂഹത്തിന് ഈ കളിയിൽ നൽകുന്ന പ്രാധാന്യം കഴിഞ്ഞ കുറച്ച് വർഷങ്ങളായി ശക്തമായി ഉയരുന്നുണ്ട്. കലയുടെ ഭാവവും കായികത്തിന്റെ ആത്മാവും ചേർന്ന ഈ കളി ഇന്ന് നവസാമൂഹ്യബന്ധങ്ങളുടെ പ്രതീകമായിത്തീർന്നിരിക്കുന്നു. ഓക്‌ലൻഡിൽ എല്ലാ വർഷവും അമൽ ജോർജും, മിഥുൻ ജാക്സണും ചേർന്ന് സംഘടിപ്പിക്കുന്ന ഓക്‌ലൻഡ് സൂപ്പർ ലീഗ് മലയാളി ഫുട്ബോൾ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ പ്രചോദനവുമായിരിക്കുന്നു. ന്യൂസിലാൻഡിന്റെ വിവിധ ഭാഗങ്ങളിലുള്ള മലയാളി ക്ലബ്ബുകൾ ഈ ടൂർണമെന്റിൽ പങ്കെടുത്ത് സമൂഹത്തിന്റെ ഐക്യത്തെ കൂടി ശക്തിപ്പെടുത്തുന്നു.

ഓക്‌ലൻഡിനെ പ്രതിനിധീകരിച്ചു ഓക്‌ലൻഡ് ചലഞ്ചേഴ്സ്, ഓക്‌ലൻഡ് യുണൈറ്റഡ്, നോർത്ത്ഷോർ FC, ബീറ്റ്സ് FC എന്നിങ്ങനെയുള്ള ടീമുകൾ മത്സര രംഗത്തെത്തുന്നു. മാത്രമല്ല, ഹാമിൽട്ടൺ, ഹേസ്റ്റിംഗ്സ്, പാൽമേർസ്റ്റൺ നോർത്ത്, വെല്ലിങ്ടൺ എന്നിവിടങ്ങളിൽ നിന്നുള്ള മലയാളി ഫുട്ബോൾ ടീമുകളും താരങ്ങളും ഈ ടൂർണമെന്റിൽ എത്തിച്ചേരുന്നു.

**വർദ്ധിച്ച പങ്കാളിത്തം**

ഓക്‌ലൻഡിന്റെ വിവിധ ഭാഗങ്ങളിൽ ഉള്ള മലയാളി ക്ലബ്ബുകൾ ദൈനംദിന പരിശീലന ക്യാമ്പുകൾ, സൗഹൃദ മത്സരങ്ങൾ, വാർഷിക ലീഗുകൾ എന്നിവ സംഘടിപ്പിക്കുന്നു. കുടുംബങ്ങളുടെ സജീവ സാന്നിധ്യവും കുട്ടികളുടെയും യുവാക്കളുടെയും ആകർഷണവും മലയാളി ഫുട്ബോളിന്റെ ഭാവി ഉറപ്പാക്കുന്നു.

**സാമൂഹിക ഐക്യതയ്ക്കുള്ള വേദി**

ഫുട്ബോൾ മാത്രമല്ല, ഇത് മലയാളി സമൂഹത്തെ













ഒന്നിപ്പിക്കുന്ന ഒരു ചട്ടക്കൂടുമാണ്. വാട്സ്ആപ് ഗ്രൂപ്പുകൾ, ഫേസ്ബുക്ക് പേജുകൾ, സമൂഹമാധ്യമ ചാനലുകൾ എന്നിവയിലൂടെ ഫുട്ബോൾ ദിനചര്യ കളിൽ നിന്നുമാണ് ഇപ്പോൾ ഒരുപാട് ബന്ധങ്ങൾ ആരംഭിക്കുന്നത്. മത്സരം മാത്രം പോര, അതിന്റെ ചുറ്റുവട്ടം കൂടി ഏറെ ഉയർന്ന സാമൂഹിക ഐക്യത കൊണ്ടുവരുന്നതാവണം

യുവതലമുറയുടെ വളർച്ച ഫുട്ബോളിലൂടെ

വീടുകളിൽ നിന്ന് ഫുട്ബോൾ പ്രേമം പകർന്നു കിട്ടിയ മക്കൾക്ക് ഇവിടെ കൂടുതൽ അവസ രങ്ങൾ ഉണ്ട്. പ്രൊഫഷണൽ പരിശീലകരും മുതിർന്ന മലയാളി കളിക്കാരുമാണ് പരിശീലന ങ്ങൾ നൽകുന്നത്. പല കുട്ടികളും അക്കാദമിക ളിലേക്കും പ്രാദേശിക ടീമുകളിലെക്കും കടന്ന് പോകുന്നുണ്ട്.




പ്രാദേശിക തലത്തിൽ തുടങ്ങി, അതിനുശേഷം നാഷണൽ ലെവലിൽ മലയാളികൾ പങ്കെടുത്തിരിക്കുകയാണ്. ചിലർ ന്യൂസിലാൻഡ് പ്രീമിയർ ലീഗിലെ ടീമുകളിലേക്കും സെമിപ്രൊ ക്ലബ്ബുകളിലേക്കും തിരഞ്ഞെടുക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ വിജയങ്ങൾ പുതിയ തലമുറയ്ക്ക് ആവേശം നൽകുന്നു.

**ശീതകാലത്ത് ഫുട്ബോൾ: ആരോഗ്യത്തിനൊരു സൗഭാഗ്യം**

ന്യൂസിലാൻഡിലെ ശീതകാലത്ത് പലരും തണുപ്പിന്റെ പേരിൽ വീട്ടിനകത്തേക്ക് ഒതുങ്ങിയിരിക്കും. എന്നാൽ, ഫുട്ബോൾ പോലുള്ള കായികപ്രവർത്തനങ്ങൾ ശീതകാലത്ത് തുടരുന്നത് ശരീരത്തിനും മനസ്സിനും അനവധി ഗുണം ചെയ്യുന്നു.

ഹൃദയാരോഗ്യം മെച്ചപ്പെടുത്തുക, രക്ത ചംക്രമണം വർദ്ധിപ്പിക്കുക, മസിലുകൾ ശക്തിപ്പെടുത്തുക, ശ്വാസകോശങ്ങൾ കൂടുതൽ പ്രവർത്തനക്ഷമമാകുക എന്നിങ്ങനെയുള്ള ശാരീരിക ഗുണങ്ങളോടൊപ്പം, ചൂടില്ലാത്ത കാലാവസ്ഥയിൽ ശരീരം ചലിപ്പിക്കുന്നത് ദീർഘകാല ആരോഗ്യം നിലനിർത്താൻ സഹായിക്കുന്നു. ഇതിന് പുറമെ, ശീതകാല മാനസിക സമ്മർദ്ദവും അലസതയും മറികടക്കാൻ ഫുട്ബോൾ വലിയൊരു വേദിയാകുന്നു. കൂട്ടായ്മയുടെ ആവേശം, വിജയത്തിന്റെ സന്തോഷം, ഒത്തുചേരലിന്റെ മധുരം എന്നിവ മൂലം വ്യക്തികളുടെ മാനസികാരോഗ്യത്തിലും പോസിറ്റീവ് മാറ്റങ്ങൾ വരുന്നു. കുട്ടികളുടെയും മുതിർന്നവരുടെയും ശരീരസജീവതയും ശീലങ്ങളുമാണ് ഇതിലൂടെ രൂപപ്പെടുന്നത്.

**മുന്നോട്ടുള്ള വഴി**

ഫുട്ബോളിന്റെ ഈ വളർച്ചയിൽ മലയാളി സ്പോർട്സ് ആൻഡ് കല്ചറൽ അസോസിയേഷനുകളുടെയും, സ്പോൺസർമാരുടെയും സന്നദ്ധ പ്രവർത്തകരുടെയും സജീവ പങ്കാളിത്തം ഉണ്ടായാൽ, കൂടുതൽ കുട്ടികൾക്കുള്ള ലീഗുകൾ, വനിതാ ടൂർണമെന്റുകൾ, സാംസ്കാരിക കായികോത്സവങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിന്റെ സാധ്യതകൾ വൻതോതിൽ വർദ്ധിക്കും.

ഈ വളർച്ച വെറും കായികം അല്ല, സംസ്കാരവും, ഐക്യവും, ഉൾക്കാഴ്ചയും ചേർത്തെടുത്ത ഒരു യാത്രയാണ്. ഓക്‌ലൻഡിലെ മലയാളികൾക്കിടയിൽ ഫുട്ബോൾ ഇന്ന് പൊതു ഭാഷയാണ്

— സ്നേഹത്തിന്റെയും, സ്പോർട്സ്മാൻഷിപ്പിന്റെയും, സമാനതയുടേയും, അതിലുപരി നമ്മുടെ മലയാളി തനിമയുടെയും.

*Midhun Jackson is a Cybersecurity Manager at Datacom and a passionate football player. He has been playing football in Auckland since 2010. Lives in Milldale, Auckland with his wife Nidia Jackson, who is a senior software developer for ASB Bank. Other than football and work, he enjoys dancing, hiking and videography*

ഓർമ്മക്കുറിപ്പുകൾ



ജൂബി ഡോൺ
ജോൺസ്



# എന്റെ കുട്ടിക്കാലം

എന്റെ ബാല്യകാലം എന്ന് പറയുമ്പോൾ ഒരു ഇരുപത് ഇരുപത്തഞ്ചു വർഷം പുറകോട്ടു പോകണം. 90s കിഡ്സ് ന്റെ കുട്ടികാലം. അതായിരുന്നു ഏറ്റവും നല്ല കാലം. ബ്ലാക്ക് ആൻഡ് വൈറ്റ് TV പോലും വിരളം ആയി രുന്ന കാലം, കേബിൾ , മൊബൈൽ ഫോൺ, വീഡിയോ ഗെയിംസ് ഒക്കെ കേട്ടു കേൾവി പോലും ഇല്ലാത്ത കാലം, ഒരു നാട്ടിലെ പിള്ളേർ എല്ലാരും ഒരേ സ്കൂളിൽ പഠിച്ച കാലം, കൂട്ടം കൂട്ടമായി നടന്നു സ്കൂളിൽ പോയിരുന്ന കാലം, എല്ലാർക്കും എല്ലാവരെയും അറിയുമായിരുന്ന കാലം, അങ്ങനെ ഒരു കാലഘട്ടത്തിലെ ചില ഓർമകളാണ് ഇവിടെ കുത്തിക്കുറിക്കുന്നത്

എന്റെ ബാല്യകാലത്തിനു മാമ്പഴത്തിന്റെയും, ആഞ്ഞിലി ചക്കയുടെയും പാടത്തെ ചേറിന്റെ യും, ചക്കപ്പഴത്തിന്റെയും ഒക്കെ മണമാണ്. അവധിയെന്നു വച്ചാൽ അമ്മവീട് ആണ്. പള്ളിക്കൂടം അടക്കുമ്പോഴേ കുറെ തുണി ഒക്കെ വാരിക്കെട്ടി ആങ്ങളയെയും കൂട്ടി അമ്മയുടെ കൂടെ പാലാ-കല്ലറ ഒറ്റ ബസിൽ കയറി ഉള്ള യാത്ര. എന്റെ നാട്ടിൽ നിന്നും കയറിരണ്ടു സ്റ്റോപ്പ് കഴിയുമ്പോളേക്കും എനിക്ക് ഓക്കാനം വന്നു തുടങ്ങും, ഛർദി ഒഴിവാക്കാനായി എന്നെ ഡ്രൈവ റുടെ നേരെ ഏറ്റവും മുമ്പിൽ ഉള്ള പെട്ടിപുറത്തു കൊണ്ട് പോയി ഇരുത്തും. ഇടയ്ക്കിടയ്ക്ക് തിരിഞ്ഞു നോക്കി 'അമ്മ പുറകിൽ ഉണ്ടെന്നു ഉറപ്പുവരുത്തിയാണ് യാത്ര. അങ്ങനെ മുന്നിലെ കാഴ്ചകൾ കണ്ടു, ഏറ്റുമാനൂർ, കരിസ് ഭവൻ, പ്രവട്ടം കഴിഞ്ഞു നീണ്ടൂർ എത്തും.
അമ്മയുടെ അമ്മവീട് അവിടെ ആണ്. അമ്മേടെ അപ്പച്ചനെയും അമ്മച്ചിയേയും ചെറിയ ഓർമയെ ഉള്ളൂ. പക്ഷെ കല്ലറക്കു പോകുന്ന വഴി ഇപ്പോഴും അവിടെ ഇറങ്ങുമാറുന്നു. അവിടെ അപ്പച്ചനെയും

അമ്മച്ചിയേയും അമ്മായിയേയും മറ്റു ബന്ധുക്ക ളെയും ഒക്കെ കണ്ടു ചെറിയ സൽക്കാരം ഒക്കെ സ്വീകരിച്ചു വീണ്ടും ബസ് സ്റ്റോപ്പിലേക്ക്.
അടുത്ത് കോട്ടയം വൈക്കം റൂട്ടിൽ ഓടുന്ന ഏതെങ്കിലും ബസിൽ കയറി മൂന്നു നാല് സ്റ്റോപ്പ് കഴിഞ്ഞാൽ കല്ലറ ആയി. നീണ്ടൂർ കല്ലറ റൂട്ട് മുഴുവൻ പാടശേഖരങ്ങളും തോടും പാലങ്ങളും ആമ്പൽ കുളങ്ങളും ആണ്. എന്റെ അനിയന് ബസ് പാലത്തിൽ കയറുമ്പോൾ ഭയങ്കര പേടിയാരു ന്നു. അവൻ കണ്ണ് ഇറുക്കി പിടിച്ചു ഇരിക്കും.
അങ്ങനെ കല്ലറ പഴയ പള്ളി കവലയിൽ വണ്ടി ഇറങ്ങി. ഇനി ഒന്ന് ഒന്നര നടപ്പാണ്! ഓട്ടോറിക്ഷ പിടിച്ചു പോകാം, പക്ഷെ പിശുക്കിയും ആരോഗ്യ വതിയും ആയ എന്റെ മാതാവ് നടന്നേ പോകു.
അതിന്റെ പ്രധാന കാരണം ഇനി അങ്ങോട്ട് കണ്ണിൽ കണ്ട നാട്ടുകാരോടെല്ലാം വർത്തമാനം പറയാം, സ്വന്തം നാടിൻറെ ഭംഗി ആസ്വദിക്കാം, നീണ്ടൂർ നിന്നും കഴിച്ച ആഹാരം ദഹിപ്പിക്കാം, എന്നാലേ സ്വന്തം വീട്ടിൽ ചെന്ന് വീണ്ടും കഴി ക്കാൻ പറ്റൂ!
ഒരു പത്തു പതിനഞ്ചു മിനിറ്റ് നടന്നു കഴിഞ്ഞാൽ ഒരു മൂന്നും കൂടിയ കവല വരും. ഇന്ന് ആ വഴി ആലപ്പുഴ കോട്ടയം ഹൈവേ ആണ്. നേരെ വഴിയേ പോയാൽ സമയം കൂടുതൽ എടുക്കും, അത് കൊണ്ട് അമ്മ വേറെ കണ്ടം വഴി ഇറങ്ങി നടക്കും. ഞങ്ങൾ വച്ച് പിടിച്ച പുറകെ പോണം. ഇടയ്ക്കു തോട് ചാടി കടക്കണം, കയ്യാല ചാടണം,നീർക്കോലിയെ കണ്ടു പകച്ചു നിക്കണം. പുല്ലു മേയുന്ന പശുക്കളുടെ കുത്തു കൊള്ളാതെ നോക്കണം. അതിന്ന് ഇടയ്ക്കു കാണുന്ന നാട്ടു കാരോട് എല്ലാം അമ്മ കത്തി വച്ച് കഴിയുന്ന വരെ അക്ഷമരായി കാത്തു നിൽക്കണം.
അങ്ങനെ ഒരു വിധം ഒരു കുന്നിന്റെ ചെരുവിൽ എത്തും, ശാസ്താവ് കുന്ന് പുറം എന്നാണ് അറിയപ്പെടുന്നത്. ആ കുന്നിന്റെ മുകളിൽ ഒരു കുഞ്ഞു അമ്പലം, ആൽത്തറ, ഒക്കെ ഉണ്ട്. ഈ കുന്നിൻ പുറം കഴിഞ്ഞാൽ അമ്മവീട്ടിലേക്കു പത്തു മിനിറ്റ് പോലും ഇല്ല. പക്ഷെ ഈ വഴി ഒന്ന് കടന്നു കിട്ടാൻ ആണ് ഏറ്റവും പാട്. അമ്മയുടെ സ്വന്തം തട്ടകം ആണ്. എല്ലാ വീടിന്റെയും മുന്നിൽ ചെന്ന് നിന്ന് കലപില വർത്തമാനം, അമ്മയുടെ കൂട്ടുകാരുടെ ബന്ധുക്കാരുടെ അയൽക്കാരുടെ വീടുകൾ. കുറെ കഴിഞ്ഞു ക്ഷമ നശിച്ചു ഞാനും അനിയനും ഒറ്റ ഓട്ടം.
അങ്ങനെ അമ്മവീട്ടിൽ എത്തും . അപ്പോഴേക്കും ഏകദേശം നട്ടുച്ച ആയിട്ടുണ്ടാകും. അന്ന് രണ്ടു വീട്ടിലും ഫോൺ ഇല്ല, അമ്മച്ചിക്ക് ഞങ്ങൾ വരുമെന്ന് അറിഞ്ഞു കൂടാ. പക്ഷെ അമ്മച്ചിയുടെ ആറാം ഇന്ദ്രിയം പ്രവർത്തിക്കും. അമ്മച്ചി എങ്ങനെയോ കൃത്യമായി ഊഹിക്കും. ചക്കക്കുരു മാങ്ങയോ ചെമ്മീനും മാങ്ങയോ കടുക് തളിച്ചു ഇറക്കുമ്പോൾ ആയിരിക്കും ഞങ്ങളുടെ വരവ്. ആ കൂട്ടത്തിൽ മീൻ വറുത്തതും മീൻ കറിയും ചീര തോരനും ഉറപ്പായും കാണും. ഞങ്ങളെ കാണുമ്പോൾ അപ്പച്ചനും അമ്മച്ചിക്കും ഭയങ്കര സന്തോഷം. കുറച്ചു നേരം വിശേഷങ്ങൾ ഒക്കെ പറഞ്ഞു കഴിഞ്ഞു വിശാലമായ ഊണ്. ഇത്രേം കറിയൊക്കെ ഉണ്ടെങ്കിലും അമ്മച്ചി അതിന്റെ കൂടെ താറാമുട്ട പൊരിച്ചതും അച്ചാറും കൂടെ വിളമ്പും. ആ ഊണിന്റെ രുചിയൊക്കെ ഇപ്പോളും നാവിൻ തുമ്പത്തു ഉണ്ട് !.

ഊണ് കഴിഞ്ഞു ഉടുപ്പൊക്കെ മാറി പിന്നെ സർക്കീട്ടു തുടങ്ങുകയായി. ആദ്യം കന്നുകാലി കൂട്, ആട്ടിൻ കൂട്. ഉറപ്പായും പുതിയ പശുക്കിടാവും ആട്ടിൻ കുട്ടികളും ഉണ്ടാകും, അവരാണ് നമ്മുടെ കളിപ്പാട്ടങ്ങൾ. കുറെ നേരം അതുങ്ങളെ ഇട്ടു ഓടിച്ചു ശേഷം താഴെ പറമ്പിൽ തോടിന്റെ അരികത്തു പോകും. അവിടെ അപ്പച്ചന്റെ വള്ളം ഉണ്ട്. വള്ളത്തിൽ കേറി കുറച്ചു നേരം അങ്ങോട്ടും ഇങ്ങോട്ടും ഊന്നുകഴിഞ്ഞു തിരിച്ചു വീട്ടിലേക്ക്.

അന്ന് വീടിന്റെ മുകളിൽ കയറാൻ കോവണി ഇല്ലാരുന്നു. ടെറസ്സിലേക്കു ചാന്നു നിൽക്കുന്ന വലിയ ഒരു പേര മരം ഉണ്ട്. മൂത്തതും പൊക്കം കൂടിയതും ആയ ഞാൻ പേര വഴി വലിഞ്ഞു മുകളിൽ ടെറസിൽ കയറി പേരക്ക ഒക്കെ പറിച്ചു തിന്നും. ഇടയ്ക്കു താഴെ നിൽക്കുന്ന അനിയന് ഇട്ടു കൊടുക്കും പിന്നീട് വലുതായപ്പോൾ അവനും മരം കയറ്റം പഠിച്ചു.

ഈ നേരം കൊണ്ട് അമ്മയും അമ്മച്ചിയും കൂടി



പഴം പുരാണം പരദൂഷണം, വിശേഷം എല്ലാം പറഞ്ഞു കഴിഞ്ഞിട്ടുണ്ടാകും, ഒരു മയക്കം കഴിഞ്ഞ അപ്പച്ചൻ പശുക്കളെ കറക്കാൻ പോകുന്നുണ്ടാവും , അമ്മേച്ചി ആടിനെ കറക്കാൻ പോകുന്നുണ്ടാവും . ഞങ്ങൾ പുല്ലും പ്ലാവിലയും ഒക്കെ കൊടുത്തു  പശുക്കളെയും ആടിനെയും ഒക്കെ പ്രോത്സാഹിപ്പിക്കും . നല്ല കറവ ഉള്ള പശുക്കളാണ്, വീട്ടിലെ ആവശ്യം കഴിഞ്ഞും പാൽ ഉള്ളത് കൊണ്ട് കുറെ പാല് സൊസൈറ്റിയിൽ കൊടുക്കണം. വലിയ സ്റ്റീലിന്റെ കുറ്റി  കഴുകി അപ്പച്ചൻ പാല് നിറയ്ക്കും. ഞങ്ങളും അപ്പച്ചന്റെ കൂടേ പാല് കൊടുക്കാൻ  നടന്നു പോകും. ഈ വഴി അപ്പച്ചൻ പഴ കഥകളും, മക്കളുടെ കാര്യങ്ങളും അപ്പച്ചന്റെ ചെറുപ്പത്തിലേ കാര്യങ്ങളും ഒക്കെ പറയും, പോകുന്ന വഴി നാട്ടുകാരെ കാണുമ്പോൾ മോളിയുടെ മക്കളാണെന്ന്  അഭിമാനത്തോടെ പരിചയപെടുത്തി കൊടുക്കും.

പാല് കൊടുത്ത വരുന്ന വഴി അപ്പച്ചന്റെ തറവാട് ഉണ്ട്. അവിടെ ഒരു മിന്നൽ സന്ദർശനം നടത്തി തിരിച്ചു  വീട്ടിലിലേക്കു പോരും . ഇനിം എല്ലാ ദിവസം അവരെ കാണാല്ലോ. തിരിച്ചു  വീട്ടിൽ വരുമ്പോൾ നല്ല ആട്ടിൻപാലൊഴിച്ച ചായ, അവലു വിളയിച്ചത്, അരിയുണ്ട, പുഴുങ്ങിയ മുട്ട ഒക്കെ ഉണ്ടാകും.

അപ്പോഴേക്കും  സമയം ഏകദേശം അഞ്ചു മണി. അടുത്ത ഒറ്റ ബസ് അഞ്ചരക്ക് ആണ്. 'അമ്മ പോകാൻ തയ്യാറാവും . അതാകുമ്പോൾ ആറര ആകുമ്പോൾ അമ്മയ്ക്ക്   വീട്ടിൽ ചെല്ലാം. എന്നിട്ട്  വേണം കോഴികളെയും പശുവിനെയും ഒക്കെ കൂട്ടിൽ കയറ്റാൻ. ഞങ്ങളെ അമ്മവീട്ടിൽ ആക്കിയിട്ടു 'അമ്മ തിരിച്ചു പോകും . മടക്കം നല്ല റോഡിൽ കൂടെയാണ് . കാരണം കൈയിൽ അത്യാവശ്യത്തിനു കനം  ഉണ്ടാകും , താറാമുട്ട, മീൻ , തേങ്ങാ, ഏത്തക്ക അങ്ങനെ എന്തൊക്കെയോ അമ്മച്ചി കെട്ടിപ്പിറക്കി കൊടുത്തു വിടും, മെയിൻ റോഡിൽ  കൂടെ പോയാൽ വല്ല ഓട്ടോറിക്ഷ കിട്ടും. ഇനി രണ്ടു മാസം തകർത്തു ആഘോഷം. ഒന്ന് രണ്ടു ദിവസത്തിനകം അമ്മയുടെ ചേച്ചിയുടേം അനിയത്തിയുടേം മക്കൾ വരും, ഇനി അവർക്കു  വേണ്ടി ഉള്ള കാത്തിരിപ്പാണ്.

ജൂബി ഡോൺ ജോൺസ്: മിഡിൽ മോർ ഹോസ്പിറ്റലിൽ ക്ലിനിക്കൽ കോച്ച് ആയി ജോലി ചെയ്യുന്നു. സമാജത്തിന്റെ കലാ സാംസ്കാരിക പരിപാടികളിൽ നിറ  സാന്നിധ്യം ആണ്



**Onapottan,**
Onapottan is a folk character associated with the Onam festival in the North Malabar region of Kerala, India. He is known for visiting homes during the Uthradam and Thiruvonam days, bringing blessings and signifying the arrival of King Mahabali. The character is called Onapottan because he is traditionally a mute character. Photo: lalu _ua via Pexels

കഥ

ശ്രീകുമാർ പുളിയമ്പറ്റ



# കോൺട്രാക്ട്

ഒരു കോൺട്രാക്ട് എടുക്കുന്നോ, ഒരു വർഷത്തേക്ക്? ഗോകുൽ ഗായത്രിയോട് ചോദിച്ചു.

ഗായത്രി കേട്ടില്ല എന്ന് തോന്നിയതുകൊണ്ടാവാം, ഗോകുൽ ഒരിക്കൽ കൂടി ചോദ്യം ആവർത്തിച്ചു.

എന്നോടാണോ?
അതെ, തന്നോട് തന്നെ.

ഈ കോൺട്രാക്ട് എന്താണാവോ?

ഗായത്രി തന്റെ എട്ടാം നിലയുള്ള ഓഫീസിന്റെ ചില്ല് ജാലകത്തിലൂടെ പുറത്തേക്ക് നോക്കി.. മഴക്കാർ മാറിയിട്ടുണ്ട്.
മേഘങ്ങൾക്കിടയിലൂടെ സൂര്യകിരണങ്ങൾ..

"കൂടെ താമസിപ്പിക്കും, സ്നേഹം തരും. അത് മാത്രമേ തിരിച്ച് പ്രതീക്ഷിക്കൂ..വേറെ ഒന്നിനും നിർബന്ധിക്കില്ല".

"ഇഷ്ടമുള്ളത് ചെയ്യാം. വിശ്വസ്തനായിരിക്കും"...

കോൺട്രാക്ട് അവസാനിപ്പിക്കുമ്പോൾ ഒരു പരിക്കും കൂടാതെ തിരിച്ചു പോകാം എന്നുറപ്പ്!

ഗായത്രി വീണ്ടും പുറത്തേക്ക് നോക്കി...
ജീവിതത്തിൽ പ്രതീക്ഷയുടെ തുമ്പുകൾ സൂര്യകിരണങ്ങൾ പോലെ ജീവിതത്തിലേക്ക് ഇറങ്ങി വരുന്നുവോ?

ഒരല്പം ഇടവേളയ്ക്ക് ശേഷം ഗായത്രി പറഞ്ഞു-

"ഗോകുൽ,. ഈ ചോദ്യം  പൂർണമായും ഞാൻ ഉൾക്കൊണ്ടിട്ടില്ല. ഏകാഗ്രതയോടെ  ചിന്തിക്കേണ്ടിയിരിക്കുന്നു. ഉത്തരം പറയാം... സമയം വേണ്ടിവരും"...

“സമയം എത്ര വേണമെങ്കിലും എടുത്തോളൂ”

പക്ഷേ ചോദിക്കപ്പെടാത്ത ചോദ്യങ്ങളും പറയപ്പെടാത്ത കുറെ ഉത്തരങ്ങളും ഈ കോൺട്രാക്റ്റിൽ ഇനിയുമുണ്ട് എന്ന് ഗായത്രിക്ക് തോന്നി. സമചിത്തത കൈ വരുമ്പോൾ കൂടുതൽ ചോദിച്ചു മനസ്സിലാക്കാം.

കുട്ടികൾ ഒന്നുമായില്ലേ എന്ന ചോദ്യം ആളുകൾ ചോദിച്ചു തുടങ്ങിയപ്പോഴേക്കും ഉണ്ണിയേട്ടൻ പോയി. തലവേദനയും ഒപ്പം ഒരു നെഞ്ച് വേദനയും... ചിത കത്തിയപ്പോൾ തനിക്കുമേറ്റ പൊള്ളൽ ഒന്നാറി വരുന്നതേയുള്ളൂ... അപ്പോഴാണ് മുഴുവനും വ്യക്തമാക്കാത്ത ഒരു കോൺട്രാക്റ്റ്!

ക്രിമിനോളജിയിലെ ബിരുദാനന്തര ബിരുദം, ജോലി പരിചയം ഇവയെല്ലാം ബംഗളൂരിലുള്ള ഒരു പ്രൈവറ്റ്  ഡിറ്റക്റ്റീവ് കമ്പനിക്ക് കൊടുത്താൽ നല്ലൊരു ഓഫർ തരാം എന്ന  വാഗ്ദാനത്തിൽ ഇപ്പോഴത്തെ ജോലി സ്വീകരിക്കുകയായിരുന്നു ഗായത്രി. വീട്ടുകാർ ആലോചിച്ചുറപ്പിച്ചുള്ള കല്യാണം... ഉണ്ണിയേട്ടൻ മൈക്രോസോഫ്റ്റ് ആർക്കിടെക്റ്റ്.. കല്യാണത്തിന് മുൻപ് തന്നെ അദ്ദേഹം വാങ്ങിയ പുതിയ ഫ്ലാറ്റിലായിരുന്നു താമസം തുടങ്ങിയത്.

ഗോകുൽ പറഞ്ഞ കോൺട്രാക്റ്റ് വീണ്ടും വീണ്ടും മനസ്സിൽ തികട്ടി...

അച്ഛനും അമ്മയും നേരത്തെ പോയി.. തറവാട്ടിൽ അനിയത്തി താമസിക്കുന്നു.. തനിക്കായുള്ള ഭാഗം വേർതിരിച്ചിട്ടുണ്ട്. എത്രനാൾ ഇങ്ങനെ ഒറ്റക്കിരിക്കും? ഉണ്ണിയേട്ടനിൽ നിന്ന് ഒരു വൈകാരിക വിമോചനം വേണ്ടേ?  കഴിഞ്ഞ ജീവിതം ഒന്ന് റദ്ദാക്കണം... പുതിയത് ഒരെണ്ണം തുടങ്ങണം. ആരോടും ചോദിക്കാനില്ല... അനിയത്തിയോട് മാത്രമാണ് കാര്യങ്ങൾ പറയാറുള്ളത്...

ഗായത്രി തന്നിലേക്ക് തന്നെ ഒന്ന് തിരിഞ്ഞു നോക്കി. മനുഷ്യരുടെ ശരീരിക ആസക്തിയിൽ മനസ്സ് കൈവിടുന്ന ഒരു കഥാപാത്രമാവുകയാണോ താൻ? ഉത്തരം കിട്ടുന്നില്ലല്ലോ.. പലപ്പോഴും ഒറ്റയ്ക്കായി എന്ന് തോന്നൽ വരുമ്പോൾ ഗോകുലിനെ വിളിക്കാറുണ്ട് കാര്യങ്ങൾ തുറന്നു പറയാറുണ്ട്.. അയാളുടെ ചില സമ്പ്രദായങ്ങളും പെരുമാറ്റ രീതിയിയും ഹാസ്യവും ഇഷ്ടപ്പെടാറുണ്ട്.

താനും പ്രകൃതി സൃഷ്ടിക്കപ്പെട്ട മജ്ജയും മാംസവും ഉള്ള ഒരു സ്ത്രീയാണ്.. മനുഷ്യ വികാരങ്ങൾക്ക് ഒന്നും അതീതമല്ല.. ഇനി അങ്ങോട്ടുള്ള ജീവിതം എങ്ങനെ പോകണം എന്നത് പുക ചുരുളുകളായാണ് മനസ്സിൽ...

ഗോകുലിന്റെ ജീവിത കഥയുടെ ചില ഭാഗം ഗായത്രിയെ അലോസരപ്പെടുത്തിയിട്ടുണ്ട്. തൻറെ ഒരു സഹപ്രവർത്തകൻ എന്നതിലുപരി മറ്റെന്തൊക്കെയാണ് ഇയാളെന്ന് ഗായത്രി തിരിച്ചറിഞ്ഞിരുന്നു.. അയാളോടുള്ളത് പ്രേമമാണോ, പ്രണയമാണോ അതോ മറ്റെന്തെങ്കിലുമാണോ.. ഇതിനും ഉത്തരം കണ്ടെത്തേണ്ടിയിരിക്കുന്നു!

തൻറെത് ഒരു തർക്കവിവാഹമായിരുന്നുവെന്ന് കല്യാണം കഴിച്ച് അധികനാൾ കഴിയുന്നതിനുമുമ്പ് തന്നെ മീര ഗോകുലിനോട് പറഞ്ഞിരുന്നു... രാഘവനുമായുള്ള പ്രണയത്തെക്കുറിച്ച്, ഒരുമിച്ച് ജീവിക്കണമെന്ന സ്വപ്നങ്ങളെക്കുറിച്ച്, തുറന്നു പറഞ്ഞു.. തുറന്നു പറഞ്ഞില്ലെങ്കിൽ ഒരു  മഹാപാപിയായ എനിക്ക് അങ്ങയോടൊപ്പം ഭാര്യയായി ജീവിക്കുക.. അതെനിക്ക് വയ്യ.. മീരയുടെ ഭാഷ്യം ഇതായിരുന്നു.

ഗോകുൽ ഒട്ടും ക്ഷോഭിച്ചില്ല.. എന്നാൽ മീരയോടുള്ള സ്നേഹ പ്രവാഹത്തിന് താൻ അറിയാതെ തന്നെ ഒരു അണക്കെട്ട് നിർമ്മിക്കപ്പെട്ടിരിക്കുന്നു... വികാര വിചാരങ്ങൾ കെട്ടിനിർത്തപ്പെട്ടിരിക്കുന്നു... യാന്ത്രിക ജീവിതം...സ്നേഹത്തിനും പ്രേമത്തിനും പ്രണയത്തിനും മുളക്കാനാവാത്ത രീതിയിൽ മനസ്സ് മരുഭൂമിയാക്കപ്പെട്ടിരിക്കുന്നു...

ഒരു പെണ്ണ് അവൾ സ്നേഹിക്കുന്നവന്റേതാണ്.. അവിടെ ഭർത്താവിന് രണ്ടാം സ്ഥാനം മാത്രമേയുള്ളൂ എന്നത് ഗോകുൽ തിരിച്ചറിഞ്ഞു.. മീരയുടെ ഒരു ഒളിച്ചോട്ടമോ, മരണമോ ഗോകുൽ മനസ്സിൽ കണ്ടു.

ഒടുവിൽ അത് തന്നെ സംഭവിച്ചു.
ഒരു കത്ത് എഴുതി വെച്ചിട്ട് മീര സ്ഥലം വിട്ടു!

"വിധിയകറ്റിയ പുഴയ്ക്കക്കരെ നിന്നും എന്റെ ജീവൻ എന്നെ തിരികെ വിളിക്കുന്നു. ഈ തീരുമാനം ശരിയാണ് എന്ന് എനിക്ക് തോന്നുന്നു. എന്റെ ഹൃദയം എന്നോട് ചേർത്തുവച്ചിരിക്കുന്ന ഒരാളുടെ കൂടെയാണ് ഞാൻ പോകുന്നത്. ഈ കത്ത് ഭദ്രമായി വയ്ക്കൂ.. തീർച്ചയായും ഒരു കാലത്ത് ഇത് നിങ്ങൾക്ക് പ്രയോജനപ്പെടും".

ഒരു തോൽവിയാണോ അതോ വിജയമാണോ



എന്ന് തീർച്ചപ്പെടുത്താൻ കഴിയാത്തൊരു തീരുമാനമാണ് ചിലപ്പോൾ ജീവിതം. ആരുടെ തോൽവി... ആരുടെ വിജയം...?

താൻ ഒറ്റക്കേയുള്ളൂ... ഇനിയുള്ള ജീവിതം ഒറ്റയ്ക്ക് ജീവിക്കാം എന്ന് കരുതിയിരിക്കുമ്പോളായിരുന്നു ഗായത്രി തന്റെ ഓഫീസിൽ ചേർന്നത്...

ഓഫീസിൽ വരുന്ന കേസുകളുടെ ക്രിമിനൽ പശ്ചാത്തലങ്ങൾ ചർച്ച ചെയ്യുമ്പോൾ ഗോകുൽ ഗായത്രിയുടെ പശ്ചാത്തലം കൂടി മനസ്സിലാക്കാനുള്ള ശ്രമം നടത്തിയിരുന്നു...

പിറ്റേദിവസം വന്നയുടൻ ഗായത്രി ഗോകുലിന്റെ ചെവിയിൽ പറഞ്ഞു...ഗോകുൽ, ഈ കോൺട്രാക്ട് നടക്കുമെന്ന് തോന്നുന്നില്ല!

മനസ്സിൽ വന്ന ചെറുദേഷ്യം വിഷാദമാക്കി മാറ്റി ഗോകുൽ സൗമ്യമായി ചോദിച്ചു... പൂർണ്ണമായി തള്ളിക്കളയുകയാണോ? എന്തെങ്കിലും കുഴപ്പമുണ്ടെങ്കിൽ പറയൂ... ഗോകുൽ തന്റെ വിഷാദം മുഖംമൂടി കൊണ്ട് മറച്ച് പറഞ്ഞു.

“നമുക്കൊന്ന് അഴിച്ച് പണിയാം- വേണമെന്ന പക്ഷം”!
“ഞാൻ പൂർണ്ണമായി തള്ളുന്നില്ല... കോൺട്രാക്ടിൽ ഒരു അഴിച്ചു പണി വേണ്ടിവരും... സമയം കിട്ടുമ്പോൾ ഞാൻ ഇതേക്കുറിച്ച് വീണ്ടും സംസാരിക്കാം... അതുവരെ എന്നോട് ഒന്നും ചോദിക്കരുത്”...

“അങ്ങനെ ആയിക്കോട്ടെ”...

ഗോകുലിന്റെ മനസ്സിലെ വിഷാദത്തിനു മുകളിൽ പ്രതീക്ഷയുടെ ചെറു കിരണങ്ങൾ!

ഉച്ചയ്ക്ക് ലഞ്ച് സമയത്ത് കണ്ടുമുട്ടിയപ്പോൾ ഗായത്രി പറഞ്ഞു...
“ഗോകുൽ...എന്നെപ്പോലെയുള്ള ഒരു ശരാശരി ജീവാത്മാവിന്
തടുക്കാനാവാത്ത ഒരു പ്രലോഭനമാണ്
ഈ കോൺട്രാക്ട്. ഞാൻ ചില മാറ്റങ്ങൾ നിർദ്ദേശിക്കട്ടെ... അത് സ്വീകാര്യമാകുമെങ്കിൽ നമുക്കാലോചിക്കാം”.
“എന്തൊക്കെയാണ് മാറ്റങ്ങൾ വേണ്ടത്, പറയൂ”...
ഗോകുലിന് ഗായത്രിയുടെ സാഹിത്യഭാഷ വളരെ ഇഷ്ടപ്പെട്ടു..
“അത് ഞാൻ പറയാം... കുറച്ചുകൂടി സമയം വേണം”...
“എത്ര വേണമെങ്കിലും എടുത്തോളൂ... നമുക്ക് വീണ്ടും സംസാരിക്കാം”.
ഗായത്രി ചിന്തിച്ചു...അപ്പോൾ ഒരു ചുരുങ്ങിയ കാലത്തേക്ക് ഇയാൾ എനിക്ക് ആരായിരിക്കും... ഒരു കാമുകനോ... ഭർത്താവോ...അതോ ഹൃദയം സൂക്ഷിക്കാൻ കുറച്ചുനാൾ മാത്രം തയ്യാറായി വന്ന ഒരു സൂക്ഷിപ്പുകാരനോ? ഒരു പ്രത്യേക കാരണ

വുമില്ലാതെ പെണ്ണുങ്ങളെ സ്നേഹിക്കാൻ ആണുങ്ങൾ എന്നുമുതലാണ് ശീലിച്ചു തുടങ്ങിയത്?

ഒരു തീരുമാനം എടുക്കാനാവാതെ ഗായത്രി കുഴഞ്ഞു... ഒറ്റയാൾ ജീവിതം സുന്ദരമായി വരികയാണ്.. ആരോടും ചോദിക്കേണ്ട, പറയേണ്ട, ബോധിപ്പിക്കേണ്ട... ഇഷ്ടമുള്ളപ്പോൾ ഇഷ്ടമുള്ളത് ചെയ്യാം...

ഒരു ചോദ്യാവലി തന്നെ ഉണ്ടാക്കേണ്ടിയിരിക്കുന്നു...ഈ ചോദ്യങ്ങൾക്കെല്ലാം കൃത്യമായി ഉത്തരം ലഭ്യമായാൽ ഒരു കോൺട്രാക്ടിനെക്കുറിച്ച് ആലോചിക്കാം.

പണമായാലും സ്നേഹബന്ധങ്ങളായാലും ഇടയ്ക്കിടെ ഇല്ലാതെയാവണം...എന്നാലേ അതിൻറെ വിലയറിയൂ...ഒരു സ്നേഹബന്ധത്തിന്റെ വില വല്ലാതെ അറിഞ്ഞ ഒരാളാണ് താൻ. അങ്ങനെ തന്നെ ആവാം ഗോകുലും. അതുകൊണ്ട് ഈ കോൺട്രാക്ട് എടുത്താൽ നഷ്ടമൊന്നും വരാൻ സാധ്യതയില്ലെന്ന് ഗായത്രി മനസ്സിൽ കണക്കുകൂട്ടി. പക്ഷേ പ്രേമവും പ്രണയവും ഒന്നും തമാശ അല്ലെന്നും അത് നഷ്ടപ്പെട്ടാൽ പിന്നത്തെ വികാരം ഭയപ്പാടാണെന്നും ഗായത്രിക്ക് തോന്നി. കാരണം ആരും ആരെയും വ്യക്തമായി അറിയുന്നില്ല എന്നത് തന്നെ..

രണ്ട് ദിവസങ്ങൾക്കുശേഷം ഓഫീസിൽവച്ച് ഗോകുലിനോട് ഗായത്രി പറഞ്ഞു.
ഗോകുൽ.. ഇന്ന് വൈകുന്നേരം ഫ്രീയാണെങ്കിൽ നമുക്ക് "കഫെ പ്ലേസിൽ" കണ്ടുമുട്ടാം... സംസാരിക്കേണ്ടിയിരിക്കുന്നു...
ഗോകുലിന്റെ ഹൃദയം ഒന്ന് തുടിച്ചു. തീർച്ചയായും, ഏഴുമണിക്ക്. കഫെ പ്ലേസിൽ ഇരുന്ന് കാപ്പി കുടിക്കാം...എത്ര നേരം വേണമെങ്കിലും വർത്തമാനം പറഞ്ഞുകൊണ്ടിരിക്കാം...കഴുകൻ കണ്ണുകളോടെ ആരും നോക്കില്ല.

ഏതാണ്ട് ഒരേ സമയത്ത് ഇരുവരും അവിടെ എത്തിച്ചേർന്നു. സംഭാഷണം തുടങ്ങുന്നതിന് മുമ്പ് രണ്ട് കാപ്പിയും വെജിറ്റബിൾ കട്ട് ലെറ്റുകളും ഗോകുൽ ഓർഡർ ചെയ്തു..
സംഭാഷണം തുടങ്ങിയത് ഗോകുലാണ്.

ഗായത്രിക്ക് എന്തുവേണമെങ്കിലും ചോദിക്കാം. ഞാൻ സത്യം മാത്രമേ പറയൂ. എന്നാൽ സത്യം മുഴുവൻ പറഞ്ഞില്ലെങ്കിലും അസത്യം ഒരിക്കലും പറയില്ല. ഞാനും അങ്ങനെ തന്നെയാണ് ഗോകുൽ... എന്നാൽ പാതി സത്യം അസത്യത്തിന്റെ ഫലം ചെയ്യില്ലേ?

അങ്ങനെയാണെങ്കിൽ അറിയേണ്ടതെല്ലാം ചോദ്യാവലിയിൽ ഉൾപ്പെടുത്തു...എങ്ങനെ പോകുന്നു എന്ന് നമുക്ക് നോക്കാം..

ചോദ്യ പട്ടിക ഗായത്രി നിരത്തി...
എന്താണ് ഇങ്ങനെ ഒരു കോൺട്രാക്ടിനെ കുറിച്ച് എന്നോട് പറയാൻ കാരണം?
നമ്മൾ രണ്ടുപേരും ഒരേ വഞ്ചിയിൽ സഞ്ചരിക്കുന്ന ആളുകളാണ് എന്ന് തോന്നിയതുകൊണ്ട്... ഒരു സ്നേഹം കിട്ടിയാൽ കൊള്ളാം എന്ന് മനസ്സിൽ തോന്നിയതുകൊണ്ട്... അത്രമാത്രം.

ഒരു വർഷത്തേക്ക് എന്നുള്ള കണക്ക് എവിടെ നിന്ന് കിട്ടി? സ്നേഹത്തിന്റെയും മുന്നോട്ടുകൊണ്ടുപോകേണ്ട ജീവിതത്തിന്റെയും മാറ്റുരച്ചു നോക്കാൻ കേവല ദിവസങ്ങൾ മതിയാകും എന്ന് എനിക്ക് തോന്നുന്നില്ല. കുറഞ്ഞത് ഒരു വർഷമെങ്കിലും... അതാണ് ഉത്തരം. ഒരുമിച്ച് താമസിച്ച് കുറച്ചുകഴിഞ്ഞ് പിരിഞ്ഞു പോകാനാണോ ഉദ്ദേശിക്കുന്നത്? ഇരുവർക്കും ഒരുപോലെ സന്തോഷമാണെങ്കിൽ മുന്നോട്ടു പോകാം. അതല്ലെങ്കിൽ സന്തോഷത്തോടെ പിരിഞ്ഞു പോകുന്നതല്ലേ നല്ലത്?
ഒരു വർഷം എന്നുള്ളത് സമ്മതം അല്ലെങ്കിൽ ഈ കോൺട്രാക്ട് ഏത് സമയത്തും അവസാനിപ്പിക്കാമോ?

തീർച്ചയായും... മുന്നോട്ടുപോകാൻ സാധ്യമല്ലെങ്കിൽ ഏത് സമയത്തും നമുക്ക് അവസാനിപ്പിക്കാം. പൂർണ്ണമായ സാമ്പത്തിക സ്വാതന്ത്ര്യം ഈ കോൺട്രാക്ടിൽ എഴുതിച്ചേർക്കണം...
എനിക്ക് ഗായത്രിയുടെ ഒരു പൈസ പോലും ആവശ്യമില്ല.. അത് ഗായത്രിയുടെതു മാത്രമാണ്. എന്നാൽ എന്നെക്കൊണ്ട് ചെയ്യാവുന്ന സാമ്പത്തിക സഹായം ചെയ്യാനും ഞാൻ തയ്യാറാണ്.. അത് മതിയോ?

ഒരുമിച്ചുള്ള താമസം എന്നത് അവിടെയും ഇവിടെയുമായിക്കൂടെ?
ഒരുമിച്ചുള്ള താമസം എവിടെ വേണമെങ്കിലും ആകാം. അവിടെയും ഇവിടെയും എവിടെയുമായി...

ശാരീരിക ബന്ധം എന്നുള്ളത് ഈ കോൺട്രാക്ടിൽ അനിവാര്യമാണോ?

ശാരീരിക ബന്ധം അനിവാര്യമല്ല.. എന്നാൽ ഞാൻ തുറന്നു പറഞ്ഞോട്ടെ...ഞാൻ അത് ആഗ്രഹിക്കുന്നുണ്ട്...ഗായത്രിക്ക് സന്തോഷമാണെങ്കിൽ മാത്രം...

ഒരിക്കൽ ഹൃദയം മനസ്സിൽ തന്നാൽ അത് ഏത് സമയവും തിരിച്ചു വാങ്ങാൻ ഈ കോൺട്രാക്ടിൽ വ്യവസ്ഥയുണ്ടോ?

ഒരിക്കൽ ഹൃദയം പരസ്പരം കൈമാറിയാൽ മറ്റ് പ്രശ്നങ്ങളൊന്നും ഇല്ലെങ്കിൽ എന്തിനാണ് അത് തിരികെ കൊടുക്കുന്നത്... അതൊരുതരം പറിച്ചെടുക്കൽ ആവില്ലേ...? ആ വ്യവസ്ഥ ഗായത്രി നിർബന്ധമാണെങ്കിൽ വെച്ചോളൂ.. ഒരിക്കൽ എനിക്ക് തന്ന ഹൃദയം ഞാൻ ഒരിക്കലും തിരിച്ചു കൊടുക്കില്ല, എന്നെ പറിച്ചെറിഞ്ഞാൽ പോലും!

രണ്ടു കൂട്ടരുടെയും നെഗറ്റീവുകൾ തുറന്നു ചർച്ച ചെയ്യാൻ ഈ കോൺട്രാക്ടിൽ വകുപ്പ് എവിടെയാണ്?

അതിപ്പോൾ പറയാമല്ലോ...
സ്നേഹം കൊടുക്കുമ്പോൾ അത് കിട്ടണം എന്ന് ആഗ്രഹിക്കുന്നത് ഒരു നെഗറ്റിവിറ്റിയാണോ? ഈയൊരു കോൺട്രാക്ട് വ്യവസ്ഥ നിലനിൽക്കുമ്പോൾ ഇതുപോലെ മറ്റൊരാണ്ണത്തിൽ ഒപ്പുവയ്ക്കുന്നത് എനിക്കിഷ്ടമല്ല എന്നു പറയുന്നത് നെഗറ്റിവിറ്റിയാണോ? ഗായത്രിയെ കുറിച്ച് ഒരു കരുതൽ മനസ്സിൽ കൊണ്ടുനടക്കുന്നത് നെഗറ്റിവിറ്റിയാണോ? ഇഷ്ടമില്ലാത്ത ഒരു കാര്യങ്ങളും നിർബന്ധിച്ചു ചെയ്യുകയില്ല എന്ന് പറയുന്നത് ഒരു നെഗറ്റിവിറ്റി ആണോ?

ഒരു വർഷത്തേക്ക് എന്നുള്ളത് ഏത് സമയത്തും അവസാനിപ്പിക്കാൻ തരത്തിലുള്ളതെന്ന് പ്രത്യേകം എഴുതി ചേർക്കണ്ടേ?
അത് നേരത്തെ പറഞ്ഞു കഴിഞ്ഞല്ലോ...പരസ്പരം മുന്നോട്ടു പോകാൻ സാധിക്കില്ല എന്ന് കണ്ടാൽ ആ നിമിഷം ഇത് അവസാനിപ്പിക്കണം. അങ്ങനെ വന്നാൽ മുൻകൈ എടുക്കുന്നത് ഞാൻ തന്നെയായിരിക്കും.. എഴുതിച്ചേർത്താലും, ഇല്ലെങ്കിലും.

ഇനി വേറെ എന്തെങ്കിലും ചോദിക്കാൻ ഉണ്ടോ? ഗോകുൽ ചോദിച്ചു.

ഇപ്പോൾ ഒന്നും ചോദിക്കാനില്ല. പക്ഷേ എന്തെങ്കിലുമുണ്ടെങ്കിൽ കോൺട്രാക്ട് തുടങ്ങുന്നതിനു മുമ്പ് ഞാൻ ചോദിച്ചിരിക്കും.

ഇനി എന്റെ ഊഴമാണ്... ചോദിക്കട്ടെ?
എന്നെ ഗായത്രിക്ക് മനസ്സുകൊണ്ട് ഇഷ്ടമായോ?
ഗോകുലിന് എന്ത് തോന്നുന്നു?
ചോദ്യമല്ല വേണ്ടത്, ഉത്തരമാണ്.
എന്നാൽ കേട്ടോളൂ... ഇഷ്ടമായി, ഏറെ!
വേറെ ഒന്നും എനിക്ക് ചോദിക്കാൻ ഇല്ല.

കഫേയിൽ നിന്ന് പിരിയുമ്പോൾ അദൃശ്യമായ ചില സ്നേഹ പാശങ്ങളാൽ മനസ്സുകൾ ബന്ധിതമായത് പോലെ തോന്നി ഇരുവർക്കും!

പിറ്റേദിവസം കണ്ടുമുട്ടിയപ്പോൾ ഗായത്രി പറഞ്ഞു... ഗോകുൽ, എനിക്ക് ഇനിയും സമയം വേണം ഒരു തീരുമാനത്തിലെത്താൻ. എൻറെ അനിയത്തിയോട് പറയേണ്ടിയിരിക്കുന്നു.. ഒരു സുഹൃത്തിൽ നിന്ന് ജീവിത സഹയാത്രികനായി മാറുമ്പോൾ ഇനിയും മനസ്സിലാക്കേണ്ടതുണ്ട്. തീരുമാനങ്ങൾ ഞാൻ അറിയിക്കാം...

പിന്നെയുള്ള മൂന്നുമാസം പ്രത്യേക സംഭവ വികാസങ്ങൾ ഒന്നുമില്ലാതെ മുന്നോട്ട് പോയി...കോൺട്രാക്ടിനെ കുറിച്ച് ഒന്നും പറയാതെ... ഇരുവരും പരസ്പര നിരീക്ഷണത്തിന് വിധേയമായി മുന്നോട്ടുപോയ നാളുകൾ...

ഒരിക്കൽ ഗായത്രി അനിയത്തി അശ്വതിയെ വിളിച്ചപ്പോൾ ചില കാര്യങ്ങൾ സൂചിപ്പിച്ചു..."ആൾ അടിപൊളിയാണോ" എന്ന ചോദ്യത്തിന് ഉത്തരം കിട്ടാതെ ഗായത്രി വിഷമിച്ചു...

ഞാൻ മനസ്സിലാക്കി വരുന്നതേ ഉള്ളൂ കുട്ടി.. ഇനിയും കൂടുതൽ സമയം വേണം... ഞാൻ അറിയിക്കാം... ഒരിക്കൽ ഗോകുൽ ചോദിച്ചു... ഗായത്രി, എന്തായി നമ്മുടെ കോൺട്രാക്ട്.. ആറുമാസം കഴിഞ്ഞു നമ്മൾ ചർച്ച തുടങ്ങിയിട്ട്.. അത് ഞാൻ പറയാൻ ഇരിക്കുകയായിരുന്നു ഗോകുൽ.

ഒരു കാര്യം ചെയ്യൂ...
നാളെ ഫ്രീയാണെങ്കിൽ എൻറെ വീട്ടിലേക്ക് ഒന്ന് വരുമോ? പോകാൻ ധൃതി വയ്ക്കരുത്... ഒരുപക്ഷേ ഒരു രാത്രി മുഴുവൻ വർത്തമാനം പറഞ്ഞിരിക്കാൻ തയ്യാറായി വരിക...

വൈകുന്നേരം 5 മണിക്ക് എത്തിയാൽ മതി..



അഡ്രസ് ഞാൻ എസ്.എം.എസ്. ചെയ്യാം...

മനസ്സിൽ പറഞ്ഞറിയിക്കാനാവാത്ത വിചാര വികാരങ്ങളുടെ വേലിയേറ്റം! ഉത്കണ്ഠ, സന്തോഷം, പ്രണയം, പ്രേമം.. എല്ലാം കൂടി ഒരുമിച്ച് ചേർന്നുള്ള ഒരു അവസ്ഥ!

നിശബ്ദമായ തൻറെ മുറികൾക്ക് ചന്ദന വാസന കൊടുക്കാൻ ഗായത്രി പ്രത്യേകം ശ്രദ്ധിച്ചു. ഹിന്ദിയിലും മലയാളത്തിലും തമിഴിലുമുള്ള പഴയ  പാട്ടുകൾ ചെറു ശബ്ദത്തോടെ മുറിയിലൂടെ ഒഴുകി. ഗോകുലിന്റെ നിഴലുകൾ അവളുടെ ഹൃദയ ഭിത്തികളിൽ പൂക്കളായി വിടർന്നു... താൻ പുതിയൊരു ജീവിതത്തിൻറെ വാതിൽ പടിയിൽ തൊട്ട് നിൽക്കുകയാണോ? ചോദിച്ച എല്ലാ ചോദ്യങ്ങൾക്കും ഉത്തരം, വാക്കാലും അല്ലാതെയും കൊടുത്ത് ഹൃദയങ്ങൾ തമ്മിൽ ചെയ്ത ഉടമ്പടിയുടെ നിമിഷങ്ങൾ ആഗതമായി കൊണ്ടിരിക്കുന്നു. അവളുടെ ഹൃദയം കാത്തിരിപ്പിന്റെ ദൂരം കണക്കാക്കി...നിമിഷങ്ങൾ ഇത്രയും നീളമോ? വാതിലിൽ അടുത്തേക്ക് അവൻ നടക്കുന്നത് അവൾ സങ്കൽപ്പിച്ചു. ഹൃദയത്തിൽ ഒരുക്കിയ പട്ടുമെത്തയെ പൂവിട്ടലങ്കരിച്ചു.

കോളിംഗ് ബെൽ ശബ്ദിച്ചപ്പോൾ ഗായത്രി വാതിൽ തുറന്നു. പതിവിലും സുന്ദരനായി ഗോകുൽ കാണപ്പെട്ടു. അവൻ സാവധാനം  വന്ന് അലങ്കരിച്ച മൃദുവായ സോഫയിൽ ചാരി ഇരുന്നു. ഗായത്രി തന്റെ ഫ്ലാറ്റിന്റെ വാതിലുകൾ അടച്ചു.

ഗായത്രി ഗോകുലിനോട് ചേർന്നിരുന്നു. അയാൾ അവളുടെ കൈകളിൽ തൊട്ടു...അവൾ കൈവലിച്ചില്ല...വിരൽ തുമ്പ് കൊണ്ട് കൈതലത്തിൽ മൃദുവായി തഴുകി. പിന്നീട് കൈ അമർത്തിപ്പിടിച്ചു. കണ്ണുകളിൽ പരസ്പരം നോക്കിയിരുന്നു... പുഞ്ചിരിച്ചു...ആ നിശബ്ദതയുടെ ശക്തി ഇരുവരും ഉൾക്കൊണ്ടുകൊണ്ട്! ഹൃദയത്തിൽ ആഹ്ലാദകരമായ  ഒരു ലാഘവത്വം... അവളുടെ വലതു കൈയിൽ അയാളുടെ ഇടതു കൈ കോർക്കപ്പെട്ടു...ഉള്ളിലുള്ള പ്രണയം മുഴുവൻ ഒരാലിംഗനത്തിൽ കൂട്ടിച്ചേർത്തു. അയാൾ അവളുടെ മടിയിൽ തലവെച്ചു. അവളുടെ കൈവിരലുകൾ അയാളുടെ മുടിക്കിടയിലൂടെ ഒഴുകി...

പുതിയ ജീവിതമെന്ന വലിയ പുസ്തകത്തിൻറെ ഒന്നാം താൾ ഇവിടെ തുടങ്ങുകയാണോ?

ഒരു പുതിയ ജീവിതത്തിന്റെ വാതിൽ തുറക്കുമ്പോൾ ഭീതിയല്ലാ,   വിശ്വാസമാണ് ഗായത്രിയുടെ മനസ്സിൽ നിറഞ്ഞിരുന്നത്!

ശ്രീകുമാർ പുളിയമ്പറ്റ: ഓക്‌ലാൻഡ് മലയാളി സമാജം മുൻ പ്രസിഡൻറ്. സമാജത്തിന്റെ മുഖപത്രമായ ദർപ്പണത്തിന്റെ തുടക്കകാരിൽ ഒരാൾ. ഇപ്പോൾ പെർത്തിൽ സ്ഥിരതാമസം. ക്ലിനിപത്ത് പതോളജി ലബോറട്ടറിയിലെ സീനിയർ സയന്റിസ്റ്റ്. Australian Justice of the Peace ആയി സേവനം അനുഷ്ഠിക്കുന്നു. സാമൂഹ്യ പ്രവർത്തനം, യാത്രകൾ, സംഗീതം, പരിസ്ഥിതി ഇതൊക്കെയാണ് ഇഷ്ടപ്പെട്ട വിഷയങ്ങൾ.

കഥ



നീനു മരിയ

# ഹാപ്പി വെഡ്ഡിങ് ആനിവേഴ്സറി

നഗരത്തിലെ തിരക്കിൽ നിന്നും കിഴക്കുമാറി ചെറിയൊരു ഗ്രാമത്തിലെ താമസക്കാരാണ് വില്യംസും ഭാര്യ ഡോറയും. ഇവർ വലിയ ധനികരാണ്. പാരമ്പര്യപണക്കാർ എന്നു വേണം പറയാൻ.

കുടുംബപരമായി കിട്ടിയ സ്വത്തുക്കൾ ഒന്നും നശിപ്പിക്കാതെ അവർ സൂക്ഷിച്ചു. നാല് ആൺമക്കളാണവർക്ക്. അവർ കുടുംബസമേതം ഇപ്പോൾ വിദേശത്താണ് താമസിക്കുന്നത്. സർക്കാർ സ്കൂളിൽ നിന്നും റിട്ടയർ ചെയ്ത അധ്യാപകനാണ് വില്യംസ് മാഷ്. ഗ്രാമത്തിലെല്ലാവർക്കും മാഷ് സുപരിചിതനാണ്, ആദരണീയനാണ്. ഭാര്യ ഡോറയും ടീച്ചറാണ്. ഗ്രാമവാസികൾ അവരെ കാണുന്നത് മാതൃകാധ്യാപകരായാണ്. അധ്യാപകരുടെ മക്കളെന്ന നിലയിൽ മാഷിൻറെ മക്കൾക്കും ആ ഗ്രാമത്തിൽ ഒരു പ്രത്യേക വിലയും നിലയുമുണ്ട്. ഇന്ന് മാഷും ടീച്ചറും മുത്തച്ഛനും മുത്തശ്ശിയുമാണ്.

മക്കളെ വളർത്തി വലുതാക്കി പഠിപ്പിച്ച് ഉയരങ്ങളിലെത്തിച്ചു. മാതാപിതാക്കളെ മക്കൾ പൊന്നുപോലെയാണ് നോക്കുന്നത്. നാലു മക്കളും വിദേശത്താണെങ്കിലും എപ്പോഴും അവരുടെ ശ്രദ്ധ മാതാപിതാക്കളിലാണ്.

വീഡിയോകോളും ഫോൺകോളും കൊണ്ട് അവരുടെ സാമീപ്യം എപ്പോഴും കയ്യെത്തുംദൂരത്താണ്. കൊച്ചുമക്കളും എപ്പോഴും അപ്പൂപ്പനോടും അമ്മൂമ്മയോടും ഇടപഴകിക്കൊണ്ടിരുന്നു. ഗ്രാമത്തിൽ എന്തു പരിപാടിയുണ്ടെങ്കിലും മാഷും ടീച്ചറും അതിൽ പങ്കാളികളാവും. നാട്ടുകാരും അങ്ങനെതന്നെയാണ്. ഇവരുടെ മതിൽക്കെട്ടിൻറെ ഗേറ്റിന് പൂട്ടുകളില്ല. എല്ലാവർക്കും എപ്പോഴും അവിടേക്ക് സ്വാഗതം. റിട്ടയർമെൻറ് ജീവിതകാലത്തെ വിരസത ഒഴിവാക്കാൻ മക്കൾ മാതാപിതാക്കൾക്ക് വില കൂടിയ മൊബൈൽ ഫോൺ വാങ്ങിച്ചു കൊടുത്തിട്ടുണ്ട്. അതിൻറെ സാങ്കേതികവശങ്ങളും പഠിപ്പിച്ചുകൊടുത്തു. പല ബന്ധുക്കളും സമയം കിട്ടുമ്പോൾ ഇവിടെയെത്തി ഇവരുടെ കാര്യങ്ങൾ അന്വേഷിക്കാറുണ്ട്. ഒറ്റക്കിരിക്കുമ്പോൾ മാഷ് വാട്ട്സ്ആപ്പ് നോക്കി പരിചയക്കാരെയും ബന്ധുക്കളെയും വിളിക്കും. അതുകൊണ്ട് തന്നെ മാഷിനും ടീച്ചർക്കും ജീവിതത്തിൽ വിരസത കുറവാണ്.

ഒരു ദിവസം കുഞ്ഞുമക്കളുടെ ഫോട്ടോകൾ കണ്ട് സന്തോഷത്തോടെ ഭർത്താവിനെ കാണിക്കുന്നു. ഫോട്ടോ കണ്ട ഭർത്താവ് ഞെട്ടി. മകൻറെ മകളുടെ വിവാഹാഘോഷ ചടങ്ങാണ് ഫോട്ടോയിൽ. സ്വർഗ്ഗതുല്യമായ ജീവിതനിമിഷങ്ങളിൽ ഒരു അന്ധകാരം നിഴലിച്ചു. ടീച്ചറിൻറെ രക്തസമ്മർദ്ദം കൂടി. നാം വിചാരിച്ചതുപോലെയല്ലല്ലോ കാര്യങ്ങൾ നീങ്ങുന്നത്. മാഷ് ഭാര്യയെ സമാധാനിപ്പിക്കാൻ പാടുപെട്ടു. ചിലപ്പോൾ ചില കാര്യങ്ങൾ ഇങ്ങനെയൊക്കെയേ നടക്കൂ; അതിൽ വിഷമിക്കേണ്ട എന്നു പറഞ്ഞു. എന്തെങ്കിലും അസൗകര്യം മൂലമാകാം ഈ വിവരം നമ്മളെ അറിയിക്കാഞ്ഞതെന്ന് മാഷ് പറഞ്ഞു. ടീച്ചർ വിഷമത്തോടെ അപ്പുറത്തേക്ക് പോയ തക്കം നോക്കി മാഷ് വാട്ട്സ്ആപ്പിൽ മകനെ വിളിച്ചു. അപ്പുറത്ത് ബെല്ല് റിങ്ങ് ചെയ്തു കൊണ്ടിരുന്നു. ഫോൺ എടുക്കുന്നില്ല. മാഷിനും വിഷമമായി. സമയം കിട്ടുമ്പോഴൊക്കെ ഫോണിൽ വിളിക്കുന്ന മക്കൾ ഇങ്ങനെയൊരു കാര്യം രഹസ്യമാക്കിയതെന്താണ്

മാഷ് പ്രയാസപ്പെട്ടിരിക്കുമ്പോൾ മകൻറെ ഫോൺ കോൾ വന്നു. മാഷ് ഫോൺ ചാടി എടുത്തു. അങ്ങേ തലക്കൽ മരുമകളാണ്. ഫേസ്ബുക്കിലെ കാര്യം അങ്ങോട്ടു ചോദിക്കും മുമ്പേ മരുമകൾ ഇങ്ങോട്ടു പറഞ്ഞു.



അച്ചാച്ച, മകളുടെ വിവാഹം പെട്ടെന്നു നടത്തേണ്ടി വന്നു. ഫോണിൽ ട്രൈ ചെയ്തിരുന്നു, വിവരം പറയാൻ. ലൈൻ കിട്ടിയില്ല. അച്ചായന് ചാച്ചനെ അഭിമുഖീകരിക്കാൻ പ്രയാസമുള്ളതുകൊണ്ടാണ് ഞാൻ വിളിച്ചത് . മാഷ് ഇടക്കു കയറി പറഞ്ഞു. അവന് എന്തു പറയാനും സ്വാതന്ത്ര്യം ഉണ്ട്. എന്നിട്ട് എന്തിനാണ് ഇക്കാര്യം എന്നോടു മറച്ചുവച്ചത്

മരുമകൾക്കു ഉത്തരം മുട്ടി, പതിവുപോലെ ടീച്ചറിനെയും മരുമകൾ അന്വേഷിച്ചു. ഫോണുമായി മാഷ് ടീച്ചറുടെ മുറിയിലേക്ക് പോയി. ടീച്ചർ മുഖമടച്ച് കിടക്കുകയാണ്. ഫോൺ ടീച്ചർക്ക് നേരെ നീട്ടി. അവർ ഇപ്പോൾ വേണ്ടെന്ന് ആംഗ്യം കാണിച്ചു. മാഷ് തിരിച്ചു വിളിപ്പിക്കാമെന്ന് പറഞ്ഞ് ഫോൺ കട്ട് ചെയ്തു. പിന്നെ വാട്ട്സ്ആപ്പിൽ നോക്കി. അതിൽ കുഞ്ഞു മക്കളുടെ ഫോട്ടോസ് അയച്ചിരിക്കുന്നു. പെട്ടെന്നായിരുന്നു വിവാഹം. അച്ചായൻ മക്കളെ അനുഗ്രഹിക്കണം . ഈ മെസേജ് മാഷിൻറെ മനസ്സിനെ വല്ലാതെ വിഷമിപ്പിച്ചു. ചില കാര്യങ്ങൾ ഇങ്ങനെയാണ്. പെട്ടെന്ന് സംഭവിക്കും. മാഷ് മക്കളെ അനുഗ്രഹിക്കുന്നു എന്നുള്ള സന്ദേശം അവർക്ക് അയച്ചു.ഞങ്ങളുടെ എല്ലാവിധ അനുഗ്രഹങ്ങളും എന്നും നിങ്ങൾക്കുണ്ടാവും! കുറിപ്പ് അയച്ചതിനുശേഷം അവർ അയച്ച ഫോട്ടോയിലേക്ക് കുറെനേരം നോക്കിയിരുന്നു. ഈ സമയം അടുത്ത മുറിയിൽ നിന്നും ടീച്ചർ മാഷിൻറെ തൊട്ടു പിറകിൽ വന്നു ഫോട്ടോയിലേക്ക് നോക്കി നിന്നു. അവരുടെ മുഖത്ത് വേദന മാറി സന്തോഷം നിറഞ്ഞു. പെട്ടെന്നുള്ള ഒരു വികാരത്തിലുണ്ടായ വിഷമം പെട്ടെന്നു തന്നെ മാറി. സാഹചര്യങ്ങളുടെ തിരക്കിൽ ചിലപ്പോൾ ഇങ്ങനെയൊക്കെ സംഭവിക്കാം. നാട്ടിൽ ഗംഭീരമായ വിവാഹം നടത്തണമെന്ന മോഹം പൊലിഞ്ഞെങ്കിലും ദൂരെ വിദേശത്തു നടന്ന വിവാഹത്തിന് ആ മാതാപിതാക്കൾ ആത്മാർഥമായ നന്മകളും അനുഗ്രഹങ്ങളും നേർന്നു. തുടർന്ന് ടീച്ചർ ഫോണിൽ നിന്നും ഫേസ്ബുക്കും മാഷ് വാട്ട്സ്ആപ്പും ഡിലിറ്റ് ചെയ്തു. ഡിലിറ്റിനു മുമ്പ് മാഷ് മകന് മേസേജ് ചെയ്തു.
ഇനി മുതൽ എന്നെ സാധാരണ ഫോൺ നമ്പറിലേ കിട്ടൂ. വാട്ട്സ്ആപ്പിൽ കിട്ടില്ല .
സന്ദേശം കിട്ടിയ ഉടൻ മകൻ മാഷിനെ സാധാരണ ഫോണിൽ വിളിച്ചു. സ്നേഹാന്വേഷണം നടത്തി.

ഇന്ന് പപ്പയുടെയും മമ്മയുടെയും വെഡ്ഡിങ്ങ് ആനിവേഴ്സറിയല്ലേ  മാഷിൻറെ ഓർമയിൽ അതുണ്ടായില്ല. മകൻ പറഞ്ഞുതീരും മുമ്പ് അവിടേക്ക് ഒരു കേക്കുമായി നാരായണൻ ചേട്ടൻ കടന്നു വന്നു.  മാഷിൻറെ മകൻ ഓർഡർ ചെയ്ത കേക്കാണ്. വിവാഹവാർഷികമല്ലേ.
ഇത്  വീട്ടിൽ തരുവാൻ പറഞ്ഞു .
അവർക്കിടയിൽ ഉണ്ടായ അപസ്വരം പെട്ടെന്നു തന്നെ അവസാനിച്ചു. മകൻ പതിവുപോലെമാതാപിതാക്കളുടെ സുഖവിവരങ്ങൾ അന്വേഷിച്ചുകൊണ്ടിരുന്നു. ആനന്ദനിർവൃതിയിൽ മാഷും ടീച്ചറും ആലിംഗനബദ്ധരായി, കുറച്ചുകൂടി ചെറുപ്പക്കാരായി മനം മറന്നു ചിരിച്ചുല്ലസിച്ചു.

നീനു മരിയ: -ഓക്‌ലൻഡ് ഹോസ്പിറ്റലിൽ നേഴ്സ് ആയി ജോലി ചെയ്യുന്നു

ഓർമ്മക്കുറിപ്പുകൾ



രഞ്ജിത്ത് ജോസ്

# നോബി... ഒരു കടങ്കഥ!

അടുത്ത ബന്ധുവിന്റെ അപ്രതീക്ഷിത വിയോഗത്തെ തുടർന്ന് കൊച്ചിയിൽ നിന്നും മുംബെയിലേക്ക് പെട്ടെന്ന് യാത്ര തിരിക്കേണ്ടി വന്നു. ഏകദേശം 20 വർഷങ്ങൾക്കു മുമ്പ് മുംബൈയിൽ കുറച്ചു കാലം ഉണ്ടായിരുന്നതാണ്. ഈ രണ്ടു ദശാബ്ദത്തിനിടയിൽ മഹാനഗരം എത്ര വളർന്നു കാണും? അതോർത്തപ്പോൾ ഉത്ക്കണ്ഠ അൽപ്പം കൂടിയെന്ന് തോന്നി. പോരാത്തതിന് യാത്ര തനിച്ചുമാണ്...

ജനുവരിയിൽ റിപ്പബ്ലിക് ഡേയോട് അടുത്തുള്ള ദിവസങ്ങളിൽ ആണ് യാത്ര എന്നുള്ളതിനാൽ എയർപോർട്ടിലും റെയിൽവേ സ്റ്റേഷനുകളിലും കർശന സുരക്ഷ ഏർപ്പെടുത്തിയിരിക്കുകയാണ്. മൂന്നു മണിക്കൂർ മുമ്പേ എത്തി ഫ്ലൈറ്റിന്റെ വരവിനായി കാത്തിരിക്കുകയാണ്. സമയം കളയുന്നതിനായി ഫെയ്സ്ബുക്കും മറ്റ് സോഷ്യൽ മീഡിയ സൈറ്റുകളും പരതിക്കൊണ്ടിരുന്നപ്പോൾ അറിയാതെ നോബിയുടെ ചിത്രം മനസ്സിൽ പൊന്തി വന്നു...

പണ്ട് ഞാൻ മുംബൈയിൽ നിന്ന് പോന്നതിനു ശേഷം ഒന്നോ രണ്ടോ തവണ മാത്രമാണ് അവനുമായി ഫോണിൽ മിണ്ടിയിട്ടുള്ളത്. അവൻ ഇപ്പോൾ എവിടെയാണെന്നോ ഏത് സാഹചര്യത്തിൽ ആണെന്നോ ഒരു നിശ്ചയവുമില്ല. എങ്കിലും മെസ്സഞ്ചറിൽ ഒരു മെസ്സേജ് അയക്കാം എന്ന് തീരുമാനിച്ചു. അവൻ എങ്ങാനും മുംബൈയിൽ തന്നെ ഉണ്ടെങ്കിലോ?

Hi Noby, this is Renjith, your old friend... how are you? മെസ്സേജ് അയച്ചതിന് അധികം താമസിക്കാതെ തന്നെ മെസഞ്ചറിൽ അവന്റെ വിളിയെത്തി!

പരസ്പര വിശേഷങ്ങൾ ചുരുക്കമായി പങ്കുവെച്ചശേഷം ഞാൻ മുംബൈയിലേക്ക് പുറപ്പെടുകയാണെന്നും പറ്റിയാൽ അവിടെ കാണാമെന്നും പറഞ്ഞു

ഫ്ലൈറ്റിന്റെ സമയം എല്ലാം ചോദിച്ചറിഞ്ഞതിന് ശേഷം എയർപോർട്ടിൽ വന്ന് എന്നെ പിക്ക് ചെയ്യാമെന്ന് നോബി സമ്മതിച്ചു. ആശ്വാസമായി... ഇനി സഹായത്തിന് നോബി ഉണ്ടല്ലോ! നോബിയോട് വളരെ കാലത്തിനുശേഷം സംസാരിച്ചപ്പോൾ ആ തിരക്കിൽ അവൻറെ ഫോൺ നമ്പർ ചോദിയ്ക്കാൻ മറന്നുപോയി. അവൻ വിശദമായി കാര്യങ്ങൾ ഒന്നും പറഞ്ഞതുമില്ല... എല്ലാം നേരിൽ കാണുമ്പോൾ നമുക്ക് പറയാം എന്ന് പറഞ്ഞാണ് മെസഞ്ചർ കോൾ ഡിസ്കണക്റ്റ് ചെയ്തത്.



താമസിയാതെ തന്നെ ഫ്ലൈറ്റിലേക്കുള്ള ബോർഡിങ് അറിയിപ്പ് കിട്ടി. ഒരു വിൻഡോ സീറ്റ് തന്നെയാണ് കിട്ടിയിരിക്കുന്നത്. ഏകദേശം രണ്ടര മണിക്കൂറിന്റെ യാത്ര ഉണ്ട്. ഒരു ചെറിയ ഉറക്കത്തി നുള്ള സാദ്ധ്യത മനസ്സിൽ തെളിഞ്ഞു!

അല്പം ഫ്ലാഷ് ബാക്ക്...

2003ൽ ഹോട്ടൽ മാനേജ്മെൻറ് കോഴ്സ് കഴിഞ്ഞ് ഞാനും എൻറെ മൂന്ന് കൂട്ടുകാരും, വലിയ സ്വപ്ന ങ്ങളുമായി മുംബൈയിലെത്തി. എല്ലാവർക്കും "ഗൾഫ്" എന്ന ലക്ഷ്യം ഒന്നു മാത്രമായിരുന്നു. കേരളത്തിൽനിന്ന് പതിനെട്ടടവും പയറ്റിയതാണ്, നടന്നില്ല- എന്നാലിനി മുംബൈ വഴി ഒരു കൈ നോക്കാം...

ഏകദേശം ഒന്നര ദിവസത്തെ യാത്രയ്ക്ക് ശേഷം നേത്രാവതി എക്സ്പ്രസിൽ മുംബൈയിലെ ലോകമാന്യതിലക് സ്റ്റേഷനിൽ എത്തി. ട്രെയിനിൽ നിന്ന് ഇറങ്ങിയതോടെ ഞങ്ങളുടെ "കിളി" പോയി. മുംബൈയെക്കുറിച്ച് കേട്ടറിവും മോഹൻലാലിൻ റെ ആര്യൻ, അഭിമന്യു, ഇന്ദ്രജാലം തുടങ്ങിയ സിനിമകൾ കണ്ട പരിചയവും മാത്രമാണ് ആകെ മുതൽക്കൂട്ട്. ആളുകൾ വേഗത്തിൽ ഓടുന്ന പോലെ ഡബിൾ ഡക്കർ ബസ്സുകൾ... ഒച്ചയില്ലാതെ ഓടുന്ന വലിയ നീളത്തിലുള്ള ട്രെയിനുകൾ... റെയിൽവേ സ്റ്റേഷനുകളും ബസ് സ്റ്റാൻഡുകളും റോഡുകളും തിരക്കോടു തിരക്ക്... എവിടെയും തൃശ്ശൂർ പൂരം പോലെ ആളുകൾ!

അന്ധേരിയിലെ ഒരു ചെറിയ ഫ്ലാറ്റിൽ ഞങ്ങൾ നാലുപേരും താമസമാക്കി. ഒരു മാസത്തിനുള്ളിൽ നാലുപേർക്കും ചെറിയ ജോലി ശരിയായി.
എനിക്ക് റൂം സർവീസിൽ, ജോർജിന് കിച്ചനിൽ, മോനിച്ചനും തോമസിനും ഹൗസ് കീപ്പിങ്ങിൽ...
ആദ്യത്തെ കുറച്ചുകാലത്തെ അങ്കലാപ്പിന് ശേഷം ഞങ്ങളും കളം പിടിച്ചു...
തരം കിട്ടുമ്പോഴെല്ലാം ഗൾഫിലേക്ക് റിക്രൂട്ട് ചെയ്യുന്ന ട്രാവൽ ഏജൻസികളുടെ ഓഫീസുകൾ ഞങ്ങൾ കയറിയിറങ്ങി. അധികം വൈകാതെ തന്നെ തോമസിന് ദുബായിൽ ഒരു ജോലി തരമായി; അതോടെ ഞങ്ങൾ മൂന്നു പേരായി ചുരുങ്ങി.
നോബിയുടെ എൻട്രി...
അങ്ങനെയിരിക്കെ നാട്ടിൽനിന്നും കൂട്ടുകാരൻ ഷാനു
എന്നെ വിളിച്ച് ഒരു സഹായം അഭ്യർത്ഥിച്ചു...
അവൻറെ കൂട്ടുകാരൻ നോബി മുംബൈയിലേക്ക് വരുന്നുണ്ടെന്നും അവന് താമസ സൗകര്യങ്ങളും ജോലിയും ഏർപ്പാടാക്കി കൊടുക്കണമെന്നും അഭ്യർത്ഥിച്ചു കൊണ്ടാണ് ഫോൺ വിളി.
പറ്റുന്ന സഹായങ്ങൾ ചെയ്തു കൊടുക്കാമെന്നും

നോബിക്ക് ഞങ്ങളുടെ കൂടെ താമസിക്കാം എന്നും ഞാൻ ഉറപ്പു കൊടുത്തു. തോമസ് പോയ ഗ്യാപ്പിൽ നോബിയെ ചേർത്താൽ വാടക കാശിന് കുറച്ചു ഇളവു കിട്ടുകയും ചെയ്യുമല്ലോ...

ഒരു ദിവസം ജോലിക്ക് ചെല്ലുമ്പോൾ ബംഗാളി യായ സുഹൃത്ത് എന്നോട് പറഞ്ഞു "ആപ് കാ ദോസ്ത് നോബി ആ രഹാ ഹേ". നോബി നാട്ടിലെ റെയിൽവേ സ്റ്റേഷനിൽ നിന്നാണ് വിളിച്ചിരിക്കു ന്നത്... മറ്റന്നാൾ രാവിലെ "മത്സ്യഗന്ധ" എക്സ്പ്ര സ്സിൽ മുംബൈയിൽ എത്തും...

ഉടനെ ഞാൻ സുഹൃത്ത് ഷാനുവിനെ വിളിച്ചു കാ ര്യങ്ങൾ അന്വേഷിച്ചു... നോബിയെയോ അവന്റെ ഫോട്ടോയോ മുമ്പ് കണ്ടിട്ടില്ലാത്ത ഞാൻ എങ്ങനെ ബോംബയിലെ തിരക്കിൽ അവനെ തിരയും എന്നുള്ള എൻറെ ഉത്കണ്ഠ അവനെ അറിയിച്ചു. ഒന്നും പേടിക്കേണ്ടെന്നും അവനെ തിരിച്ചറി യാൻ ഒരു ബുദ്ധിമുട്ടും ഉണ്ടാകില്ലെന്നും പറഞ്ഞ് ഷാനു തടി തപ്പി...
"മത്സ്യഗന്ധ"എക്സ്പ്രസ് രാവിലെ ആറരയ്ക്കാണ് ലോകമാന്യതിലക് സ്റ്റേഷനിൽ എത്തുന്ന ത്. ട്രെയിൻ രാവിലെ എത്തുന്നതിനു മുമ്പ് തന്നെ  ഞാൻ സ്റ്റേഷനിൽ എത്തി...അവന് പരി ചയമില്ലാത്ത നഗരമല്ലേ?... പോരാത്തതിന് ഞാൻ എവിടെയാണ് താമസിക്കുന്നത് എന്ന് അവനു അറിയില്ലല്ലോ?... ഹിന്ദിയുടെ കാര്യം പിന്നെ പറയുകയും വേണ്ട!

നോബി ട്രെയിനിൽ നിന്ന് ഇറങ്ങി വരുന്നതും കാത്ത് ആകാംക്ഷയോടെ ഞാൻ ഇരിപ്പായി

ട്രെയിൻ എത്തി... ആളുകൾ ഓരോന്നായി അവ രവരുടെ പെട്ടികളും എടുത്ത് ഇറങ്ങിത്തുടങ്ങി. നോബിയെ തിരഞ്ഞ് ഞാൻ പ്ലാറ്റ്ഫോമിലൂടെ തലങ്ങും വിലങ്ങും അലഞ്ഞു. "അക്കരെ അക്ക രെ"എന്ന സിനിമയിൽ മോഹൻലാലും ശ്രീനിവാസ നും അമേരിക്കയിലെ എയർപോർട്ടിൽ "സാധനം കയ്യിലുണ്ടോ, സാധനം കയ്യിലുണ്ടോ" എന്ന കോഡുമായി അലഞ്ഞ പോലെ... മലയാളി മുഖമുള്ള ഒരുവിധം എല്ലാ ചെറുപ്പക്കാരോടും "നോബിയാണോ" "നോബിയാണോ" എന്ന് ചോദിച്ച് ഞാൻ ആ പ്ലാറ്റ്ഫോമിലൂടെ അലഞ്ഞു... പക്ഷേ നോബിയെ മാത്രം കണ്ടില്ല!

നിരാശനായി, അതിലേറെ ഉത്കണ്ഠയുമായി ഞാൻ തിരിച്ച് റൂമിലേക്ക് പോന്നു. നടന്ന കാര്യങ്ങളെല്ലാം ഞാൻ മോനിച്ചനോട് പറഞ്ഞു. സാരമില്ലെന്നും, മലയാളിയല്ലേ എങ്ങനെയെങ്കിലും എത്തിക്കോളും എന്ന് മോനിച്ചൻ പറഞ്ഞു. ആ ധൈര്യത്തിൽ, മോനിച്ചന്റെ സ്പെഷ്യൽ ചുക്കു കാപ്പിയും കുടിച്ച് അൽപ്പം ഉറങ്ങിപ്പോയി...അതിരാ വിലെ എഴുന്നേറ്റ് സ്റ്റേഷനിൽ പോയതല്ലേ?

ഉച്ചക്ക് ഒരു മണിക്ക് ജോലിക്ക് ചെന്നപ്പോൾ അവിടെ റിസപ്ഷനിൽ ചെറുപുഞ്ചിരിയും തൂകി വിനിയാന്വി തനായി മലപ്പുറത്തുകാ രൻ നോബി നിൽക്കുന്നു! റെയിൽവേ സ്റ്റേഷനിൽ നിന്ന് നേരെ ഓട്ടോ പിടിച്ച് ഞാൻ ജോലിയെടുക്കു ന്ന ഹോട്ടലിലേക്ക് എത്തി വെയിറ്റ് ചെയ്യുകയാണ്!

നല്ല സംസ്കൃത ശ്ലോകങ്ങൾ (**********)അവനോടു പറയണം എന്ന് മനസ്സിൽ തോന്നിയെങ്കിലും അവൻറെ പുഞ്ചിരിക്ക് മുമ്പിൽ ഞാൻ വീണു പോയി...

അങ്ങനെ നോബിയും ഞങ്ങളുടെ ഒപ്പം താമസ മായി... സ്നേഹവാനെങ്കിലും നോബി പൊതുവേ അന്തർമുഖനാണ്.

ഞങ്ങൾ ജോലിക്ക് പോകുമ്പോൾ നോബി റൂമിൽ തനിച്ചാകും... ജോലി കഴിഞ്ഞ് തിരിച്ചെത്തുമ്പോൾ നോബിയെ പലപ്പോഴുംകാണാറില്ല... പിന്നെ എപ്പോ ഴെങ്കിലും റൂമിലേക്ക് എത്തും. ജോലിയെക്കുറിച്ച് നോബിയോട് ചോദിക്കുമ്പോൾ "റിക്രൂട്ട്മെൻറ് ഏജൻസികളിൽ എല്ലാം പോയി നോക്കി", "ഒരു ഇൻറർവ്യൂ അറ്റൻഡ് ചെയ്തിട്ടുണ്ട്",

"ഉടനെ ശരിയാവും", "ശ്രമിക്കുന്നുണ്ട്" എന്നെല്ലാ മാണ് അവന്റെ ഉത്തരം. അവന് ജോലി കിട്ടാത്തത് ഞങ്ങളുടെയും സങ്കടമായി മാറി!
അവസാനം ഒരുതരത്തിൽ മാനേജറുടെ കാലുപി ടിച്ച് ഞങ്ങൾ ജോലി ചെയ്യുന്ന സ്ഥാപനത്തിൽത്ത ന്നെ നോബിക്കും ഒരു ജോലി ശരിയാക്കി!

ഈ സന്തോഷവാർത്ത ഞാൻ നോബിയോട് പറഞ്ഞു.

പക്ഷേ നോബിയുടെ മുഖത്ത് ഒരു നിർവികാരത മാത്രം! വൈകാതെ നോബി പുറത്തേക്ക് പോയി. പിന്നീട് രാത്രി എപ്പോഴോ തിരിച്ചെത്തി...പതിയെ ഞങ്ങൾക്ക് മനസ്സിലായി, നോബി മുംബൈയ്ക്ക് വന്നത് ജോലിക്ക് വേണ്ടിയല്ലായിരുന്നുവെന്ന്!

മുൻ സീൻ... പ്രണയം...
മൂന്നാർ ചിന്നക്കനാലിലെ ഒരു പഞ്ചനക്ഷത്ര



റിസോർട്ടിൽ ആയിരുന്നു  നോബിയുടെ ജോലി. സീസണിൽ ധാരാളം നോർത്ത് ഇന്ത്യൻ ടൂർ ഗ്രൂപ്പുകൾ ആ റിസോർട്ടിൽ എത്താറുണ്ട്. അതിൽ മുംബൈയിൽ നിന്ന് സ്ഥിരമായി ടൂർ പാക്കേജുകൾ സംഘടിപ്പിക്കുന്ന "കേസരി" ടൂർ കമ്പനിയിലെ ട്രാവൽ ഗൈഡ് ആയ ശാലിനിയുമായി അവൻ പ്രണയത്തിലായി...  ഓരോ ഗ്രൂപ്പുമായി ശാലിനി വരുംതോറും അവരുടെ പ്രണയം പൂത്തുലഞ്ഞു... പക്ഷേ സീസൺ മാറിയതോടുകൂടി ശാലിനിയുടെ മൂന്നാറിലേക്കുള്ള വരവും കുറഞ്ഞു തുടങ്ങി. ഫോൺ വഴിയായി, പിന്നീട് അവരുടെ പ്രണയം. പതുക്കെ പതുക്കെ അതും കുറഞ്ഞു. ശാലിനിക്ക് എന്തു പറ്റി എന്നറിയാതെ നോബി ആകെ വിഷമത്തിലായി...

ശാലിനിയെ തിരഞ്ഞാണ് നോബി മുംബൈയിലേക്ക് എത്തിയത്. മുംബൈയിലെത്തിയതിനുശേഷം ജോലി തിരക്കാനെന്ന വ്യാജേന നോബി പോയിക്കൊണ്ടിരുന്നത് ശാലിനിയെ തപ്പിയാണ്... ശാലിനിയെ തിരഞ്ഞ് അവൾ ജോലി ചെയ്തിരുന്ന സ്ഥാപനത്തിൽ എത്തിയ നോബി, ശാലിനിയുടെ വിവാഹം ആ സ്ഥാപനത്തിലെ തന്നെ മുതലാളിയുടെ മകനുമായി കഴിഞ്ഞെന്നറിഞ്ഞ് ഞെട്ടി! പലവട്ടം ശാലിനിയുമായി കാണുവാൻ ശ്രമിച്ചെങ്കിലും നിരാശയായിരുന്നു ഫലം.

നോബിയുടെ ഈ കാര്യങ്ങളെല്ലാം മനസ്സിലാക്കി അവനോട് നാട്ടിലേക്ക് തിരിച്ചു പോകുന്നതാണ് നല്ലതെന്നും ഇതെല്ലാം ജീവിതത്തിൽ ഉണ്ടാകുമ്പോൾ നിരാശപ്പെടാതെ സധൈര്യം മുന്നോട്ട് യാത്ര ചെയ്യണമെന്നും ഉപദേശിച്ചു. ചെയ്തുതന്ന എല്ലാ ഉപകാരങ്ങൾക്കും നന്ദിയും പറഞ്ഞു പെട്ടിയുമെടുത്ത് ഒരുനാൾ അവൻ യാത്രയായി.

നാട്ടിൽ തിരിച്ചെത്തിയാൽ ഫോൺ വിളിക്കണമെന്നും ഈ സൗഹൃദം സൂക്ഷിക്കണമെന്നും പറഞ്ഞ് അവനെ ഞാൻ ആശ്വസിപ്പിച്ച് യാത്രയാക്കി. ബസ്സിൽ കയറി റെയിൽവേ സ്റ്റേഷനിലേക്ക് പോകുന്നത് വിഷമത്തോടെ ഞാൻ നോക്കി നിന്നു.

മാസങ്ങൾ കഴിഞ്ഞ് ദുബായിലേക്കുള്ള ഒരു ഇന്റർവ്യൂ അറ്റൻഡ് ചെയ്യാനായി ബാന്ദ്രയിൽ എത്തിയതാണ് ഞാൻ... റെയിൽവേ സ്റ്റേഷനിൽ നിന്ന് ഒരു ഓട്ടോ പിടിച്ചു പോകുന്ന വഴി ട്രാഫിക് ബ്ലോക്കിൽ പെട്ടു. ഫുട് പാത്തിലെ കച്ചവടങ്ങൾ എല്ലാം ശ്രദ്ധിച്ചു കണ്ടിരുന്നപ്പോൾ വളരെ പരിചിതമായ ഒരു മുഖം... അതെ, അത് നോബി തന്നെ! ഓട്ടോ ഡ്രൈവർക്ക് കാശുകൊടുത്ത് ഞാൻ ഓട്ടോയിൽ നിന്ന് ചാടി ഇറങ്ങി... വഴിയോരത്ത് ഒരു തുണി വിരിച്ച് അതിൽ ചെരിപ്പ് കച്ചവടം ചെയ്യുകയാണ് നോബി!

എന്നെ കണ്ടതും അവൻ നിർവികാരനായി ഒന്ന് ചിരിച്ചു. അവൻറെ കോലം ആകപ്പാടെ മാറിയിരിക്കുന്നു...!

"നാട്ടിൽ പോകാൻ തോന്നിയില്ല"- അവൻ പറഞ്ഞു. അവൻ കച്ചവടം ചെയ്യുന്നതിന്റെ എതിർ വശത്താണ് ശാലിനിയുടെ സ്ഥാപനം. അവളെ ഇടക്കെങ്കിലും ഒന്നു കാണാമല്ലോ... അതിനാണ് നോബി അവിടെ കച്ചവടത്തിനെന്ന വ്യാജേന ഇരിക്കുന്നത്. നിത്യ ചെലവിനുള്ളത് ചെരുപ്പ് കച്ചവടത്തിൽ നിന്ന് കിട്ടും...

നാട്ടിലേക്ക് തിരിച്ച് പോകുവാനും കഴിഞ്ഞതെല്ലാം മറന്ന് മറ്റൊരു ജീവിതം കെട്ടിപ്പടുക്കുവാനും ഞാൻ അവനെ ഉപദേശിച്ചു. വീട്ടിലേക്ക് ക്ഷണിച്ചെങ്കിലും സ്നേഹപൂർവ്വം നിരസിച്ച് നോബി തൻറെ കച്ചവടത്തിൽ മുഴുകി... അധികം താമസിയാതെ മുംബൈയിൽ നിന്ന് ഞാനും വിദേശത്തേക്ക് യാത്രയായി.
ഫ്ലൈറ്റ് മുംബൈയിൽ ലാൻഡ് ചെയ്യാനുള്ള അനൗൺസ്മെൻറ് വന്നു. എയർപോർട്ടിൽ ഇറങ്ങിയ ഉടനെ തന്നെ നോബിയെ "മെസഞ്ചറി"ൽ ബന്ധപ്പെടാൻ ശ്രമിച്ചു...സാധിച്ചില്ല! എയർപോർട്ടിന് പുറത്ത് തലങ്ങും വിലങ്ങും നടന്നന്വേഷിച്ചു...എന്തു പറ്റിയെന്നറിയില്ല... അവനെ മാത്രം കണ്ടില്ല! അല്ലെങ്കിലും പണ്ടും അവൻ അങ്ങനെതന്നെ ആയിരുന്നല്ലോ!
ഇനി നോബി എവിടെയെങ്കിലും ഉണ്ടാകുമെങ്കിൽ, അത് അവൻ ശാലിനിയെ കണ്ടു മതിതീർന്ന തെരുവിലായിരിക്കാം...
അല്ലെങ്കിൽ ആ ചെരുപ്പുകച്ചവടം തീർത്ത വിരസതയുടെ നടുവിൽ...

നമ്മൾ കാണാതെ പോയ ചില മുഖങ്ങൾ നമുക്ക് മറക്കാനാകില്ല. ഒരു പഴയ സന്ദേശത്തിൽ ഒതുങ്ങിയ സ്നേഹം പോലെ അവർ നമ്മിൽ ഒരിടം പറ്റുന്നു!
നോബിയെപ്പോലെ...ഒരു കടംകഥ പോലെ!

---

രെൺജിത് ജോസ് ഒരു രെജിസ്റ്റേർഡ് സോഷ്യൽ വർക്കർ ആണ്. ഒരു NGO യിൽ സർവീസ് മാനേജർ ആയി ജോലി ചെയ്യുന്നു . വെസ്റ്റ് ഓക്‌ലൻഡിലെ ഗ്ലെൻ ഈഡനിൽ കുടുംബമായി താമസം.





ശങ്കുണ്ണി മോഹൻ
കരുപ്പായിൽ

# ധർമ്മ പ്രബോധനമാണ് രാമായണം

ധർമ്മ പ്രബോധനമാണ് രാമായണം. ധർമ്മാചരണത്തിനുള്ള നിരവധി സന്ദർഭങ്ങൾ രാമായണത്തിൽ കാണാം. പലപ്പോഴും ധർമ്മാചരണം അത്ര എളുപ്പമല്ല. ധർമ്മം എന്തെന്ന് പലപ്പോഴും മനസ്സിലാക്കുവാൻ ബുദ്ധിമുട്ടുണ്ട്.

രാമായണം ഒരു ദുഃഖ കഥയാണോ? 90ൽ അധികം ശ്ലോകങ്ങൾ സന്തോഷത്തെ പ്രതിപാദിക്കുമ്പോൾ 24000 ശ്ലോകങ്ങൾ ദുഃഖത്തെ പ്രതിപാദിക്കുന്നു. എങ്കിലും, രാമായണം ഒരു ദുഃഖഗാഥയായി ആരും കാണുന്നില്ല. ഒരു ദിവസം ദശരഥമഹാരാജാവ് രാമനെ യുവരാജാവായി ഉപരോധിക്കുന്നതിന് തീരുമാനം എടുക്കുന്നു. അതിൽ ഏറ്റവും അധികം സന്തോഷിക്കുന്നത് ദശരഥമഹാരാജാവിന്റെ പ്രിയപത്നി കൈകേയി തന്നെയാണ്. സ്വന്തം മകൻ അല്ലെങ്കിലും, മകനെപ്പോലെ കരുതുന്നുണ്ട് കൈകേയി, രാമനെ. അയോധ്യ മുഴുവൻ പട്ടാഭിഷേകത്തിന് തയ്യാറെടുക്കുകയാണ്. ആ സമയത്താണ് കൈകേയിയുടെ തോഴിയായ മന്ഥരയുടെ വരവ്... കൈകേയിയെ സന്തോഷിപ്പിക്കുന്നത് ഒഴിച്ച് മന്ഥരയ്ക്ക് കാര്യമായി ജോലി ഒന്നുമില്ല.

പക്ഷേ ഇത്തവണ മന്ഥരയുടെ ലക്ഷ്യം വേറൊന്നായിരുന്നു... രാമനെ യുവരാജാവായി വാഴിച്ചാൽ കൈകേയി ഭാവിയിൽ അനുഭവിച്ചേക്കാവുന്ന പ്രശ്നങ്ങൾ മന്ഥര വിവരിക്കുന്നു; അത് നിർത്താൻ ദശരഥനോട് അഭ്യർത്ഥിക്കുവാൻ ഉപദേശിക്കുന്നു...കൈകേയി മന്ഥരയുടെ ഉപദേശത്തിൽ വീണുപോകുന്നു...

ദശരഥനോട് കൈകേയി നേടിയെടുത്തിട്ടുള്ള രണ്ടുവരങ്ങൾ (1) തന്റെ മകനെ യുവരാജാവായി വാഴിക്കണം (2) രാമൻ 14 വർഷം കാട്ടിൽ പോകണം- ആവശ്യപ്പെടുന്നു. പിന്നെ അവർ ക്രോധാലയത്തിൽ പോയി കിടക്കുകയാണ്! വിവരങ്ങൾ അറിഞ്ഞ് ദശരഥമഹാരാജാവ് ബോധംകെട്ട് വീണു പോകുന്നു...

പിറ്റേദിവസം ലക്ഷ്മണനും ഭരതനും കാര്യങ്ങൾ മനസ്സിലാക്കുന്നു. അവർക്ക് കൈകേയിയോട് വെറുപ്പും വിദ്വേഷവും തോന്നുന്നു. രാമനാകട്ടെ, പുത്രധർമ്മം അനുഷ്ഠിക്കുവാൻ മരവുരിയുടുത്ത് കാട്ടിൽ പോകുവാൻ സന്തോഷത്തോടെ തയ്യാറാവുകയാണ്!

ലക്ഷ്മണൻ, ക്രോധപ്പെട്ട് അച്ഛനെ ജയിൽ അടച്ചോ, വധിച്ചോ രാമനെ യുവരാജാവായി വാഴിക്കുവാൻ തയ്യാറെടുക്കുന്നു. ഈ അവസരത്തിൽ രാമൻ നൽകുന്ന ലക്ഷ്മണോപദേശം സഹോദര സ്നേഹത്തിൻറെ ഉദാത്തമായ ഉദാഹരണമാണ്! ഉപനിഷത്ത് തത്വങ്ങളെ ലളിതമായി പ്രതിപാദിച്ച് മനസ്സിലാക്കുന്നുണ്ട്, രാമൻ. രാജധർമ്മവും പിതൃഭക്തിയും മാതൃഭക്തിയും സഹോദര സ്നേഹവും എല്ലാം പ്രകടിപ്പിക്കുന്ന രാമൻ, സ്വന്തം അമ്മയായ കൗസല്യയേയും സാന്ത്വനപ്പെടുത്തുന്നുണ്ട്. താൻ ആരാണെന്ന് കൈകേയിയെ പറഞ്ഞു മനസ്സിലാക്കുന്നു, രാമൻ.

"ഞാൻ ഒരിക്കലും അർത്ഥപരൻ അല്ല... സ്ഥാനമാനങ്ങൾക്ക് വേണ്ടി ജീവിക്കുന്നവനും അല്ല... ഋഷിമാർക്ക് തുല്യനാണ്... ധർമ്മത്തിനു വേണ്ടിയുള്ള ധർമ്മാചരണം ചെയ്യുന്നവനുമാണ്", അല്ലയോ ദേവീ, അറിഞ്ഞാലും!

രാമനെ കാട്ടിലേക്ക് അനുഗമിക്കുവാൻ സീത തയ്യാറാകുമ്പോൾ സന്തോഷത്തോടെ സമ്മതിക്കുന്നു, രാമൻ. പിന്നെ സംഭവബഹുലമായ കാനന യാത്ര തുടരുകയായി. എപ്പോഴൊക്കെ അർത്ഥ കാമങ്ങൾ ധർമ്മ വിരുദ്ധമാകുന്നുവോ, അപ്പോഴെല്ലാം അത് ദുഃഖത്തെ തരുന്നു എന്ന് പല സന്ദർഭങ്ങളിലും വ്യക്തമാക്കുന്നുണ്ട്, രാമായണത്തിൽ, എത്രയോ പേരിലൂടെ-ദശരഥൻ, കൈകേയി, ബാലി, മന്ഥര, കൗസല്യ, രാവണൻ! ധർമ്മാചരണം അത്ര എളുപ്പമല്ല എന്ന് സ്വന്തം ജീവിതത്തിലൂടെ കാണിച്ചുതരുന്നു, രാമൻ. ചില സന്ദർഭങ്ങളിൽ പൊട്ടിക്കരഞ്ഞു പോകുന്നുണ്ട് രാമൻ. പക്ഷേ മഹാവിഷ്ണുവിൻറെ അവതാരമായ രാമന് ധർമ്മാചരണം അല്ലാതെ മറ്റു പോംവഴികൾ ഒന്നും ഇല്ല. ഭോഗങ്ങളിലല്ലാ, ത്യാഗങ്ങളിലാണ് ജീവിതം എന്ന് വ്യക്തമായി കാണിച്ചുതരുന്നു, രാമൻറെ യാത്ര അല്ലെങ്കിൽ രാമായണം!

Dr Sankunny Mohan Karuppayil: Former Director and Professor at the School of Biological Sciences. Author of the book: "Vasu Meets a Tadpole"- published by the National Book Trust of India which was translated into many Indian and Foreign languages (German, French& Mandarin). Email: prof.karuppayil@gmail.com



# ആദ്യാക്ഷര
# മലയാളം മിഷൻ





**റെനീഷ ഫൈസൽ**

2021 മുതൽ 2024 വരെ ഞാൻ ഓക്‌ലൻഡ് മലയാളി സമാജം അദ്യാക്ഷര മലയാളം മിഷനിൽ കോർഡിനേറ്ററായി സേവനമനുഷ്ഠിച്ചു. തുടക്കത്തിൽ കോർഡിനേറ്റർ മാത്രമായിരുന്നെങ്കിലും അദ്ധ്യാപകരുടെ കുറവ് മൂലം അദ്ധ്യാപികയുടെ ഉത്തരവാദിത്വവും ഏറ്റെടുത്തു. ഈ രണ്ട് ഭൂമികകളും ഒരേ സമയം നിറവേറ്റാൻ കഴിഞ്ഞത് വളരെയേറെ അഭിമാനത്തിനും ആത്മസന്തോഷത്തിനും കാരണമായി.

ക്ലാസുകൾ ആദ്യം ഇംഗ്ലീഷിൽ ആരംഭിച്ച് പതിയെ കഥകളിലൂടെയും, ലളിതമായ സംവാദങ്ങളിലൂടെയും കുട്ടികളെ മലയാളത്തിലേക്ക് പരിചയപ്പെടുത്തി. പിന്നീട് മലയാള കവിതകളും, സംവാദങ്ങളും നിറഞ്ഞു മുന്നേറി. ഈ സംവേദ്യമായ പഠനയാത്രയിൽ കുട്ടികളോടൊപ്പം മലയാള ഭാഷയും, കേരള സംസ്കാരവും, എന്റെ ബാല്യകാല ഓർമ്മകളും പങ്കിടാൻ കഴിഞ്ഞത് ജീവിതത്തിൽ ഒരിക്കലും മറക്കാനാകാത്ത അനുഭവമാണ്.

ക്ലാസുകൾ ഓൺലൈൻ ആയതിനാൽ, ആരുടെയെങ്കിലും ചെറിയ ശബ്ദം പോലും ശ്രദ്ധയിൽപ്പെടും. പക്ഷേ അതിലുപരി പുറത്തു വെച്ച് കുട്ടികൾ "ടീച്ചറെ!" എന്ന് വിളിച്ച് നേരിട്ട് കാണുമ്പോഴുള്ള അത്ഭുതവും സന്തോഷവും പറഞ്ഞറിയിക്കാനാകില്ല...അവരുടെ മാതാപിതാക്കളിൽ നിന്ന്, “കുട്ടികൾ നാട്ടിൽ പോയി മലയാളം ബോർഡുകൾ വായിച്ചു”, “ബന്ധുക്കളുമായി മലയാളത്തിൽ സംസാരിച്ചു” എന്നെല്ലാം കേൾക്കുമ്പോൾ, ഈ പരിശ്രമത്തിന് അർഹമായ ഫലമുണ്ടായതായി എന്ന് മനസ്സിലായി!

പ്രായഭേദമന്യേ, മലയാളം ഭാഷയോടുള്ള ആ മനോഹരമായ കൂട്ടായ്മ എന്നെ ഏറെ ആകർഷിച്ച വസ്തുതയാണ്. മലയാളം പഠിക്കാൻ അതീവ താൽപര്യം പുലർത്തുന്ന 30 വയസ്സിനു മേൽ പ്രായമുള്ള വിദ്യാർത്ഥിയൊരാൾ നമ്മുടെ ക്ലാസിന്റെ ഭാഗമാണ്! അദ്യാക്ഷരയുടെ ദൗത്യത്തിന്റെ വ്യാപ്തിയും പ്രസക്തിയും വ്യക്തമാക്കാൻ ഇനിയെന്ത് വേണം?  ഈ യാത്രയുടെ ഓരോ നിമിഷവും എന്നെ, പാഠപുസ്തകങ്ങള ങ്ങൾക്കതീതമായ പല പാഠങ്ങളും പഠിപ്പിച്ചു. Co-ordinationനും Teaching-നും ഇടയിൽ ഞാൻ കണ്ടത് മലയാളം ഭാഷയെക്കാക്കാളുപരിയായ ഒരു ആന്തരിക ബന്ധമായിരുന്നു, മനസ്സുകളേയും ജീവിതങ്ങളേയും ചേർത്തുവയ്ക്കുന്ന ആത്മബന്ധം!

നാളെയുടെ ഓരോ ക്ലാസിലും, ഓരോ മലയാളച്ചൊല്ലിലും, ഞാൻ നൽകിയ ചെറിയൊരു സ്പർശം ജീവിച്ചു നിൽക്കും എന്ന് ഞാൻ വിശ്വസിക്കുന്നു.

അദ്യാക്ഷര വളരട്ടെ... മലയാളം വളരട്ടെ!
ഒരു വിളിപ്പാടകലെ എന്നും ഞാൻ ഉണ്ടാവും!!

*Reneesha runs Trent Tots, a home-based childcare centre. Also serves as a charter member of the Auckland Airport Rotary Club, and actively participates in social service initiatives.*





**Antonio**



സമ്പൽസമൃദ്ധിയുടെയും
ആയുരാരോഗ്യത്തിന്റെയും
നിറവോടെ എവർക്കും
ഓണാശംസകൾ

എന്ന്
അന്റോണിയോ






**Rayna Jin**



ഓണം

Rayna Jin



**Johan**






ഓണം

ഓണം കേരളത്തിലെ ഒരു പ്രധാന ഉത്സവമാണ്. ഇത് പൊന്നിൻ ചിങ്ങമാസത്തിലെ തിരുവോണ നാളിലാണ് ആഘോഷിക്കുന്നത്. ഓണം മഹാബലിയുടെ തിരിച്ചുവരവിന്റെ ഓർമ്മ പുതുക്കുന്നു.

മഹാബലി ഒരു നല്ല രാജാവായിരുന്നു. ഓണം ആഘോഷിക്കുന്നത് 10 ദിവസമാണ്. ... വള്ളംകളി, പുലികളി, തുമ്പിതുള്ളൽ തുടങ്ങിയ പല വിനോദങ്ങളിലും പങ്കെടുക്കുകയും ചെയ്യുന്നു.

എന്ന്
ജോഹാൻ

# ആദ്യാക്ഷര

## മലയാളം ക്ലാസുകൾ

*മലയാളമേ നിന്റെ വാക്കുകൾക്കുള്ളത്ര മധുരം തുടിക്കുന്നതേതു ഭാഷ*
*ഡോ .ജെ.കെ.എസ് .വീട്ടൂർ*

ഇപ്പോൾ ഓൺലൈനിൽ മലയാളം ക്ലാസുകൾ സജീവമായി നടന്നു വരുന്നു- പ്രത്യേകിച്ച് വാരാന്ത്യങ്ങളിൽ. , രമേശ് കെ രാഘവൻ, അലീന ആരോൺ, ജെയ്മി റോജി എന്നീ അധ്യാപകരുടെ നേതൃത്വത്തിലാണ് ക്ലാസുകൾ നടത്തുന്നത്. ഇവരുടെ സമർപ്പിതമായ അധ്യാപനം കുട്ടികൾക്ക് മലയാളം പഠിക്കുന്നതിനും, ഭാഷയോടുള്ള പ്രിയം വളർത്തുന്നതിനും വളരെ സഹായകരമാണ്.

ഓൺലൈൻ ക്ലാസുകൾ വാരാന്ത്യങ്ങളിൽ ഒരേസമയം നടത്തുന്നതുകൊണ്ടു പല സൗകര്യങ്ങളുണ്ട്. കുട്ടികൾക്ക് സൗകര്യപ്രദമായി അവരുടെ വീടുകളിൽ നിന്നും ക്ലാസുകളിൽ പങ്കെടുക്കാം. ഓൺലൈൻ പ്ലാറ്റ്ഫോം വഴി, നൂതന മാർഗങ്ങൾ ഉപയോഗിച്ചുള്ള ക്ലാസുകൾ അത്യന്തം രസകരവും പ്രായോഗികവുമാണ്. നിങ്ങളും നിങ്ങളുടെ കുട്ടികളെ മലയാളം ക്ലാസ്സിലേക്ക് രജിസ്റ്റർ ചെയ്യൂ!

AMS Adhyakshara യുടെ ഈ ദൗത്യത്തെ പിന്തുണയ്ക്കാനും, പുതിയ തലമുറയ്ക്ക് നമ്മുടെ ഭാഷയും സംസ്കാരവും പകർന്നു നൽകാനും താൽപ്പര്യമുള്ള കൂടുതൽ സ്വയംസേവകരെ (അദ്ധ്യാപകരെ) ആവശ്യമുണ്ട്. സ്വയംസേവകരായി നിങ്ങൾക്ക് എന്ത് ചെയ്യാം?

മലയാളം പഠിപ്പിക്കുന്നതിൽ താൽപര്യമുണ്ടെങ്കിൽ, കുട്ടികളെ പാഠങ്ങൾ പഠിപ്പിക്കാം കുട്ടികൾക്ക് കേരളത്തിന്റെ സംസ്കാരവും പാരമ്പര്യവും പരിചയപ്പെടുത്താം.

ക്ലാസുകൾ കൂടുതൽ ആകർഷകവും, രസകരവുമാക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാം.

ഒരു നല്ല മലയാളി സമൂഹം വാർത്തെടുക്കുവാനായി കൈകോർക്കാം! കുട്ടികൾക്ക് അവരുടെ ഭാഷയും സംസ്കാരവും പ്രിയമുള്ളതാക്കാം!! താൽപര്യമുള്ളവർ AMS Adhyakshara യുടെ നേതൃത്വവുമായി ബന്ധപ്പെടുക.


Malayalam.Mission@aucklandmalayalisamajam.org.nz
**Ramesh Raghavan,** Malayalam Teacher
**Aleena Aaron,** Malayalam Teacher
**Jaimy Roji** - Malayalam teacher






**Ramesh Raghavan,**
**Malayalam Teacher**

**Aleena Aaron**
**Malayalam Teacher**

**Jaimy Roji**
**Malayalam Teacher**

# Thanks

നമസ്കാരം!
ഓക്‌ലൻഡ് മലയാളി സമാജം പ്രവർത്തനം ആരംഭിച്ച് ഇരുപത്തിയാറ് വർഷങ്ങൾ പിന്നിടുമ്പോൾ, നൂറുകണക്കിന് കുടുംബങ്ങളെ ഉൾക്കൊള്ളുന്ന, മലയാളികളുടെ സംസ്കാരവും ഐക്യവും അഭിമാനത്തോടെ സംരക്ഷിക്കുന്ന, ശക്തമായ വേദിയായി മാറിയിരിക്കുന്നു!
ഒരു ചെറിയ കൂട്ടായ്മയായി തുടങ്ങിയ ഈ യാത്ര ഭാവി തലമുറയുടെ വളർച്ചക്കും തിരിച്ചറിവിനും വഴികാട്ടിയാകുന്നതിൽ ഓരോരുത്തരുടെയും ആത്മാർത്ഥ സഹകരണവും പരസ്പര ബഹുമാനവും വിലപ്പെട്ടതാണ്!

വിദ്യാഭ്യാസം, തൊഴിൽ, സംസ്കാരം, സാമൂഹിക സേവനം തുടങ്ങിയ വിവിധ മേഖലകളിൽ ഇന്ന് ഓക്‌ലൻഡിലെ മലയാളികളുടെ സാന്നിധ്യം സജീവമാണ്. ഏത് അംഗത്തിന്റെയും കുടുംബത്തിന്റെയും അവശ്യ ഘട്ടങ്ങളിൽ കരുതലോടെ ഒപ്പം നിൽക്കുന്ന ഒരു വിശ്വസ്ത കൂട്ടാളിയായി സമാജം നിലകൊള്ളുന്നു!

ദർപ്പണം മാസിക, നമ്മുടെ സംസ്കാരിക ഇടപെടലുകളുടെ പ്രതിഫലനവും, തലമുറകളിലേക്ക് കൈമാറുന്ന അനശ്വര സ്മാരകവുമാണ്!!

ഈ പതിപ്പിന് വേണ്ടി പരിശ്രമിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

"ഒരു കുടുംബം, ഒരു ഭാഷ, ഒരു സമാജം” എന്നത്, നമ്മെ ഒരുമിച്ച് മുന്നോട്ട് നയിക്കുന്ന ശക്തിയും പ്രചോദനവുമാണ്. എന്നാളും ഈ ഐക്യം നിലനിർത്തി, നമ്മുടെ ഭാഷയും സംസ്കാരവും അഭിമാനത്തോടെ സംരക്ഷിക്കാൻ നമുക്ക് കൈകോർക്കാം!



സ്നേഹപൂർവ്വം,
**Libi Jacob Oommen**
**Secretary,**
**Auckland Malayalai Samajam Inc.**

*Disclaimer: The publisher and Editors of Darpanam cannot be held responsible for errors or any consequences arising from the use of information contained in this publication; the views and opinions expressed do not necessarily reflect those of the Publisher and Editors. We appreciate your feedback about Darpanam; please forward it to Darpanam2025@gmail.com*


Manna
DELIGHTS
മലയാളത്തിന്റെ
തണലിൽ,
ഒറ്റ നോക്കിൽ
നാടിന്റെ രുചി!
UNDER THE SHADE OF
MALAYALI WARMTH,
TASTE OF HOME IN
EVERY SIP!
Visit us
518 Sandringham Road, Sandringham,
Auckland 1025, New Zealand
mannadelights.co.nz
+61 22 403 0247

Harcourts
Blue Fern Realty



Mathew Koshy

Licensed Salesperson REAA 2008
M: 021851659
mathew.koshy@harcourts.co.nz
westauckland.harcourts.co.nz

Winner TRUSTED BRAND 2013-2024 Reader's Digest Real Estate Agencies
Voted by New Zealanders Reader's Digest Quality Service Award 2018-2024 WINNER Real Estate Agencies

Blue Fern Realty Ltd
Licensed Agent REAA 2008
195 Universal Drive, Henderson

APEX PROPERTY
MANAGEMENT

Looking for a
Property Management to
***Manage Your Property?***

Auckland,
***NewZealand***

+64 28 8516 0178
info@apexpropertymgmt.co.nz

